# ഗിരിദീപം

സെപ്റ്റംബർ 2025



സെപ്റ്റംബർ 08

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ













മിഷനറി സൊസൈറ്റി ഫോർ ദ മാർജിനലൈസ്ഡ് (MSM) എന്ന അപ്പസ്തോലിക ജീവിത സമർപ്പിത സമൂഹത്തെ സ്ഥാപിച്ചുകൊണ്ടുള്ള തിരുക്കർമ്മങ്ങൾ 2025 ജൂലൈ 30 ന് ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിൽ നടന്നു.



സെപ്റ്റംബർ 2025

വാല്യം 08
ലക്കം 09

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 453/2025, Pastoral Letter No. 07/2025 ........ 05
2. Prot. No. 434/2025, Circular No. 12/2025 ........ 09
3. കച്ചേരിക്കാര്യം ........ 13
4. പാസ്റ്ററൽ കൗൺസിൽ - റിപ്പോർട്ട് ........ 20
5. അനുസ്മരണം - റവ. ഫാ. ജോർജ് അരീക്കുന്നേൽ ........ 24
6. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 29
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 36
8. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 38
   തിരുബാലസഖ്യം ........ 44
9. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 46
10. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 50
11. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 58
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 61
   നിർമ്മലഗിരി കോളേജ് ........ 63
12. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
   എകെസിസി ........ 65
   എയ്ഞ്ചൽ ട്രസ്റ്റ് ........ 71
   ADAM ........ 73
   കരിസ്മാറ്റിക് ........ 75
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 77
13. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 79
   ബയോമൗണ്ടൻ ........ 85
   ഇൻഫാം ........ 90
14. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 91
15. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 92
16. Engagements - Sept. (Archbishop Mar Joseph Pamplany) ........ 95
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 96
18. Engagements - Sept. (Archbishop Mar George Njaralakatt) ........ 97
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 98
20. Engagements - Sept. (Archbishop Mar George Valiamattam) ........ 98

Prot. No. 453/2025, Pastoral Letter No. 07/2025

# ഇടയലേഖനം

*ദൈവകൃപയാലും തിരുസ്സഭയുടെ നിയോഗത്താലും*
*തലശ്ശേരി അതിരൂപതയുടെ ഇടയൻ*

*മാർ ജോസഫ് പാംപ്ലാനി*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും*
*തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന*
*എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

അനുഗ്രഹീതയും ഭാഗ്യവതിയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായുള്ള എട്ടുനോമ്പിന്റെ ദിനങ്ങൾ പ്രാധാന്യത്തോടെ ആചരിക്കുന്ന പാരമ്പര്യമാണ് നമ്മുടെ സഭയിലുള്ളത്. ദൈവമാതൃഭക്തി ആത്മീയജീവിതത്തിന്റെ അടിസ്ഥാനങ്ങളിലൊന്നായി കരുതിയ നമ്മുടെ പൂർവ്വികർ പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തിയും സ്നേഹവും എട്ടുനോമ്പാചരണത്തിലൂടെ പ്രകടിപ്പിച്ചിരുന്നു. കുടിയേറ്റ ജനതയുടെ അഭിവൃദ്ധിയുടെയും വളർച്ചയുടെയും പിന്നിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യം കാരണമായിട്ടുണ്ട്. വിജാതീയ രാജാക്കന്മാരുടെ പടയോട്ടത്തിൽനിന്നും തങ്ങളുടെ ചാരിത്ര്യം സംരക്ഷിക്കുവാൻ, എട്ടുനാൾ നോമ്പിലും ഉപവാസത്തിലും കഴിച്ചുകൂടിയ ക്രൈസ്തവ യുവതികളെ രക്ഷിക്കുവാൻ പരിശുദ്ധ കന്യകാമറിയം അത്ഭുതകരമായി ഇടപെട്ടതിന്റെ കൃതജ്ഞതാനിർഭരമായ ഓർമ്മ ഈ നോമ്പാചരണത്തിന്റെ പിന്നിലുണ്ട്. ഈ കാലഘട്ടത്തിന്റെ തിന്മകളെ നേരിടുവാൻ നമുക്ക് പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടാം. പ്രണയചതികളിൽ നമ്മുടെ പെൺകുട്ടികൾ വീഴാതെയും ലഹരിക്കെണിയിൽ നമ്മുടെ യുവാക്കൾ കുടുങ്ങാതെയും പരിശുദ്ധ അമ്മയുടെ നീല അങ്കിയുടെ സംരക്ഷണത്തിനു നമുക്ക് സമർപ്പിക്കാം. ഈശോമിശിഹായാണ് നമ്മുടെ ജീവിതത്തിന്റെ സർവ്വവും എന്ന അടിസ്ഥാനപാഠം പരിശുദ്ധ കന്യകാമറിയത്തിന്റെ പക്കൽനിന്ന് നമ്മുടെ

കുഞ്ഞുങ്ങൾ പഠിക്കട്ടെ. ഈ വർഷം എല്ലാ പള്ളികളും എട്ടുനോമ്പാചരണം പ്രത്യേക പ്രാധാന്യത്തോടെ ആചരിക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

തലശ്ശേരി അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങൾ കൂടുതൽ സജീവവും കാര്യക്ഷമവും ആകുവാൻ ചില കാര്യങ്ങൾ നിങ്ങളെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി, പള്ളികളിലെ രജിസ്റ്ററുകളും രേഖകളും ഡിജിറ്റൽ രേഖകളായി മാറ്റുവാനുള്ള തീരുമാനം വിവിധ സമിതികളിൽ ചർച്ച ചെയ്ത് തീരുമാനിക്കുകയുണ്ടായി. കമ്പ്യൂട്ടർവൽക്കരണം എല്ലാ സംവിധാനങ്ങളിലും സർവ്വസാധാരണമായ ഈ കാലഘട്ടത്തിൽ നമ്മുടെ പള്ളികളിലെ രേഖകളും വിവരങ്ങളും *ഡിജിറ്റലൈസ്* ചെയ്യേണ്ടത് ഏറ്റവും അനിവാര്യമായ കാര്യമാണല്ലോ. ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വികസിപ്പിച്ചെടുത്ത *പാരിഷ് സോഫ്റ്റ്‌വെയർ* ഉപയോഗിച്ചാണ് പള്ളികളിലെ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നത്. ഇതിനോടകം എല്ലാ പള്ളികളിലും ഈ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തുകഴിഞ്ഞു. ബഹു. വികാരിയച്ചന്മാർ ഇടവകയിലുള്ള കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആളുകളുടെ സഹായത്തോടെ ഇടവകാംഗങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കി സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ ചേർത്ത് ഡിജിറ്റലൈസേഷൻ പൂർത്തിയാക്കുവാൻ പ്രത്യേകം പരിശ്രമിക്കുമല്ലോ. 2025 ഡിസംബർ 31 നു മുമ്പായി ഇടവകയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കേണ്ടതാണ്. പള്ളികൾ ചാരിറ്റബിൾ ട്രസ്റ്റുകളായതിനാൽ സംഭാവനകൾ സ്വീകരിക്കുവാൻ പുതിയ നിയമങ്ങൾ സർക്കാർ ഉണ്ടാക്കിയിട്ടുള്ളതിന്റെ ഭാഗമായി പാൻകാർഡ് നമ്പറും ആധാർ വിവരങ്ങളും ആവശ്യപ്പെടുതിനാലാണ് പള്ളിയിൽ നിന്ന് ഈ രേഖകൾ ആവശ്യപ്പെടേണ്ടിവരുന്നത്. നിങ്ങളുടെ വിവരങ്ങളുടെ സ്വകാര്യത പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പാരിഷ് സോഫ്റ്റ്‌വെയറിലേക്കുള്ള വിവരശേഖരണത്തിന് ദൈവജനത്തിന്റെ പ്രത്യേക സഹകരണം ഉണ്ടാകുമല്ലോ.

രണ്ടാമതായി, ഇടവകകളുടെ അതിർത്തിയെ സംബന്ധിച്ചുള്ളതാണ്. എല്ലാ ഇടവകകൾക്കും കൃത്യമായി അതിർത്തി നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിലും ചില ഇടവകകളിലെങ്കിലും ഈ അതിർത്തി കൃത്യമായി പാലിക്കാൻ പറ്റാത്തതിന്റെ പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. ഓരോ ഇടവകയിലെയും കൂട്ടായ്മയ്ക്കും കാര്യക്ഷമമായ അജപാലനപ്രവർത്തനങ്ങൾക്കും കൃത്യമായ ഇടവകാതിർത്തി നിലനില്ക്കുന്നത്

അത്യന്താപേക്ഷിതമാണ്. വലിയ ഇടവകയിൽനിന്നും ചെറിയ ഇടവകകൾ രൂപപ്പെടുത്തിയപ്പോൾ ചില വീടുകളെങ്കിലും അതിർത്തി പരിഗണിക്കാതെ തലപള്ളിയിൽ തുടരുന്നുണ്ട്. ചെറിയ പള്ളികളുടെ നിലനില്പ്പിന് വീടുകളുടെ എണ്ണം ആവശ്യമായതിനാൽ കൃത്യമായ അതിർത്തി പാലിച്ചുകൊണ്ടുള്ള ക്രമീകരണം ബഹു. വികാരിയച്ചന്മാർ ഫൊറോനാ തലത്തിൽ കൂടി ആലോചിച്ച് നടപ്പിലാക്കണം.

മൂന്നാമതായി, വർഷങ്ങളായി ഒരു ഇടവകാതിർത്തിയിൽ താമസിക്കുകയും എന്നാൽ ഇടവകയിൽ അംഗമാകാതെ തുടരുകയും ചെയ്യുന്ന ധാരാളം കുടുംബങ്ങൾ ഉള്ളതായി മനസ്സിലാക്കുന്നു. ആറുമാസത്തിലേറെ പുതിയ സ്ഥലത്തു താമസിക്കുന്ന സാഹചര്യത്തിൽ, അവർ താമസിക്കുന്ന ഇടവകയിൽ അംഗമായി ചേരേണ്ടതാണ്. *പാരിഷ് സോഫ്റ്റ്വെയറി*നുള്ള വിവരങ്ങൾ ശേഖരിക്കുമ്പോൾ ഇത്തരം കുടുംബങ്ങളുടെ വിവരങ്ങൾകൂടി ശേഖരിച്ച് അവരെ ഇടവകയിലെ അംഗങ്ങളായി ചേർക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഇടവകയിൽ അംഗമായി ചേരുമ്പോഴാണ് ഇടവകാകുടുംബത്തിന്റെ ഭാഗമായി തീരുന്നത്. പഴയ പള്ളികളിൽ നിന്ന് രേഖകൾ ലഭ്യമാക്കേണ്ടവർ ബഹു. വൈദികരെ സമീപിച്ച് ആവശ്യമായ രേഖകൾ, അംഗമായി ചേരേണ്ട ഇടവകയിൽ എത്തിക്കേണ്ടതാണ്.

നാലാമതായി, നമ്മുടെ അതിരൂപത ദൈവപരിപാലനയുടെ ഏഴര പതിറ്റാണ്ടുകൾ പൂർത്തിയാക്കിക്കൊണ്ട് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്കായി ഒരുങ്ങുകയാണല്ലോ. മലബാറിന്റെ നിർമ്മിതിയിൽ നമ്മുടെ പൂർവ്വികരുടെയും തലശ്ശേരി അതിരൂപതയുടെയും സംഭാവനകൾ ആർക്കും വിസ്മരിക്കാവുന്നതല്ല. എഴുതപ്പെടാത്ത ചരിത്രം കാലത്തിന്റെ കുത്തൊഴുക്കിൽ മായ്ക്കപ്പെടാനും വിസ്മരിക്കപ്പെടാനും ഇടയുണ്ട്. കുടിയേറ്റത്തിന്റെ ഇതിഹാസം എന്ന പേരിൽ തലശ്ശേരി അതിരൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 2005 ൽ ഇടവകകളുടെ ചരിത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. ഒരോ ഇടവകയെയും സംബന്ധിച്ചുള്ള സമ്പൂർണ്ണ ചരിത്രരചന നടത്തുവാൻ വിദഗ്ധരെ ഉൾപ്പെടുത്തി എല്ലാ ഇടവകകളിലും ചരിത്രകമ്മറ്റികൾ ബഹു. വികാരിയച്ചന്മാർ രൂപീകരിക്കണം. ഇടവകാദൈവാലയവും ബഹു. വൈദികരും സമർപ്പിതരും ഇടവകാസമൂഹവും ആ പ്രദേശത്തിന്റെ നിർമ്മിതിയിൽ ചെയ്ത സംഭാവന

കൾ ഈ ചരിത്ര രചനയിൽ ഉൾപ്പെടുത്തണം. 2026 ജൂൺ മാസം 30 ന് മുമ്പായി പ്രസിദ്ധീകരിക്കാൻ കഴിയുംവിധം ഓരോ ഇടവകയുടെയും ചരിത്രരചന പൂർത്തിയാക്കണം. തുടർന്ന് എല്ലാ ഇടവകകളുടെയും ചരിത്രം ഉൾപ്പെടുത്തിക്കൊണ്ട് കുടിയേറ്റ ഇതിഹാസത്തിന്റെ നവീകരിച്ച പതിപ്പ് പ്ലാറ്റിനം ജൂബിലി ആഘോഷത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. വീഡിയോ ഗ്രാഫിയുടെ സഹായത്തോടെ ഇടവകകളുടെ ചരിത്രം ഡോക്കുമെന്ററികളായി തയ്യാറാക്കുന്നതും ഉചിതമായിരിക്കും.

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിന് ആത്മീയമായി നമുക്ക് ഒരുങ്ങാം. പരിശുദ്ധ അമ്മ നമ്മുടെ അതിരൂപതയെയും ഇടവകകളെയും സംരക്ഷിക്കട്ടെ. അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മധ്യസ്ഥത്തിന് നിങ്ങളെ ഓരോരുത്തരെയും സമർപ്പിക്കുന്നു. പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ നിങ്ങൾ ഏവരേയും ആശീർവ്വദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*2025 ഓഗസ്റ്റ് 29 ന് വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ ഇടയലേഖനം 2025 ഓഗസ്റ്റ് 31-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 434 /2025, Circular No. 12/2025

## വൈദികരുടെ വാർഷികധ്യാനം

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ ഈ വർഷത്തെ വാർഷിക ധ്യാനം രണ്ട് ബാച്ചുകളിലായി പരിയാരം മദർഹോമിൽവച്ച് 2025 സെപ്റ്റംബർ 14 മുതൽ 19 വരെയും സെപ്റ്റംബർ 21 മുതൽ 26 വരെയുമുള്ള തീയതികളിൽ നടക്കുകയാണ്. ഷംഷാബാദ് രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാനേങ്ങാടൻ പിതാവാണ് ധ്യാനം നയിക്കുന്നത്. വർഷത്തിലൊരിക്കൽ വൈദികർ ശുശ്രൂഷാമേഖലകളിൽനിന്ന് പിന്മാറി ഏതാനും ദിവസങ്ങൾ കർത്താവിന്റെ സന്നിധിയിൽ തങ്ങളുടെ ജീവിതം വിലയിരുത്തുവാനും പൗരോഹിത്യത്തെക്കുറിച്ച് ധ്യാനിക്കുവാനുമായി മാറ്റിവയ്ക്കുന്ന സമയമാണ് വാർഷികധ്യാന ദിനങ്ങൾ. വൈദികരെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള ഈ ദിനങ്ങളിൽ ദൈവജനം വൈദികർക്കുവേണ്ടി തീക്ഷ്ണതയോടെ പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കട്ടെ.

'കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസാക്ഷിയോടുംകൂടെ അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ച് ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ അങ്ങയുടെ ബലിപീഠത്തിനു മുമ്പിൽ നില്ക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ' എന്ന വി. കുർബാനയിലെ ഹൃദയസ്പർശിയായ പ്രാർത്ഥനയിൽ പൗരോഹിത്യ ആദ്ധ്യാത്മീകതയുടെ മർമ്മം അടങ്ങിയിട്ടുണ്ട്. പുരോഹിതന്റെ വിശുദ്ധിയാണ് ദൈവവും

ദൈവജനവും പ്രതീക്ഷിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിലെ ഈശോയുടെ പുരോഹിത പ്രാർത്ഥനയിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. 'അവർ സത്യത്താൽ വിശുദ്ധീകൃതരാകേണ്ടതിന് അവർക്കുവേണ്ടി എന്നെതന്നെ വിശുദ്ധീകരിക്കുന്നു'. വിശുദ്ധ കൂദാശകളുടെ പരികർമ്മത്തിലൂടെ ദൈവജനത്തെ വിശുദ്ധീകരിക്കുന്ന സുപ്രധാന കർമ്മമാണ് വൈദികർ സഭയിൽ നിർവ്വഹിക്കുന്നത്. വൈദികർ തങ്ങളെതന്നെ വിശുദ്ധീകരിക്കുന്ന വിലപ്പെട്ട ദിനങ്ങളാണ് വാർഷികധ്യാന ദിനങ്ങൾ.

വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ തന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി എഴുതിയ ദാനവും രഹസ്യവും എന്ന പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഈ കാലഘട്ടത്തിലെ മനുഷ്യൻ വൈദികനിൽനിന്ന് എന്താണ് പ്രതീക്ഷിക്കുക? സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും അവർക്കു പ്രതീക്ഷയുണ്ട്. ക്രിസ്തുവിനുവേണ്ടി അവർ ദാഹിക്കുകയാണ്. വൈദികരിൽനിന്ന് അവർ ആവശ്യപ്പെടുന്നത് ക്രിസ്തുവിനെയാണ്." (പേജ് 88) ക്രിസ്തുവിന്റെ പ്രതിപുരുഷനായി ദൈവജനത്തെ നയിക്കുവാൻ വിളിക്കപ്പെട്ട വ്യക്തിയുടെ നിയോഗമാണ് വൈദികന്. "എന്റെ ഹൃദയത്തിനിണങ്ങിയ ഇടയന്മാരെ ഞാൻ നിങ്ങൾക്കു നല്കും" എന്ന കർത്താവിന്റെ വാഗ്ദാനം ഓരോ വൈദികനിലും സാക്ഷാത്കരിക്കപ്പെടുന്നതു കാണുവാൻ ദൈവജനം പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. ആഴമായ ആത്മീയജീവിതം മാത്രമാണ് ക്രിസ്തുവിനെ തന്റെ ശുശ്രൂഷകളിൽ പ്രതിഫലിപ്പിക്കാൻ വൈദികന്റെ മുമ്പിലുള്ള മാർഗ്ഗം. *പാസ്റ്റോരസ് ഡാവോ വോബിസ്* (Pastores Davo Vobis) എന്ന അപ്പസ്തോലീക ആഹ്വാനത്തിലൂടെ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ വൈദികരോട് ഇപ്രകാരം ആഹ്വാനം ചെയ്യുന്നുണ്ട്. 'പുരോഹിതൻ തന്റെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ക്രിസ്തുവിന് സദൃശ്യനാകണം'. ദൈവജനത്തിന്റെ ഈ പ്രതീക്ഷക്ക് അനുസരിച്ച് ഉയരുവാൻ ബഹു. വൈദികർ ദൈവസന്നിധിയിൽ കൃപ തേടുന്ന അവസരമാണ് വാർഷികധ്യാന ദിനങ്ങൾ.

സഭയ്ക്കും സമൂഹത്തിനുംവേണ്ടി ആത്മാർപ്പണം നടത്തിയ വൈദികരുടെ ജീവിതമാണ് കുടിയേറ്റ ജനതയുടെ വളർച്ചയ്ക്ക് അടിസ്ഥാനമായി നിലകൊണ്ടത്. വി. ജോൺ മരിയ വിയാനി പുണ്യാളനെപ്പോലെ ജീവിച്ച ധാരാളം വൈദികരെ നല്കി ഈശോ നമ്മുടെ

അതിരൂപതയെ അനുഗ്രഹിച്ചു. കുടിയേറ്റ ജനതയുടെ കഷ്ടപ്പാടുകളിലും ഇല്ലായ്മകളിലും ഒപ്പം നടന്ന വൈദികരാണ് തലശ്ശേരി രൂപതയെ വളർത്തിയത്. ദൈവജനവും വൈദികരും തമ്മിൽ ആഴമായ ഹൃദയബന്ധം തലശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകളിലുമുണ്ട്. പുരോഹിതരെയും പൗരോഹിത്യത്തെയും ഇകഴ്ത്തിക്കാണിക്കാനുള്ള ശ്രമങ്ങൾ നടക്കുമ്പോഴും ഈശോയ്ക്കുവേണ്ടി ജീവിതം മാറ്റിവച്ച, ദൈവജനത്തിനുവേണ്ടി ജീവിക്കുന്ന 382 വൈദികരാൽ അനുഗ്രഹീതമാണ് നമ്മുടെ അതിരൂപത. വൈദികജീവിതം തിരഞ്ഞെടുക്കുവാൻ ആഗ്രഹിച്ച് ധാരാളം കുട്ടികൾ സെമിനാരിയിൽ എത്തുന്നുണ്ട്. ഈ വർഷം 14 ഡീക്കന്മാർ നമ്മുടെ അതിരൂപതക്കുവേണ്ടി വൈദികരായി അഭിഷിക്തരാകും. അതിരൂപതാദ്ധ്യക്ഷനോട് ചേർന്ന് പ്രവർത്തിക്കുന്ന അച്ചടക്കവും സമർപ്പണ ചൈതന്യവുമുള്ള വൈദികസമൂഹമാണ് തലശ്ശേരി അതിരൂപതയിലുള്ളത്. വൈദികരോട് നിങ്ങൾ കാണിക്കുന്ന  സ്നേഹത്തിനും സഹകരണത്തിനും ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു. വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനും വൈദികരുടെ ക്ഷേമത്തിനുമായി ആരംഭിച്ച വിയാനിനിധി പദ്ധതിയോട് ധാരാളം ആളുകൾ സഹകരിക്കുന്നുണ്ട്. നിങ്ങളുടെ സന്മനസ്സിന് കർത്താവ് പ്രതിഫലം നല്കട്ടെ. നിത്യപുരോഹിതനായ ഈശോയെ അങ്ങേ ദാസന്മാരായ വൈദികരെ യാതൊരാപത്തുംവരാതെ കാക്കണമേ എന്ന പ്രാർത്ഥന ബഹു. വൈദികരുടെ വാർഷിക ധ്യാന ദിനത്തിൽ നിങ്ങളുടെ അധരങ്ങളിൽ ഉണ്ടായിരിക്കട്ടെ.

പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 ഓഗസ്റ്റ് 28 ന് വി. അഗസ്റ്റിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 സെപ്റ്റംബർ 14-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

## ബഹു. വൈദികരുടെ വാർഷിക ധ്യാനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

1. അതിരൂപതയിൽ സേവനംചെയ്യുന്ന എല്ലാ വൈദികരും വാർഷികധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഏതെങ്കിലും ഗൗരവതരമായ കാരണത്താൽ ധ്യാനത്തിൽ പങ്കെടുക്കുവാൻ പറ്റുന്നില്ലെങ്കിൽ അഭിവന്ദ്യ പിതാവിൽനിന്നും നേരിട്ട് അനുവാദം വാങ്ങണം.
2. രണ്ട് ബാച്ചുകളിലും ധ്യാനം ഞായറാഴ്ച വൈകിട്ട് 7 മണിക്ക് ജപമാലയോടെ ആരംഭിച്ച് വെള്ളിയാഴ്ച ഉച്ചഭക്ഷണത്തോടെയാണ് അവസാനിക്കുന്നത്.
3. ബഹു. വൈദികർ തങ്ങളുടെ കൈവശമുള്ള കുമ്പസാര പത്തോന്തികൾ ധ്യാനത്തിനു വരുമ്പോൾ കൊണ്ടുവന്ന് പുതുക്കേണ്ടതാണ്.
4. ബഹു. വികാരിയച്ചൻ ധ്യാനത്തിലായിരിക്കുന്ന ദിവസങ്ങളിൽ ഇടവകയുടെ അടിയന്തര അജപാലന കാര്യങ്ങൾക്ക് അടുത്ത പ്രദേശത്തുള്ള ബഹു. വൈദികരെ ചുമതലപ്പെടുത്തുകയും പ്രസ്തുത വിവരം പള്ളിയിൽ അറിയിക്കുകയും ചെയ്യണം.
5. ധ്യാനത്തിനു വരുമ്പോൾ കൊത്തീന, സൂനാറ, ഊറാറ, കുർബ്ബാന കണക്ക് ബുക്ക്, കുമ്പസാര പത്തോന്തി, ബൈബിൾ, ഒരു ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവരേണ്ടതാണ്.
6. ധ്യാനത്തിനു വരുമ്പോൾ ബഹു. വൈദികർ പി.പി.എഫിൽ അടയ്ക്കാനുള്ള വ്യക്തിവിഹിതവും ഇടവകാ വിഹിതവും കൊണ്ടുവരേണ്ടതാണ്.
7. മറ്റ് ധ്യാനകേന്ദ്രങ്ങളിൽ ധ്യാനിച്ചവരും ഈ ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കച്ചേരിക്കാര്യം
## സെപ്റ്റംബർ 2025

**1. പുതിയ നിയമനം**

1. റവ. ഫാ. മാത്യു വെട്ടുകല്ലേൽ OFM Cap. : അസി. വികാരി മേലേചൊവ്വ

**2. അഭിനന്ദനങ്ങൾ**

**1. റവ. ഫാ. മാത്യു മുക്കുഴി (സ്റ്റിനോ):** രാജസ്ഥാനിലെ ജയ്പൂർ ഡോക്ടർ ബീംറാവു അംബേദ്കർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഷനാദ് ഈ ആസാം ഭഗസിങ് ലോ കോളേജിൽനിന്ന് എൽ.എൽ.ബി. പഠനം പൂർത്തിയാക്കിയ ബഹു. മാത്യു മുക്കുഴി അച്ചന് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുമോദനങ്ങൾ. ചണ്ഡിഗഡ് ഹൈക്കോടതയിൽ അച്ചൻ പ്രാക്ടീസിനു പോകുന്നുണ്ട്. പഞ്ചാബ് മിഷനിൽ തീഷ്ണതയോടെ ശുശ്രൂഷ ചെയ്യുന്നതിനോടൊപ്പമാണ് ബഹു. സ്റ്റിനോ അച്ചൻ നിയമപഠനം പൂർത്തിയാക്കിയത്.

**3. ആശംസകൾ**

ഓസ്ട്രിയായിലെ സാൻപോൾട്ടൻ രൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ബഹു. ഫിലിപ്പ് മുട്ടുമണ്ണിലച്ചനും ബഹു. ജോർജ് പടിഞ്ഞാറെആനിശ്ശേരിൽ അച്ചനും ബഹു. മാത്യു ചക്യാരത്ത് അച്ചനും പ്രാർത്ഥനാശംസകൾ നേരുന്നു.

**4. ഇടവകകളുടെ ചരിത്രരചന**

അഭിവന്ദ്യ പിതാവിന്റെ ഇടയലേഖനത്തിൽ അറിയിച്ചിരുന്നതുപോലെ പള്ളികളുടെ ചരിത്രരചന പൂർത്തിയാക്കുവാൻ എല്ലാ ഇടവകകളിലും അഞ്ച് പേരെങ്കിലും അടങ്ങിയ കമ്മറ്റികൾ സെപ്റ്റംബർ മാസത്തിൽ തന്നെ രൂപീകരിക്കേണ്ടതാണ്. ഓരോ പ്രദേശത്തിന്റെയും വളർച്ചയിൽ ബഹു. വൈദികരും സമർപ്പിതരും ദൈവജനവും നല്കിയ സംഭാവനകൾ ഉൾപ്പെടുത്തിയുള്ള ചരിത്ര

ചനയാണ് ഉദ്ദേശിക്കുന്നത്. 2005 ൽ തലശ്ശേരി അതിരൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച 'കുടിയേറ്റത്തിന്റെ ഇതിഹാസം' എന്ന പുസ്തകത്തിൽ ഇടവകളെക്കുറിച്ച് നല്കിയ ചരിത്രരേഖകൾ ആധാരമാക്കിയാണ് ചരിത്ര രചന പൂർത്തിയാക്കേണ്ടത്. ഈ രംഗത്ത് പ്രഗത്ഭരായ വ്യക്തികളെയാണ് കമ്മറ്റി അംഗങ്ങളായി തിരഞ്ഞെടുക്കേണ്ടത്. ബഹു. വികാരിയച്ചന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഈ കമ്മറ്റിയിൽ ചീഫ് എഡിറ്റർ, അസോസിയേറ്റ് എഡിറ്റർ, മറ്റ് അംഗങ്ങൾ എന്ന രീതിയിൽ കമ്മറ്റി രൂപീകരിക്കണം. 2026 ജൂൺ 30 ന് മുമ്പായി പ്രസിദ്ധീകരിക്കുവാൻ കഴിയുന്നവിധം ഓരോ ഇടവകകളുടെയും ചരിത്രരചന പൂർത്തിയാക്കണം.

**5. ബഹു. വൈദികരുടെ വാർഷികധ്യാനം**

തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷചെയ്യുന്ന ബഹു. വൈദികരുടെ വാർഷികധ്യാനം രണ്ട് ബാച്ചുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. 2025 സെപ്റ്റംബർ 14 ന് ഞായറാഴ്ച വൈകിട്ട് 7 മണിക്ക് ആരംഭിച്ച് 19ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1 മണി വരെ ഒന്നാം ബാച്ചിന്റെയും സെപ്റ്റംബർ 21 ന് ഞായറാഴ്ച വൈകിട്ട് 7 മണിക്ക് ആരംഭിച്ച് 26 ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1 മണി വരെ രണ്ടാമത്തെ ബാച്ചിന്റെ ധ്യാനവും നടക്കും. പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽ വച്ചാണ് രണ്ട് ബാച്ചിന്റെയും ധ്യാനങ്ങൾ നടക്കുന്നത്. ഷംഷാബാദ് രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാനേങ്ങാടൻ പിതാവാണ് ധ്യാനം നയിക്കുന്നത്. ഓരോ ബാച്ചിലും ധ്യാനത്തിൽ പങ്കെടുക്കേണ്ടവരുടെ പേരുകൾ ഓഗസ്റ്റ് മാസത്തിലെ ഗിരിദീപത്തിൽ നല്കിയിട്ടുണ്ട്.

**6. ആദരാഞ്ജലികൾ**

**1. ശ്രീ. ജോസഫ് കിഴക്കേൽ (91):** ബഹു. മാത്യു കിഴക്കേൽ അച്ചന്റെ സഹോദരൻ ശ്രീ. ജോസഫ് കിഴക്കേൽ 2025 ജൂലൈ 28 ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2025 ജൂലൈ 29ന് തോമാപുരം കുളിനീർ സെന്റ് ജോസഫ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ വ്യസനിക്കുന്ന ബഹു. കിഴക്കേലച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**2. ശ്രീ. സജി തോമസ് വട്ടമല (57):** ബഹു. തോമസ് വട്ടമല അച്ചന്റെ സഹോദരൻ ശ്രീ. സജി തോമസ് വട്ടമല 2025 ഓഗസ്റ്റ് 03 ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2025 ഓഗസ്റ്റ് 06 ന് മേരി

ഗിരി ലിറ്റിൽ ഫ്ളവർ ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. വട്ടമല കുടുംബാംഗങ്ങൾക്ക് തലശ്ശേരി അതിരൂപതയുടെ അനുശോചനങ്ങൾ അറിയിക്കുന്നു.

**3. ശ്രീ. റെജി ആശാരിപ്പറമ്പിൽ (54):** ബഹു. മാത്യു ആശാരിപ്പറമ്പിലച്ചന്റെ സഹോദരൻ ശ്രീ. റെജി ആശാരിപ്പറമ്പിൽ 2025 ഓഗസ്റ്റ് 09 ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2025 ഓഗസ്റ്റ് 10 ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ വ്യസനിക്കുന്ന ബഹു. മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**4. ശ്രീമതി സിസിലി ജോസഫ് വാഴകാട്ട് (81):** ബഹു. ജോൺ വാഴകാട്ട് അച്ചന്റെ പ്രിയപ്പെട്ട അമ്മ ശ്രീമതി സിസിലി ജോസഫ് വാഴകാട്ട് 2025 ഓഗസ്റ്റ് 12 ന് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2025 ഓഗസ്റ്റ് 13 ന് ആനപ്പന്തി കരുണാമയനീശോ ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട അമ്മച്ചിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജെയ്സൻ അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**7. സ്നേഹസ്മൃതി**

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് മഴുവഞ്ചേരി | - 02-09-1985 |
| 2. | റവ. ഫാ. ഇഗ്നേഷ്യസ് മുളങ്കാട്ടിൽ | - 04-09-2023 |
| 3. | റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം | - 05-09-2007 |
| 4. | റവ. ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ | - 11-09-2020 |
| 5. | റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ | - 13-09-2013 |
| 6. | റവ. ഫാ. സോസിമൂസ് മുണ്ടിയാനിപ്പുറം സി.എം.ഐ. | - 15-09-1966 |
| 7. | റവ. ഫാ. ലൊയോള പെരികിലക്കാട്ട് സി.എം.ഐ. | - 17-09-1988 |
| 8. | റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (സീനിയർ) | - 19-09-1979 |
| 9. | റവ. ഫാ. സബീനൂസ് ഈന്തുംപ്ലാക്കൽ സി.എം.ഐ. | - 20-09-1979 |
| 10. | റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (ജൂനിയർ) | - 20-09-1988 |
| 11. | റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് | - 22-09-1982 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## മിഷനറി സൊസൈറ്റി ഫോർ ദ മാർജിനലൈസ്ഡ് (MSM)

തലശ്ശേരി അതിരൂപതയിൽ *മിഷനറി സൊസൈറ്റി ഫോർ ദ മാർജിനലൈസ്ഡ്* എന്ന പേരിൽ ഒരു അപ്പസ്തോലിക ജീവിതസമർപ്പണ സമൂഹത്തിന് തുടക്കം കുറിച്ചു. പുതിയ സമൂഹത്തിന്റെ ഔദ്യോഗിക പ്രഖ്യാപനവും അംഗങ്ങളുടെ പ്രഥമവ്രതവാഗ്ദാനവും 2025 ജൂലൈ 30 ന് ഉച്ചകഴിഞ്ഞ് 2:00 മണിക്ക് ചെമ്പേരി ലൂർദ്ദ്മാതാ ബസിലിക്കയിൽവച്ച് നടന്നു. തലശ്ശേരി അതിരൂപതയിൽ സ്ഥാപിതമാകുന്ന ആദ്യത്തെ അപ്പസ്തോലിക ജീവിതസമർപ്പണസമൂഹമാണിത്. വ്രതവാഗ്ദാനം നടത്തി 12 പേർ സഭാവസ്ത്രം സ്വീകരിക്കുകയും അസോസിയേറ്റ്സ് മെമ്പേഴ്സ് ആയി 13 അംഗങ്ങൾ സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു. ദിവംഗതനായ എം.സി.ബി.എസ്. സഭാംഗമായ ബഹു. ജോർജ് കുറ്റിക്കലച്ചൻ തുടക്കം കുറിച്ച ആകാശപ്പറവകൾ എന്ന സമൂഹത്തിലെ അംഗങ്ങളെ പൗരസ്ത്യ കാനോൻ നിയമത്തിലെ 572–ാം നമ്പർ കാനൻ അനുസരിച്ചാണ് തലശ്ശേരി അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഒരു അപ്പസ്തോലികജീവിത സമർപ്പണ സമൂഹമായി പ്രഖ്യാപിച്ചത്.

1993 ഓഗസ്റ്റ് 6 നാണ് ആകാശപ്പറവകളുടെ സമൂഹത്തിന് തുടക്കം കുറിച്ചത്. 'ദിവ്യകാരുണ്യ ഉടമ്പടിയുടെ പുത്രിമാർ' എന്ന പേരിൽ സ്ത്രീകൾക്കുവേണ്ടിയും (ഡിസം. 25, 1997) 'ദിവ്യകാരുണ്യ ഉടമ്പടിയുടെ പുത്രന്മാർ' എന്ന പേരിൽ പുരുഷന്മാർക്കുവേണ്ടിയും (മെയ് 2, 1998) രണ്ട് വ്യത്യസ്ത സമൂഹങ്ങൾ രൂപപ്പെട്ടു. തലശ്ശേരി അതിരൂപതയിലാണ് ഈ രണ്ട് സമൂഹങ്ങൾക്കും ആരംഭം കുറിച്ചത്. പിന്നീട് ഇന്ത്യ മുഴുവൻ ആകാശപ്പറവകളുടെ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിച്ചു. കഴിഞ്ഞ കുറച്ചു വർഷങ്ങളായി സഭയിൽ പ്രത്യേക കാനോനിക പദവികളൊന്നുമില്ലാതെ ഒരു സമൂഹമായി ആകാശപ്പറവകൾ തുടരുകയായിരുന്നു.

തലശ്ശേരി അതിരൂപതാംഗമായ ബഹു. സെബാസ്റ്റ്യൻ മണപ്പാത്തുപറമ്പിലച്ചൻ 2006 മുതൽ തെരുവിലെ മനുഷ്യരുടെയും അനാഥരായ കുഞ്ഞുങ്ങളുടെയും സംരക്ഷണത്തിനായി സമാനതകളില്ലാത്ത ശുശ്രൂഷ നിർവ്വഹിച്ചുവരികയാണ്. ആകാശപ്പറവകളുടെ പ്രവർത്തന രീതികളിലും കാരിസത്തിലും ബഹു. സെബാസ്റ്റ്യനച്ചന്റെ ശുശ്രൂഷകളുടമായി സാദൃശ്യമുള്ളതായിരുന്നു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി ബഹു. സെബാസ്റ്റ്യൻ മണപ്പാത്തുപറമ്പിലച്ചനെ ഈ സമൂഹത്തിന്റെ ആദ്യത്തെ സെർവന്റ് ജനറലായി നിയമിച്ചു. പുതിയ അപ്പസ്തോലിക ജീവിതസമർപ്പണ സമൂഹത്തെ സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി ചുവടെ ചേർക്കുന്നു.

MAR JOSEPH PAMPLANY
Metropolitan Archbishop of Tellicherry

ARCHDIOCESE
OF TELLICHERRY

Prot. No. 404/2025

# DECREE

## ERECTION OF MISSIONARY SOCIETY FOR THE MARGINALIZED (MSM)

Whereas a private pious association, namely the Friends of the Birds of the Air (FBA), was founded by the late Rev. Fr. George Kuttickal MCBS on August 6, 1993, and has, over the past thirty years, grown to include two affiliated groups within the Archeparchy of Tellicherry - the Daughters of the Eucharistic Covenant of the Birds of the Air, established on December 25, 1997, for women members, and the Sons of the Eucharistic Covenant of the Birds of the Air, established on May 2, 1998, for men members;

Whereas in 2000, following the guidance from Cardinal James Francis Stafford, then President of the Pontifical Council for the Laity, Fr. George Kuttickal approached the Archbishop of Delhi, and subsequently, on January 11, 2005, the FBA was established as a Pious Association in the Archdiocese of Delhi by His Grace Most Rev. Vincent M. Concessao, and the approval was being renewed several times until 2016;

Whereas in May 2016, Fr. George Kuttickal requested recognition for the FBA as a Pious Association within the Syro-Malabar Church and approached His Beatitude Cardinal Mar George Alencherry, the then Major Archbishop, who directed to apply for approval for the Association in the Syro-Malabar Church;

Whereas on 29 January 2024, the FBA members approached His Beatitude Mar Raphael Thattil, the Major Archbishop to resume the process of recognizing the FBA as a Pious Association in the Syro-Malabar Church who directed them to seek recognition from the Archeparchy of Tellicherry, the originating place of this movement;

1

Archbishop's House, PB No. 70, Thalassery, Kerala, India – 670 101
+91 94963 54843 archbishop@archdioceseoftellicherry.org www.archdioceseoftellicherry.org

Whereas the documents of the Second Vatican Council (AG 8; LG 45) and the Code of Canons of the Eastern Churches (CCEO c. 571) place a serious responsibility on the Eparchial Bishop to discern, foster, assist, and protect new gifts, charisms, and forms of consecrated life, and being aware of this responsibility, the undersigned as the Archbishop of the Archeparchy of Tellicherry by the Church, have been constantly discerning the divine will concerning the proposal from the members the FBA and having reviewed the FBA's history, current status, and, after meeting with its members and others who were pursuing ministry under the guidance of Rev. Fr. Sebastian Manappathuparambil, a priest of the Archeparchy of Tellicherry, came to the conclusion to erect a Society of Apostolic life, namely the Missionary Society for the Marginalized (MSM), granting the formal canonical status to the FBA which has its members ministering in various parts of India and gave direction for the preparation for the constitution of the proposed society;

Whereas the undersigned presented a request to the Major Archbishop of the Syro-Malabar Church together with a copy of the constitution of the proposed Society on 06 January 2025 (Prot. No. 08/2025), for his approval to establish the Missionary Society for the Marginalized (MSM) as a Society of Apostolic Life of eparchial right in the Archeparchy of Tellicherry and the constitution presented was resubmitted incorporating the corrections and proposals;

Whereas His Beatitude Mar Raphael Thattil, the Major Archbishop of the Syro-Malabar Church, gave the canonical approval to erect a Society of Apostolic Life namely Missionary Society of the Marginalized (MSM) in the Archeparchy of Tellicherry through his letter dated 21 July 2025 (Prot. No. 0568/2025) having consulted the Permanent Synod in its online meeting held on 28 May 2025;

Therefore, the undersigned Archbishop of Tellicherry, having fulfilled all the canonical requirements envisaged in the Code of Canons of the Eastern Churches and in conformity with the c. 572 of CCEO and the articles 102-124 of the Code of the Particular Law of the Syro-Malabar Church, hereby formally and canonically erects the Society of Apostolic Life named Missionary Society for the Marginalized (MSM), and its Association, Friends of the 'birds of the



Archbishop's House, PB No. 70, Thalassery, Kerala, India – 670 101
+91 94963 54843 archbishop@archdioceseoftellicherry.org www.archdioceseoftellicherry.org

air', of the eparchial right in the Archeparchy of Tellicherry, founded by Fr. George Kuttikal MCBS and named Missionary Society for the Marginalized with effect from 30 July 2025. By this same decree, the undersigned also approves the Constitution of the Apostolic Society for the Marginalized as per c. 572 of the CCEO for a period of three years. Rev. Fr. Sebastian Manappathuparambil, a priest of the Archeparchy of Tellicherry, is hereby appointed Servant General of the MSM, until further canonical provisions are made. The Principal House of the newly erected Society of the Apostolic life shall be "*Amma Veedu*" situated at Nellicampoil, Puthussery, Iritty PO, Kannur 670 703.

Trusting that this new canonical structure of life and communion will empower the members of the MSM to serve the poor and marginalized with greater dedication, contributing significantly to the Church's mission, I commend the newly erected Society to Our Lord, the Master of all Shepherds, and to the intercession of Mary, our Mother, and St. Joseph, our Patron and I extend my paternal blessings to the Servant General and other members of the MSM!

Anything to the contrary notwithstanding.

Given from the Archeparchial Curia of Tellicherry on 29 July 2025,

MAR JOSEPH PAMPLANY ARCHBISHOP OF TELLICHERRY

**✠ Joseph Pamplany**
*Archbishop of Tellicherry*

**Fr. Joseph Muttathukunnel**
*Chancellor*

3

Archbishop's House, PB No. 70, Thalassery, Kerala, India – 670 101
+91 94963 54843 archbishop@archdioceseoftellicherry.org www.archdioceseoftellicherry.org

# പാസ്റ്ററൽ കൗൺസിൽ യോഗം റിപ്പോർട്ട്

തലശ്ശേരി അതിരൂപതയുടെ 19-ാം പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാം സമ്മേളനം 2025 ആഗസ്റ്റ് 16 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. റവ. സി. ടെസിൻ ആൻഡ്രൂസ് എം.എസ്.എം.ഐ. പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി മി. ജോർജ് തയ്യിൽ മുൻയോഗ റിപ്പോർട്ട് അവതരിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗത്തിന് അധ്യക്ഷത വഹിക്കുകയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. സിനഡൽ ചർച്ച് എന്ന മഹത്തായ ആശയത്തെ എല്ലാ ഘട്ടത്തിലും നാം മുറുകെ പിടിക്കണമെന്ന് പിതാവ് പ്രസ്താവിച്ചു. എയ്ഡഡ് സ്കൂളുകളെ ശ്വാസം മുട്ടിക്കുന്ന സർക്കാർ നീക്കം അംഗീകരിക്കാനാവില്ലെന്നും എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ എൻ.എസ്.എസിനു നല്കിയ പരിഗണന സഭയുടെ എയ്ഡഡ് സ്ഥാപനങ്ങൾക്കു നൽകുവാൻ സർക്കാർ തയ്യാറാകണമെന്നും അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗത്തിൽ ആവശ്യപ്പെട്ടു. മദ്യം സുലഭമാക്കിയാൽ ലഹരിയുടെ ഉപയോഗം കുറയുമെന്ന സർക്കാർ വാദത്തിന്റെ മറവിൽ ലഹരി മരുന്നിന്റെ ഉപയോഗം നൂറിരട്ടിയായി വർദ്ധിച്ചത് കണ്ടില്ലെന്നു നടിക്കുന്ന സർക്കാർ നിലപാട് തിരുത്തേണ്ടതാണെന്നും ലഹരിക്കെതിരെയുള്ള തലശ്ശേരി അതിരൂപതയുടെ പോരാട്ടം ശക്തമാക്കുമെന്നും അഭിവന്ദ്യ പിതാവ് പ്രസ്താവിച്ചു.

ത്രിതല പഞ്ചായത്ത് ഇലക്ഷൻ മുന്നിൽ കണ്ടുകൊണ്ട് രാഷ്ട്രീയ ബോധ്യങ്ങളും നിലപാടുകളും സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അതിരൂപതാ പ്രൊക്യൂറേറ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചൻ ക്ലാസ്സ് നയിച്ചു. ക്രിയാത്മകമായ ആശയങ്ങൾ പങ്കുവച്ചുകൊണ്ടുള്ള ചർച്ച തുടർന്ന് നടന്നു. നേതൃസ്ഥാനത്തിലേക്ക് ചെറുപ്പക്കാർ എത്തേണ്ടതിന്റെ ആവശ്യകതളും രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമാകേണ്ടതിനെക്കുറിച്ചും യോഗാംഗങ്ങൾ സംസാരിച്ചു. ജനപിന്തുണയും ജനാധിപത്യത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നവരുമായ നേതാക്കളെ പിന്തുണയ്ക്കണമെന്ന് അഭിവന്ദ്യ പിതാവ്

നിർദ്ദേശിച്ചു. സത്യവിശ്വാസവുമായി ചേർന്നുപോകുന്ന രാഷ്ട്രീയ പാർട്ടികളുമായി സഹകരിക്കുക എന്ന നിലപാടിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള രാഷ്ട്രീയ നിലപാടാണ് നമുക്ക് വേണ്ടതെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് തലശ്ശേരി അതിരൂപതാ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഡയറക്ടർ ബഹു. കുര്യാക്കോസ് കോലക്കുന്നേലച്ചൻ വിഷയാവതരണം നടത്തി. കേരള സഭയിൽ മദ്യവർജ്ജന പ്രസ്ഥാനത്തിന് തുടക്കം കുറിച്ച തലശ്ശേരി അതിരൂപതയിൽ കൂടുതൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തണമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നത് ദൈവരാജ്യശുശ്രൂഷയുടെ ഭാഗം തന്നെയാണെന്നും മദ്യമെന്നത് വെറുക്കപ്പെടേണ്ട സാധനമാണെന്നുമുള്ള അവബോധം ദൈവജനത്തിന് നല്കമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

മുതിർന്നവരുടെ മതബോധനത്തെക്കുറിച്ച് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി വിഷയാവതരണം നടത്തി. മതബോധന മണിക്കൂർ, കുടുംബ കൂട്ടായ്മകളിലെ വിശ്വാസസംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ, കുടുംബ നവീകരണ ധ്യാനങ്ങൾ, ദമ്പതീ ധ്യാനങ്ങൾ, യുവജനങ്ങൾക്കുവേണ്ടിയുള്ള 'യൂത്ത് സൺഡേ' തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ മുതിർന്നവരുടെ മതബോധനം കാര്യക്ഷമമായി നടത്തണമെന്ന നിർദ്ദേശമാണ് യോഗങ്ങൾ നല്കിയത്. അതിരൂപതാ കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റും കുടുംബകൂട്ടായ്മയും ബൈബിൾ അപ്പൊസ്റ്റൊലേറ്റും സംയുക്തമായുള്ള പ്രവർത്തനങ്ങൾ മുതിർന്നവരുടെ മതബോധനത്തിന് സഹായമാകുമെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി.

കോർപ്പറേറ്റ് സ്കൂളുകളുടെ പ്രതിസന്ധികളെക്കുറിച്ച് കോർപ്പറേറ്റ് മാനേജർ ബഹു. സ്കറിയ വടശ്ശേരിൽ അച്ചൻ വിഷയാവതരണം നടത്തി. കുട്ടികളുടെ എണ്ണത്തിൽ വന്ന കുറവും പുതിയ നിയമനങ്ങൾ നടത്തുവാൻ കഴിയാത്തതിന്റെ സാഹചര്യങ്ങളുമൊക്കെ ചർച്ചാവിഷയമായി. ഗുണമേന്മയുള്ള അധ്യാപകരെ നിയമിക്കണമെന്നും സ്കൂളുകളുടെ നിലവാരം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും യോഗം അഭിപ്രായപ്പെട്ടു. സാമൂഹ്യപ്രതിബദ്ധതയുള്ള അധ്യാപകരെയാണ് ആവശ്യമെന്നും കോർപ്പറേറ്റിൽ

ജോലി ചെയ്യുന്ന അധ്യാപകർ സ്വന്തം കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർക്കുന്ന രീതി ഉൾക്കൊള്ളാനാവില്ലെന്നും യോഗം അഭിപ്രായപ്പെട്ടു. *ഡിവിഷൻ ഫാൾ* സംഭവിക്കാതിരിക്കുവാൻ കഴിയുന്നിടത്തോളം സ്കൂളുകൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കണമെന്നും അധ്യാപകരുടെ സ്ഥലം മാറ്റത്തെ സംബന്ധിച്ച് ഒരു നയം സ്വീകരിക്കണമെന്നും സ്കൂളുകളിൽ CCTV ക്യാമറകൾ നിർബന്ധമായും സ്ഥാപിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കണമെന്നും യോഗം നിർദ്ദേശിച്ചു.

യൂത്ത് അപ്പൊസ്റ്റൊലേറ്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിഷയാവതരണം ഡയറക്ടർ ബഹു. മാത്യു മുക്കുഴി അച്ചൻ നടത്തി. യുവജനങ്ങളുടെ വിദേശ കുടിയേറ്റം ഒരു യാഥാർത്ഥ്യമാണെങ്കിലും ധാരാളം യുവജനങ്ങൾ നാട്ടിലുണ്ടെന്നും അവരെ സഭയോട് ചേർത്തു നിർത്തുവാൻ വേണ്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തണമെന്ന് ബഹു. മാത്യു അച്ചൻ അഭിപ്രായപ്പെട്ടു. കുട്ടികളെ ഉപരിപഠനത്തിനായി വിദേശങ്ങളിലേക്ക് അയ്ക്കുവാൻ മാതാപിതാക്കൾ കാണിക്കുന്ന അമിതമായ താല്പര്യം ശരിയല്ലെന്ന് അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും നമ്മുടെ നാട്ടിൽ തന്നെയുള്ള സർക്കാർ ജോലിയ്ക്കായി പരിശ്രമിക്കുവാൻ യുവജനങ്ങളെ ഉദ്ബോധിപ്പിക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു. PSC പരീക്ഷകൾക്ക് യുവജനങ്ങളെ സഹായിക്കുവാൻ കണ്ണൂർ, കോട്ടയം രൂപതകളുമായി ആലോചിച്ച് ഒരു കോച്ചിംഗ് സെന്റർ തുടങ്ങുവാനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കണമെന്നും യോഗം നിർദ്ദേശിച്ചു.

CBCI യുടെ നിർദ്ദേശപ്രകാരം കാത്തലിക് മെന്റൽഹെൽത്ത് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ തലശ്ശേരി അതിരൂപതയിൽ പ്രവർത്തനമാരംഭിച്ച വിവരം വൈസ് ചാൻസലർ റവ. ഫാ. ജോസഫ് റാത്തപ്പള്ളിൽ യോഗത്തെ അറിയിച്ചു. ഹെൽപ്പ് ഡെസ്ക്കിന്റെ നേതൃത്വത്തിലായിരിക്കും കാത്തലിക് മെന്റൽഹെൽത്ത് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ തലശ്ശേരി അതിരൂപതയിൽ നടത്തുന്നതെന്നും യോഗത്തെ അറിയിച്ചു.

ദീപിക ദിനപത്രിത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് റസിഡന്റ് മാനേജർ റവ. ഫാ. മാത്യു വലിയപറമ്പിൽ യോഗത്തെ അറിയിച്ചു. ‘ദീപികയോടൊപ്പം സത്യത്തോടൊപ്പം’ എന്ന പ്രോജക്റ്റിൽ പങ്കാളി

കളായ മി. ജേക്കബ് പടിഞ്ഞാത്ത്, മി. ജെയിംസ് മണ്ണൂർ, മി. ജാക്സൺ ബേബി തോലാനി, മി. ടോമി കുരിശുംമൂട്ടിൽ, മി. ജോർജ് കാനാട്ട്, സി. ജെസീന്ത NS, സി. ട്രീസാ പാലയ്ക്കൽ SH, സി. അഞ്ജലി FCC, സി. അനില മണ്ണൂർ SABS, സി. ടെസിൻ ആൻഡ്രൂസ് MSMI, സി. ലിറ്റിൽ തേരേസ് CMC എന്നിവരെ ആദരിച്ചു.

ഛത്തീസ്ഗഡിൽ അറസ്റ്റിലായ സിസ്റ്റേഴ്സിന്റെ മോചനത്തിനായി പ്രയത്നിച്ച അഡ്വ. സജീവ് ജോസഫ് MLA യെ യോഗം ആദരിച്ചു. ഏറ്റവും നല്ല ജനപ്രതിനിധികൾക്ക്, സാമൂഹ്യപ്രവർത്തനം മുൻനിർത്തി 'ഇന്ത്യൻ ചാരിറ്റി' നല്കുന്ന 'മദർ തേരേസ പുരസ്കാരം' നേടിയ ശ്രീകണ്ഠാപുരം നഗരസഭാ അധ്യക്ഷ ഡോ. കെ.സി. ഫിലോമിനയെ യോഗം അനുമോദിച്ചു. സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി യുടെ അഖിലേന്ത്യ സേഫ് ഗാർഡിങ് കോഡിനേറ്റർ ആയി തിരഞ്ഞെടുക്കപ്പെട്ട ജോളി സെബാസ്റ്റ്യൻ കാരക്കുന്നേലിനെയും മാതൃവേദി അതിരൂപതാ പ്രസിഡന്റ് ശ്രീമതി സിസി ഇമ്മാനുവേൽ തൈപ്പറമ്പിലിനെയും കെ.സി.വൈ.എം/എസ്.എം.വൈ.എം. അതിരൂപതാ പ്രസിഡന്റ് ശ്രീ. അബിൻ വടക്കേക്കരയെയും കെ.സി.വൈ.എം/എസ്.എം.വൈ.എം. സംസ്ഥാന സെക്രട്ടറി ശ്രീ. വിപിൻ ജോസഫ് മാറാട്ടുകുന്നേലിനെയും യോഗം അനുമോദിച്ചു.

മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ യോഗത്തിന് നന്ദി പറഞ്ഞു. ഉച്ചകഴിഞ്ഞ് 1.30 ന് യോഗം സമാപിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



# അനുസ്മരണം

## റവ. ഫാ. ജോർജ് അരീക്കുന്നേൽ (72)

തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോർജ് അരീക്കുന്നേലച്ചൻ 2025 ഓഗസ്റ്റ് 20 ന് രാവിലെ 5.00 മണിക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. രോഗാവസ്ഥയിലായിരുന്ന അച്ചൻ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. 'ആകയാൽ, എനിക്ക് ഒന്നിലും ലജ്ജിക്കേണ്ടിവരുകയില്ലെന്നും മറിച്ച് പൂർണ്ണധൈര്യത്തോടെ എപ്പോഴും എന്നപോലെ ഇപ്പോഴും ക്രിസ്തു എന്റെ ശരീരത്തിൽ - ജീവിതം വഴിയോ മരണം വഴിയോ - മഹത്വപ്പെടണമെന്നും എനിക്ക് തീവ്രമായ ആഗ്രഹവും പ്രതീക്ഷയുമുണ്ട്' (ഫിലി.1,20) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ജീവിതത്തിലുടനീളം പ്രാവർത്തികമാക്കിയ തീക്ഷ്ണമതിയായ ഒരു അജപാലകനാണ് വിട പറഞ്ഞിരിക്കുന്നത്.

കാഞ്ഞിരപ്പള്ളി രൂപതയിലെ പൊൻകുന്നം ഇടവകയിൽ അരീക്കുന്നേൽ പരേതനായ മാത്യു - ത്രേസ്യാമ്മ ദമ്പതികളുടെ മകനായി ബഹു. ജോർജച്ചൻ 1953 മെയ് 17 ന് ജനിച്ചു. തലശ്ശേരി അതിരൂപതയിലെ കാര്യപ്പള്ളി ഇടവകയിലാണ് അച്ചന്റെ കുടുംബാംഗങ്ങൾ ഇപ്പോൾ താമസിക്കുന്നത്. ജോസ് മാത്യു അരീക്കുന്നേൽ, സിറിയക് അരീക്കുന്നേൽ, പരേതനായ ജോൺ അരീക്കുന്നേൽ, എ. എം. മാത്യു അരീക്കുന്നേൽ എന്നിവരാണ് അച്ചന്റെ സഹോദരങ്ങൾ.

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1969 ൽ തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനായി പ്രവേശിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി 1978 ഡിസംബർ 27 ന് കാര്യപ്പള്ളി സെന്റ് മേരീസ് പള്ളിയിൽവച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ കൈവയ്പ്പുവഴി തിരുപ്പട്ടം സ്വീകരിച്ചു.

നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് ഫൊറോനാ പള്ളിയിൽ 1979 ജനുവരി 20 മുതൽ അസി. വികാരിയായിട്ടാണ് ജോർജ

ച്ചൻ അജപാലന ശുശ്രൂഷ ആരംഭിച്ചത്. 1981 മുതൽ 1985 വരെ ഇന്നത്തെ താമരശ്ശേരി രൂപതയിൽപ്പെട്ട വളയം, വാഴമല പള്ളികളുടെ വികാരിയായി സേവനം ചെയ്തു. 1985 മുതൽ 1992 വരെ തയ്യേനി ലൂർദ്ദുമാതാ ദൈവാലയത്തിൽ അജപാലന ശുശ്രൂഷ നിർവ്വഹിച്ചു. തുടർന്ന് 1992 മുതൽ 1997 വരെ അതിരൂപതാ കേന്ദ്രത്തിൽ പ്രൊക്കുറേറ്ററായി സേവനം ചെയ്തു. 1997 മുതൽ 2001 വരെ കൊളക്കാട് സെന്റ് തോമസ് ദൈവാലയത്തിലും 2001 മുതൽ 2011 വരെ ബൽത്തങ്ങാടി രൂപതയിലെ ഉദന - ഷീരാടി, തോട്ടത്താടി എന്നീ ഇടവകകളിലും 2011 മുതൽ 2014 വരെ പടുപ്പ് സെന്റ് ജോർജ് പള്ളിയിലും 2014 മുതൽ 2018 വരെ വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഫൊറോന പള്ളിയിലും 2018 മുതൽ 2019 വരെ ചെറുപാറ പള്ളിയിലും ബഹു. ജോർജ് അച്ചൻ അജപാലന ശുശ്രൂഷ ചെയ്തു. 2019 മെയ് 5 നാണ് കരുവഞ്ചാൽ ശാന്തിഭവനിലേക്ക് വിശ്രമജീവിതത്തിനായി ബഹു. ജോർജച്ചൻ എത്തിയത്.

തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ കഠിനാദ്ധ്വാനം ചെയ്ത ഒരു നല്ല അജപാലകനായിരുന്നു ബഹു. ജോർജച്ചൻ. താൻ ശുശ്രൂഷ നിർവ്വഹിച്ച ഇടവകകളിലെല്ലാം ദൈവജനത്തിന്റെ മനസ്സിൽ നിറഞ്ഞു നില്ക്കുവാൻ അച്ചന് കഴിഞ്ഞു. തയ്യേനി ഇടവകയിലെ 7 വർഷത്തെ അജപാലന പ്രവർത്തനങ്ങൾ ദൈവജനത്തിന്റെ മനസ്സിൽ പച്ചകെടാതെ നില്ക്കുന്നുണ്ട്. ആളുകളെ സംഘടിപ്പിച്ച് പൊതുപ്പണികൾ നടത്തി തയ്യേനിയിൽ മനോഹരമായ ദൈവാലയം അച്ചൻ നിർമ്മിച്ചു. തയ്യേനിയിൽ സഡേസ്കൂളിനോട് ചേർന്ന് ഇടവക ലൈബ്രറി ക്രമീകരിച്ചു. തയ്യേനി എന്ന പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് കക്ഷിരാഷ്ട്രീയത്തിന് അതീതമായി എല്ലാവരെയും ഒരുമിപ്പിച്ച് കൊണ്ടുപോകുവാനും നാടിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ജനങ്ങളെ ഒരുമിപ്പിച്ച് ചേർക്കുവാൻ ജോർജച്ചന് കഴിഞ്ഞു. തയ്യേനി എന്ന ഗ്രാമത്തിന്റെ വളർച്ചയിൽ ആർക്കും വിസ്മരിക്കാനാവാത്ത സംഭാവനകൾ അച്ചൻ നല്കി.

ബഹു. ജോർജച്ചന്റെ ശ്രമഫലമായാണ് കൊളക്കാട് ഹയർ സെക്കന്ററി സ്കൂൾ ലഭിച്ചത്. കൊളക്കാട് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടം പണി പൂർത്തിയാക്കിയതും രാജമുടി ഇടവകയിൽ ഉണ്ണീശോ പള്ളിയും സെമിത്തേരിയും നിർമ്മിച്ചതും കൊളക്കാട് കുരിശുമല തീർത്ഥാടന ചാപ്പൽ പുതുക്കി പണിതതും ബഹു. ജോർജച്ചന്റെ നേതൃത്വത്തിലായിരുന്നു. പടുപ്പ് ഇടവകയിൽ വികാരിയായി സേവനം ചെയ്യുമ്പോഴാണ് ബന്തടുക്കയിൽ കുരിശുപള്ളിക്ക് സ്ഥലം വാങ്ങിയത്. പടുപ്പ,

ആനക്കല്ല് കപ്പേളകളും പടുപ്പ് ടൗണിൽ സെന്റ് ജോർജ് കപ്പേളയും അച്ചൻ നിർമ്മിച്ചു. പടുപ്പിൽ സെന്റ് തോമസ് കുരിശുമല തീർത്ഥാടന ത്തിന് ആരംഭം കുറിച്ചതും ജോർജച്ചനാണ്. പടുപ്പ് സെന്റ് ജൂഡ് കപ്പേളയും സെന്റ് ജോസഫ് കപ്പേളയും അച്ചന്റെ കാലഘട്ടത്തിലാണ് നിർമ്മിച്ചത്. വായാട്ടുപറമ്പ് ഫൊറോനാ വികാരിയായി ശുശ്രൂഷ ചെയ്യു മ്പോഴാണ് താവുകുന്ന് കുരിശുപള്ളി നിർമ്മിച്ചത്. തോട്ടത്താടി ഫൊറോനാ ദൈവാലയം അച്ചന്റെ മേല്നോട്ടത്തിലാണ് നിർമ്മിച്ചത്. തോട്ടത്താടി പള്ളിയുടെ നിർമ്മാണത്തിന് അച്ചന്റെ പത്രമേനി മുഴുവ നായും പള്ളിക്കു സംഭാവന ചെയ്തു. ഉദന ഫൊറോന ദൈവാലയ ത്തിന്റെ മുഖവാരം പണിയിക്കുകയും അറസമക്കി എന്ന സ്ഥലത്തെ പള്ളി നിർമ്മാണം പൂർത്തിയാക്കിയതും ജോർജച്ചനായിരുന്നു.

നല്ല സംഘാടകനും കലാകാരനുമായിരുന്നു ജോർജച്ചൻ. ഇടവ കയിലെ ഗായകസംഘത്തെ സംഘടിപ്പിക്കുവാനും കുട്ടികളെ സംഗീത മേഖലകളിൽ പ്രോത്സാഹിപ്പിക്കുവാനും ജോർജച്ചൻ ശ്രദ്ധിച്ചിരുന്നു. അസൗകര്യങ്ങളിൽ യാതൊരു പരിഭവവും കൂടാതെ പുഞ്ചിരിക്കു മുഖ വുമായി അദ്ദേഹം ദൈവജനത്തിനിടയിൽ ജീവിച്ചു. ലളിതമായ ജീവി തത്തിനുടമയായിരുന്നു അച്ചൻ. ഏവർക്കും പ്രിയങ്കരനായി തന്റെ ജീവിതം സമ്പൂർണ്ണമായി ഈശോയ്ക്കു സമർപ്പിച്ച് തലശ്ശേരി അതി രൂപതയിലെ ദൈവജനത്തിന് ശ്രേഷ്ഠമായ പൗരോഹിത്യംജീവിതം സമ്മാനിച്ചാണ് ജോർജച്ചൻ നമ്മോട് വിട പറഞ്ഞത്. തലശ്ശേരി അതി രൂപതയിലെ ദൈവജനവും വൈദികകൂട്ടായ്മയും ബഹു. ജോർജച്ചന്റെ വിയോഗത്തിൽ സങ്കടപ്പെടുന്നുണ്ട്. 'നിത്യപുരോഹിതനായ ഈശോയെ അങ്ങേ ദാസനായ ബഹു. ജോർജച്ചന് നിത്യജീവന്റെ കിരീടം സമ്മാനിക്കണമേ'. ബഹു. ജോർജച്ചന്റെ ദീപ്ത സ്മരണക ളുടെ മുമ്പിൽ ബാഷ്പാഞ്ജലികൾ...

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# TOURNAMENTS FOR PRIESTS
## ARCHDIOCESE OF THALASSERY
(Cricket, Basket Ball, Volley Ball & Shuttle)

"Behold how good and pleasant it is for brothers to dwell together in unity" (Ps133:1)

Priestly welfare is a declared policy of our Archdiocese. As part of priestly empowerment, we had presented various action plans in our presbyterium, conducted on 28.06.2025. In the first phase of this initiative, various tournaments are being organized. Your esteemed presence, guidance, and active and whole- hearted participation are kindly expected. The Archdiocese will be divided into four regions, and in each region there will be teams for basketball, volleyball & cricket. For the shuttle tournaments, there can be four teams of players each in every region. Both the diocesan priests of the Archdiocese of Thalassery and the religious priests serving in it's Parishes are eligible to participate in the competitions. The winner will be hououred with a trophy and a cash award. Further details will be provided by the respective regional coordinators at appropriate times.

**1. IRITTY REGION**

**Foranes:** Peravoor, Edoor, Kunnoth, Nellickampoil, Manikkadavu

**Patrones:** Very Rev Fr Mathew Thekkemuryil, Very Rev Fr Thomas Vadakkemuryil,
Very Rev Fr Sebastian Mookkilikkattu, Very Rev Fr Joseph Kavanady,
Very Rev Fr Pious Padinjaremuryil,

**Coordinator:** Rev Fr Mathew Sasthampadavil

**Associate Coordinator:** Rev Fr Abraham Kochupurackal

**2. CHEMPERY REGION**

**Foranes:** Paisakkary, Chemperi, Chempanthotty, Vayattuparambu

**Patrones:** Very Rev Fr John Onamkulam, Very Rev Fr George Kanjirakkatt,
Very Rev Fr Antony Manjalamkunnel, Very Rev Fr Thomas Thengumpallil.

**Coordinator:** Rev Fr Mathew Olickal

**Associate Coordinator:** Rev Fr Kuriakose Panthallooparambil

**3. CHERUPUZHA REGION**

**Foranes:** Thaliparamba, Alakode, Marygiri, Cherupuzha

**Patrones:** Very Rev Fr Mathew Asariparambil, Very Rev Fr Antony Punnure,
Very Rev Fr Abraham Madathimyalil, Very Rev Fr Philiph Eruppakkattu,

**Coordinator:** Rev Fr Jacob Kuttikkattukunnel

**Associate Coordinator:** Rev Fr George Mundankunnel

**4. KASARGOD REGION**

**Foranes:** Thomapuram, Vellarikundu, Malom, Panathady, Kanhangadu, Kasargod

**Patrones:** Very Rev Fr Mani Melvettam, Very Rev Fr Johnson Anthyamkulam,

Very Rev Fr Joseph Thykkunnumpurath, Very Rev Fr Joseph Poovatholil, Very Rev Fr George Kalappura, Very Rev Fr George Vallimala.

**Coordinator:** Rev Fr Joseph Kanjirathinkal

**Associate Coordinator:** Rev Fr Jacob Panjikkunnel

***CRICKET TOURNAMENT & BASKET BALL TOURNAMENT**

## September 13, Saturday, 10 am- 05 pm @ Eng. College Chemperi.

**Reception & Refreshment:** Very Rev. Fr. James Chellamkott & team

**Food & Accommodation:** Very Rev Fr Lazer Varampakath & team

**Photography:** Rev Fr. John Koovapparayil & Team

**Basket Ball Inauguration:** Msgr. Antony Muthukunnel, Proto Synchellus

**Cricket Inauguration:** Msgr. Mathew Elamthuruthippadavil, Synchellus

**Prize distribution and Concluding words: Archbishop Mar Joseph Pamplany**

**Special Invitees: Mar George Valiamattam, Mar George Njaralakatt**

**VOLLEY BALL & SHUTTLE TOURNAMENT (DOUBLES ONLY)**

## October 20, Monday, 10 am- 05 pm @ Eng. College Chemperi.

**Reception & Refreshment:** Very Rev. Fr. James Chellamkott & team

**Food & Accommodation:** Very Rev. Fr. Lazer Varampakath & team

**Photography:** Rev Fr. John Koovapparayil & Team

**Shuttle Inauguration:** Very Rev. Fr. Joseph Muttathukunnel, Chancellor

**Volleyball Inauguration:** Very Rev. Fr. Jose Vettickal, Judicail Vicar

**Prize distribution and Concluding words: Archbishop Mar Joseph Pamplany**

**Special Invitees: Mar George Njaralakatt, Mar George Valiamattam**

**NB:** Each region may form one team for Cricket, Basket and Volleyball. Whereas 4 teams are permitted from every region for shuttle tournament. Further details will be given on time.

**CENTRAL TEAM**

Msgr. Sebastian Palakkuzhy - General Convenor

Very Rev Fr Joseph Kakkaramattathil - Finance Coordinator

Rev Fr Joseph Rathappillil - Incharge, Iritty Region & Basketball

Rev Fr Kuriakose Plavunilkumparambil - Incharge, Kasargod Region & Volleyball

Rev Fr Mathew Mukkuzhy - Incharge, Chemperi Region & Shuttle

Rev Fr George Thengumpallil - Incharge, Cherupuzha Region & Cricket

For Priest Welfare Committee,

**Msgr. Sebastian Palakkuzhy**
Vicar General

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

സെപ്റ്റംബർ എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജന്മദിനമാണല്ലോ. പാപരഹിതയായി ജനിച്ച്, ദൈവവരപ്രസാദത്തിൽ ജീവിച്ച പരിശുദ്ധ അമ്മയെ അനുകരിച്ച് നമുക്കും വിശുദ്ധിയിൽ വളരാം. എട്ടുനോമ്പ് അനുഷ്ഠിച്ച് അമ്മയുടെ പിറവിത്തിരുന്നാളിന് ഒരുങ്ങാം.

ഏലിയാ സ്ലീവാ മൂശാക്കാലത്ത് മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെയും വി. സ്ലീവായുടെ മഹത്വത്തെയും നാം ധ്യാനവിഷയമാക്കുകയാണല്ലോ. സെപ്റ്റംബർ 14 വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ്. കുരിശുമരണം വഴി ഈശോ നേടിത്തന്ന രക്ഷയും ജീവനും നമുക്കും സ്വന്തമാക്കാം. വിശ്വാസം പരിശീലിക്കുന്ന എല്ലാ കുഞ്ഞുങ്ങളെയും ഈ രക്ഷയുടെ അനുഭവത്തിലേക്ക് (രക്ഷയുടെ പാതയിൽ) നമുക്ക് നയിക്കാം.

## 1. ഓണപരീക്ഷ – സെപ്റ്റംബർ 07

ഓണപരീക്ഷ സെപ്റ്റംബർ 07–ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെ കൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. **പരീക്ഷയുടെ സമയത്തിൽ മാറ്റം വരുത്താൻ പാടില്ല.** 07–ാം തീയതി ഞായറാഴ്ചത്തെ കുട്ടികൾക്കു വേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

### A. ജനറൽ ചോദ്യങ്ങൾ

**4 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. ജനറൽ ചോദ്യങ്ങൾ ക്ലാസ്സുകളുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകിയിട്ടുണ്ട്. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

**B. മാർക്ക് വിഭജനം**

| | | | |
|---|---|---|---|
| പാഠപുസ്തകം | 50 | ഉപപാഠം | 10 |
| നമസ്ക്കാരം | 5 | ജനറൽ ചോദ്യങ്ങൾ | 5 |
| ആഭ്യന്തര മൂല്യനിർണ്ണയം | 25 | മതബോധന മണിക്കൂർ | 5 |

**C. പാഠഭാഗങ്ങൾ**

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 -4 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 7-24) |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തര മൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

## 2. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **"ഭാരതത്തിന്റെ വളർച്ചയിൽ ക്രൈസ്തവ സമുദായത്തിന്റെ പങ്ക്"** എന്നതാണ്. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **ഒക്ടോബർ 15 ആണ്.** ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ, ഫൂട്ട്നോട്ട് എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടു

ത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

ആമുഖം : ഭാരതത്തിലെ ക്രൈസ്തവർ - ചരിത്രം (Summary)

അധ്യായം 1 : സാമൂഹികരംഗത്തെ സംഭാവനകൾ

2 : വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ

3 : ആതുരസേവനരംഗത്തെ/കാർഷികരംഗത്തെ/വ്യാവസായിക രംഗത്തെ സംഭാവനകൾ

## 3. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഏകദിന സെമിനാർ നടത്തിയ ഫൊറോനകൾ**

**ജൂൺ 29 തളിപ്പറമ്പ്:** റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്യുകയും റവ. ഫാ. തോമസ് മേൽവെട്ടം ക്ലാസ്സിന് നേതൃത്വം നൽകുകയും ചെയ്തു.

**ജൂലൈ 12 പേരാവൂർ:** റവ. ഫാ. മാത്യു തെക്കേമുറിയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. റാഫ്സൺ പീറ്റർ OCD ക്ലാസ്സിന് നേതൃത്വം നൽകി.

**ജൂലൈ 12 കുന്നോത്ത്:** റവ. ഫാ. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ ക്ലാസ്സിന് നേതൃത്വം വഹിച്ചു.

**ജൂലൈ 20 തോമാപുരം:** റവ. ഫാ. മാണി മേൽവെട്ടം സെമിനാർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ആന്റണി കിടാരത്തിൽ ക്ലാസ്സിന് നേതൃത്വം നൽകി.

**ജൂലൈ 24 പനത്തടി:** റവ. ഫാ. ജോസഫ് പൂവത്തോലിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ആന്റണി കിടാരത്തിൽ ക്ലാസ്സിന് നേതൃത്വം നൽകി.

**ജൂലൈ 24 ചെമ്പേരി:** റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജെൻസൺ ജേക്കബ് MS ക്ലാസ്സിന് നേതൃത്വം നൽകി.

**ഓഗസ്റ്റ് 9 ചെമ്പന്തൊട്ടി:** റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ആന്റണി കിടാരത്തിൽ ക്ലാസ്സിന് നേതൃത്വം നൽകി.

**ഓഗസ്റ്റ് 16 ആലക്കോട്:** റവ. ഫാ. ആന്റണി പുന്നൂർ സെമിനാർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ആന്റണി കിടാരത്തിൽ ക്ലാസ്സിന് നേതൃത്വം നൽകി.

**ഓഗസ്റ്റ് 31 വെള്ളരിക്കുണ്ട്:** റവ. ഫാ. ജോൺസൺ അന്ത്യാംകുളം മതാധ്യാപക സംഗമം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ആന്റണി കിടാരത്തിൽ ക്ലാസ്സിന് നേതൃത്വം നൽകി.

സെമിനാറിന് നേതൃത്വം നൽകിയ എല്ലാ ഫൊറോന വികാരിമാർക്കും, ഫൊറോന പ്രസിഡണ്ടുമാർക്കും, സെക്രട്ടറിമാർക്കും, പ്രധാനാധ്യാപകർക്കും, പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

## 4. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കുമല്ലോ. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 5. സോൾട്ട് 2025

ഈ വർഷം സൺഡേസ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് **സോൾട്ട്-2025** ഓഗസ്റ്റ് - നവംബർ മാസങ്ങളിൽ ഫൊറോനാതലത്തിൽ നടത്തുന്നതാണ്. ഫൊറോനാ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രോഗ്രാം സംഘടിപ്പിക്കേണ്ടത്. ഫൊറോനാ കമ്മിറ്റി ചേർന്ന് ഓരോ ഫൊറോനയിലും സോൾട്ട് നടത്തുന്ന തീയതി നിശ്ചയിക്കുകയും ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇതിനോടകം എടൂർ, പേരാവൂർ, ചെമ്പന്തൊട്ടി, മണിക്കടവ് ഫൊറോനകളിൽ സോൾട്ട് പ്രോഗ്രാം നടന്നു.

സോൾട്ട് സംഗമത്തിലെ വിവിധ ക്ലാസ്സുകൾ കുട്ടികൾ ഇന്ന് അഭിമുഖീകരിക്കുന്ന ആനുകാലിക പ്രതിസന്ധികളും വിഷയങ്ങളും ചർച്ച ചെയ്തു. ക്ലാസ്സുകൾ വളരെ ഹൃദ്യവും സരസവുമായി അവതരിപ്പിക്കുകയും ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്തു. പ്രോഗ്രാമുകൾ വളരെ ഭംഗിയായി ക്രമീകരിച്ച ഫൊറോന പ്രസിഡണ്ട് ശ്രീ. സി. ജെ. ജോസഫ്, സെക്രട്ടറി ശ്രീ. മൈക്കിൾ തടത്തിമാക്കൽ (എടൂർ), പ്രസിഡണ്ട് ശ്രീ. ജോൺസൺ പൊട്ടയ്ക്കൽ, സെക്രട്ടറി ശ്രീ. ജോസഫ് വള്ളിയിൽ (പേരാവൂർ), പ്രസിഡണ്ട് ശ്രീ. തോമസ് താഴത്തേൽ, സെക്രട്ടറി ശ്രീ. ജോയ് കുരിശുകുന്നേൽ (ചെമ്പന്തൊട്ടി), പ്രസിഡണ്ട് ശ്രീ. പ്രസാദ് എലവുങ്കച്ചാലിൽ, സെക്രട്ടറി ശ്രീ. ബേബി കാഞ്ഞിരത്താംകുഴിയിൽ (മണിക്കടവ്) തുടങ്ങിയവർക്കും എല്ലാ ഹെഡ്മാസ്റ്റർമാർക്കും, അധ്യാപകർക്കും ഹൃദ്യമായ നന്ദി.

| തീയതി | ഫൊറോനകൾ |
|---|---|
| സെപ്റ്റംബർ 14 | കുന്നോത്ത്, പൈസക്കരി |
| സെപ്റ്റംബർ 21 | പനത്തടി |
| സെപ്റ്റംബർ 28 | വായാട്ടുപറമ്പ് |
| ഒക്ടോബർ 05 | മേരിഗിരി, ചെറുപുഴ |
| ഒക്ടോബർ 19 | മാലോം + വെള്ളരിക്കുണ്ട് |
| ഒക്ടോബർ 12 | കാസർഗോഡ്, കാഞ്ഞങ്ങാട് |
| ഒക്ടോബർ 26 | തളിപ്പറമ്പ് |
| നവംബർ 02 | ചെമ്പേരി, നെല്ലിക്കാംപൊയിൽ |

## 6. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2025-2026 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതുമാണ്. മറ്റു പൊതുപ്രോഗ്രാമുകൾ ഒഴിവാക്കി കുട്ടികളെ പൊതുവായും ക്ലാസ്സ് തലത്തിലും കാണുന്നതിന് ആവശ്യമായ സമയം നൽകേണ്ടതാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### ഓഗസ്റ്റ്, സെപ്റ്റംബർമാസങ്ങളിലെ അതിരൂപതാ വിസിറ്റ്

**ഓഗസ്റ്റ് 17:** കോളയാട്, രണ്ടാംകടവ്, **ഓഗസ്റ്റ് 24:** കണിച്ചാർ, കാലിച്ചാനടുക്കം, **ഓഗസ്റ്റ് 31:** ചെട്ടിയാംപറമ്പ്, ചരൾ, ചായോത്ത്, **സെപ്റ്റംബർ 14:** വെളിമാനം, നെടുംപുറംചാൽ, കനകപ്പള്ളി, പാലത്തിൻകടവ്, കുട്ടാപറമ്പ്, എളുകൊച്ചി, ചെമ്പേരി, ചീമേനി, **സെപ്റ്റംബർ 21:** ചെടിക്കുളം, ആര്യപ്പറമ്പ്, അട്ടക്കണ്ടം, മുടയരഞ്ഞി, വിജയപുരം, കോട്ടൂർവയൽ, നെല്ലിപ്പാറ, കനീലടുക്കം, കുടിയാൻമല, പയ്യന്നൂർ, പടന്നക്കാട്, **സെപ്റ്റംബർ 28:** മടപ്പുരച്ചാൽ, മാവുംചാൽ, കരയത്തുംചാൽ, ആലക്കോട്, പരിയാരം, കാഞ്ഞങ്ങാട്, പടിയൂർ.

## 7. "എൻലൈറ്റ് 2025-2026"

7, 8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. സെമിനാർ സെപ്റ്റംബർ മാസം ആരംഭിച്ച് ജനുവരി മാസത്തിൽ അവസാനിക്കുന്നു. ▸ സെമിനാർ ഒരു ഫൊറോനയിൽ രണ്ടോ, മൂന്നോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▸

**സെപ്റ്റംബർ 14, ഒക്ടോബർ 12, 26, നവംബർ 16, 23, ജനുവരി 4, 11, 18** എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▶ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. ▶ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

## 8. സീറോ മലബാർ പ്രതിഭാ അവാർഡ്

ഓരോ രൂപതയിൽനിന്നും 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന-തിരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേകം പരിശീലനം നല്കിവരുന്നു.

**ഇടവകാതലം:** സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന 12-ാം ക്ലാസ്സ് കുട്ടികൾക്കുള്ള സഭാപ്രതിഭാ അവാർഡിനുള്ള ഫൊറോനാതല തെരഞ്ഞെടുപ്പ് ഒക്ടോബർ 02-ന് നടക്കുന്നതിനാൽ ഇടവകാതല തെരഞ്ഞെടുപ്പ് സെപ്റ്റംബർ 22-നുള്ളിൽ നടത്തേണ്ടതാണ്. 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും, വിശ്വാസജീവിതത്തിലും മികവു പുലർത്തുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയുമാണ് ഫൊറോനതല തെരഞ്ഞെടുപ്പിനായി അയക്കേണ്ടത്. **40 കുട്ടികളിൽ കൂടുതലുള്ള ഇടവകയിൽനിന്നും 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും ക്യാമ്പിന് അയക്കാവുന്നതാണ്.** ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ സെപ്റ്റംബർ 25-ന് മുമ്പായി ബഹു. ഫൊറോന പ്രസിഡന്റിനെ അറിയിക്കേണ്ടതാണ്.

**ഫൊറോനതല ക്യാമ്പ് :** ഫൊറോനതല ക്യാമ്പ് **ഒക്ടോബർ 02-ന്** ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ക്യാമ്പ് രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 3.30ന് സമാപിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം എന്നിവ കൊണ്ടുവരേണ്ടതാണ്.

**അതിരൂപതാതല ക്യാമ്പ് :** ഫൊറോനതലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാതല ക്യാമ്പ് **ഒക്ടോബർ 11-ാം** തീയതി തളിപ്പറമ്പ് സെന്റ്മേരീസ് പാരിഷ്ഹാളിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. വൈകുന്നേരം 3.30-ന് ക്യാമ്പ് അവസാനിക്കും. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്. ബഹു. ഫൊറോന പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ (2 ആൺ കുട്ടികൾ, 2 പെൺകുട്ടികൾ) പേര്, ഇടവക, ഫോൺനമ്പർ എന്നിവ വാട്ട്സ് ആപ്പിൽ അന്നുതന്നെ ഇടേണ്ടതാണ്. ക്യാമ്പിന് 200 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്.

## 9. മതബോധന മണിക്കൂർ

കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) കഴിഞ്ഞ അധ്യയനവർഷം മുതൽ ആരംഭിച്ചുവല്ലോ. ക്ലാസ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

## 10. ഫുൾഡേ ക്ലാസ്സ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ്സ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 11. എയ്ഞ്ചൽസ് നഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും ഒന്നാം ക്ലാസ്സിന് മുമ്പുള്ള കുട്ടികൾക്കായി എയ്ഞ്ചൽ നഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

## 12. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2025–2026 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 13. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ എടൂർ, പേരാവൂർ, ചെറുപാറ, പെരിങ്ങാല, ചെമ്പന്തൊട്ടി, മണിക്കടവ്, വെള്ളരിക്കുണ്ട് എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ പേരാവൂർ, വെമ്പുവ, കണ്ണൂർ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ബിരുദദാന ചടങ്ങ് – ഒക്ടോബർ 11**

ഈ വർഷം ബിരുദ – ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഒക്ടോബർ 11–ാം തീയതി ശനിയാഴ്ച തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽവച്ച് നടത്തപ്പെടുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ലോഗോസ് ബൈബിൾ ക്വിസ് – 2025**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 25–ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

| പഠനഭാഗങ്ങൾ | |
|---|---|
| **ന്യായാധിപന്മാർ 11–21** | **പ്രഭാഷകൻ 41–50** |
| **വി. ലൂക്കാ 17–24** | **എഫേസോസ് 1–6** |

**പരീക്ഷാ തീയതികൾ**

രൂപതാതലം : 2025 സെപ്റ്റംബർ 28, 2.00–3.30 pm
സംസ്ഥാനതലം : 2025 നവംബർ 09
മെഗാ ഫൈനൽ : 2025 നവംബർ 22–23

**K.C.B.C ബൈബിൾ സാഹിത്യ മത്സരങ്ങൾ – 2025**

**കവിത, കഥ, ലേഖനം, ഏകാങ്ക നാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ് 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ് 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല. ബൈബിൾ പ്രമേയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം രചനകൾ.

**രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.** അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം.

**ലേഖനത്തിന്റെ വിഷയം:**

**അല്മായർ : ജൂബിലി വർഷത്തിൽ ക്രൈസ്തവർ പ്രത്യാശയുടെ തീർത്ഥാടകർ**

**സെമിനാരി വിദ്യാർത്ഥികൾ: പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമ 5:5)**

**സന്ന്യാസിനികൾ : ഫ്രാൻസിസ് മാർപ്പാപ്പ പ്രത്യാശയുടെ പ്രവാചകൻ**

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD/Bank transfer to KCBC Bible Commission, A/c No. 0423053000006271, IFSC: SIBL0000423, SWIFT: SOININ55, South Indian Bank, Vennala branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല.

**കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2025 ഒക്ടോബർ 1 ആണ്. കൃതികൾ അയയ്ക്കേണ്ട വിലാസം:**

സെക്രട്ടറി, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ, പി.ഒ.സി. പാലാരിവട്ടം, വെണ്ണല പി.ഒ, കൊച്ചി - 682028.

**വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു**

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗ പ്രതിഭാ പുരസ്കാരത്തിന് 2024-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000/- രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

**ബൈബിൾ വിജ്ഞാനീയമാണ് ഈ വർഷത്തെ വിഷയം.** (മലയാളത്തിൽ മൂന്നു കോപ്പി വീതം നല്കണം) 2020 മുതലുള്ള രചനകളാണ് സ്വീകരിക്കപ്പെടുക. ജാതിമതഭേദമെന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദേശിക്കാവുന്നതാണ്.

2025 ഒക്ടോബർ 1 നു മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി. പാലാരിവട്ടം, പി.ബി നമ്പർ 2251, കൊച്ചി 682025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ, ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ലോകം മുഴുവനുംവേണ്ടി നൊമ്പരങ്ങളേറ്റെടുത്ത സഹരക്ഷകയായ പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിന്റെയും, സുവിശേഷത്തെ സ്പന്ദിക്കുന്ന ജീവിതമാക്കിക്കൊണ്ട് സമർപ്പിത ജീവിതത്തിന്റെ വഴിത്താരയിലൂടെ വെളിച്ചമായി കടന്ന് നീങ്ങിയ വി. മദർതെരേസയുടെ തിരുനാളിന്റെയും ലോകത്തിന്റെ ശക്തികൾക്ക് മുമ്പിൽ വിജയം നേടിയ വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ നേരുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : മാതാവിന്റെ പിറവിതിരുനാൾ<br>: കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. മദർതെരേസ, വി. മത്തായി<br>വി. വിൻസെന്റ് ഡി പോൾ |
| പ്രാർത്ഥനാനിയോഗം | : മിഷൻലീഗ് സ്ഥാപകർക്കുവേണ്ടി |
| സുകൃതംജപം | : എന്റെ ഈശോയേ അങ്ങയുടെ വഴികളിലൂടെ എന്നെ നടത്തണമെ... |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 തിങ്കൾ : എട്ട് നോമ്പ് ആരംഭം, നിയോഗം: മിഷൻലീഗ് സംഘടനയ്ക്കുവേണ്ടി

5 വെള്ളി : മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം

8 തിങ്കൾ : മാതാവിന്റെ ജനനതിരുനാൾ

9 ചൊവ്വ : ഫാ. ജോസഫ് മാലിപ്പറമ്പിൽ 27-ാം ചരമ വാർഷികം. അനുസ്മരണം, അസാധാരണസമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം, ഡയറക്ടേഴ്സ് ദിനം

14 ഞായർ : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

16 ചൊവ്വ : മാർ ജോർജ് വലിയമറ്റം ജന്മദിനം, ആശംസകൾ അറിയിക്കുക.

21 ഞായർ : സംസ്ഥാന സാഹിത്യമത്സരം
29 തിങ്കൾ : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖാമാരുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: ഫാ. ജോസഫ് മാലിപ്പറമ്പിൽ 27-ാം ചരമ വാർഷികം, ഡയറക്ടേഴ്സ് ദിനം, എക്സിക്യൂട്ടീവ്, എം റ്റി സി ഒന്നാം ക്ലാസ്സ്, ദിനാചരണങ്ങൾ - കാരുണ്യ പ്രവർത്തനം, അഗതിമന്ദിരങ്ങൾ സന്ദർശിക്കുന്നു, സംസ്ഥാന സാഹിത്യ മത്സരം, മേഖലാ കലോത്സവം, അധ്യാപക ദിനം, സംസ്ഥാന സാഹിത്യ മത്സരം.

**3. അധ്യാപകദിനം**

സെപ്റ്റംബർ 5-ാം തീയതി അധ്യാപക ദിനത്തോടനുബന്ധിച്ച് നമ്മുടെ അധ്യാപകർക്ക് ആശംസകളർപ്പിക്കുകയും എല്ലാ അധ്യാപകർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ സെപ്റ്റംബർ 9-ാം തീയതി ശ്രീകണഠാപുരം സാൻജോർജിയ സ്പെഷ്യൽ സ്കൂളിൽ വെച്ച് അധ്യാപകദിനം നടത്തുന്നതായിരിക്കും.

**4. കാരുണ്യ ദിനം**

സെപ്റ്റംബർ 5-ാം തീയതി വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ ശാഖകളും തങ്ങൾക്ക് തന്നിരിക്കുന്ന അഗതിമന്ദിരങ്ങളുമായി ഫോണിൽ വിളിച്ച് ആശംസകൾ അറിയിക്കുകയും സാധിക്കുന്ന കാരുണ്യപ്രവർത്തികൾ ചെയ്യുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ സെപ്റ്റംബർ 9-ാം തീയതി ചെങ്ങളായി സമരിറ്റൻ ഹോമിൽ വെച്ച് അന്നേ ദിനം കാരുണ്യദിനാചരണം നടത്തുന്നതായിരിക്കും.

**5. വി. കൊച്ചുത്രേസ്യായുടെ തിരുനാളും, സ്ഥാപകദിനവും, അംഗത്വ നവീകരണവും**

ഒക്ടോബർ 1-ാം തീയതി വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വ നവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വ നവീകരണവും സ്ഥാപക ദിനവും, വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും ഒക്ടോബർ 5ന് വെള്ളരിയാനം വെച്ച് നടത്തപ്പെടുന്നതാണ്.

**6. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും; ഡയറക്ടേഴ്സ് ദിനവും**

സെപ്റ്റംബർ 9-ാം തീയതി ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 27-ാം ചരമവാർഷികാനുസ്മരണവും ഡയറക്ടേഴ്സ് ദിനവും ആചരിക്കുകയാണല്ലോ, അന്നേദിവസമോ 7-ാം തീയതി ഞായറാഴ്ചയോ ശാഖകളിൽ അനുസ്മരണം നടത്തുമല്ലോ. അതിരൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും, ഡയറക്ടേഴ്സ് ദിനാചരണവും വരക്കാട് ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**7. എം റ്റി സി പഠനസഹായി**

ഓരോ മേഖലയ്ക്കും ആവശ്യമായ 2025 - 2026 വർഷത്തേയ്ക്കുള്ള എം റ്റി സി പഠനസഹായി എല്ലാ മേഖലയിലും സെപ്റ്റംബർ ആദ്യം എത്തിക്കുന്നതാണ്. എം റ്റി സി പഠനസഹായിൽ പറഞ്ഞിരിക്കുന്നതുപോലെ ക്ലാസ്സും ക്യാമ്പും നടത്താൻ മേഖലകൾ ശ്രദ്ധിക്കുമല്ലോ. എം റ്റി സി യെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 61 കാണുക.

**8. മിഷൻ പച്ചക്കറിത്തോട്ടം**

പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ ഒക്ടോബർ 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**നിബന്ധനകൾ**

1) 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.

- മിനിമം 1 സെന്റ് സ്ഥലമുണ്ടായിരിക്കണം. (ഇടവകയുടെ സ്വന്തം സ്ഥലത്ത് കൃഷി ചെയ്യണം)
- ഏഴിനും 10 നുമിടയിൽ പച്ചക്കറി ഇനങ്ങൾ ഉണ്ടായിരിക്കണം.
- സ്ഥലമൊരുക്കാൻ, വിത്തിടൽ, സംരക്ഷണം, വിളശേഖരണം തുടങ്ങിയ വിവിധ ഘട്ടങ്ങളിലെ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ഫോട്ടോകൾ അതത് സമയങ്ങളിൽ ഇമെയിൽ ചെയ്യേണ്ടതാണ്. cmltly01@gmail.com. ഫോട്ടോകൾ അയക്കാത്ത പച്ചക്കറിത്തോട്ടം മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മിഷൻ പച്ചക്കറിത്തോട്ടം എന്ന നെയിം ബോർഡ് ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതാണ്.
- മിഷൻ പച്ചക്കറിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള വരവുചിലവു കണക്കുകൾ കൃത്യമായി നാൾ വഴി ബുക്കിൽ അതാത് സമയത്ത് രേഖപ്പെടുത്തി വയ്ക്കണം.
- ഡിസംബർ 10-ന് മുൻമ്പ് മേഖലകൾ സന്ദർശനം പൂർത്തിയാക്കി മികച്ച 3 എണ്ണം രൂപതയ്ക്ക് നൽകുക.
- രണ്ടാം ഘട്ട സന്ദർശനം രൂപത റീജിയണൽ ഓർഗനൈസർമാരുടെ നേതൃത്വത്തിൽ മേഖല തന്നിരിക്കുന്ന ശാഖകൾ സന്ദർശിച്ച് റിപ്പോർട്ട് രൂപതയിൽ ഡിസംബർ 20 ന് മുൻമ്പായി എത്തിക്കുക.
- മികച്ച ശാഖകൾ സന്ദർശിച്ച് വിലയിരുത്താൻ അതിരൂപതാ ടീം മൂന്നാം ഘട്ട സന്ദർശനം നടത്തുന്നതാണ്.
- 1,2,3,സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000, 2000 രൂപവീതം ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. കൂടാതെ പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.
- കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 60-61 കാണുക.

**9. ആൽബം നിർമ്മാണം**

**"ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്"** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലകളിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. പേപ്പർ കട്ടിംഗ്സ്, ഫോട്ടോസ് എന്നിവയാണ് പ്രധാനമായും ഉപയോഗിക്കേണ്ടത്. ഇവയ്ക്ക് ബോഡറുകൾ വരയ്ക്കാവുന്നതാണ്. ആൽബം **80** പേജിൽ കവിയരുത്. അളവ് ലീഗൽ പേപ്പർ സൈസ് (22 X 34 സെ.മി.) ആൽബത്തിൽ ആശംസകൾ, ഉള്ളടക്കം, തലക്കെട്ടുകൾ എന്നിവ ഒഴികെ മറ്റൊരു എഴുത്തുകളും പാടില്ല. ആൽബനിർമ്മാണത്തെക്കുറിച്ച് കൂടുതൽ അറിയാൻ മാർഗ്ഗരേഖ പേജ് 61 കാണുക. ശാഖയിലെ എല്ലാവരും കൂടി ഒരുമിച്ച് ചേർന്ന് ഒരു ആൽബമാണ് നിർമ്മിക്കേണ്ടത്.

**10. ക്ലിക്ക് ഷോട്ട് - നിബന്ധനകൾ**

- 5-ാം ക്ലാസ്സ് മുതൽ 12 ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം. സാങ്കേതിക കാര്യങ്ങൾക്ക് മുതിർന്ന വരുടെ സഹായം തേടാവുന്നതാണ്.
- സ്ക്രിപ്റ്റ് സ്വയം രചിച്ചതാവണം
- **"ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്"** എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം ഷോർട്ട് ഫിലിം.
- 6 മിനുട്ടിൽ കൂടുതൽ ദൈർഘ്യമുള്ളവ മത്സരത്തിൽ പരിഗണിക്കുന്നതല്ല. ആറ് മിനുട്ടിനുള്ളിൽ ടൈറ്റിൽസ്, സ്റ്റോറി മുതലായവയെല്ലാം ഉൾപ്പെടുത്തേണ്ടതാണ്.
- മിഷൻലീഗിൽ അംഗത്വമുള്ള എത്ര കുട്ടികൾക്കുവേണമെങ്കിലും ഷോർട്ട് ഫിലിമിൽ അഭിനയിക്കാം.
- പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം - 2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 59 കാണുക.

**11. പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരം - നിബന്ധനകൾ**

- 5-ാം ക്ലാസ്സുമുതൽ 10 ക്ലാസ്സ് വരെയുള്ള ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.
- മത്സരത്തിൽ 4 മുതൽ 8 പേർക്കുവരെ പങ്കെടുക്കാം
- പങ്കെടുക്കുന്നവർക്ക് അംഗത്വ കാർഡ് നിർബന്ധമാണ്.

- പാട്ട് സ്വയം എഴുതി അതിന് സംഗീതം നൽകി റെക്കോർഡ് ചെയ്ത ഗാനമാണ് ഉപയോഗിക്കേണ്ടത്.
- ആംഗ്യപ്പാട്ടിന്റെ ഒരു സമയത്തുപോലും വ്യക്തിപരമായ രീതിയിൽ തനിച്ച് നൃത്തം ചെയ്യാൻ പാടില്ല.
- പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- 3 മിനിട്ടു മുതൽ 5 മിനിട്ടുവരെ നീളുന്ന ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.
- ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം - 2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും
- ബൈബിൾ അധിഷ്ഠിതമായിരിക്കണം ഗാനങ്ങൾ.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 59 - 60 കാണുക.

**12. പ്രബന്ധരചന മത്സരം - നിബന്ധനകൾ**

- **വിഷയം : "ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്"**
- 10 പേജിൽ കവിയരുത്, ഒരു പേജിൽ പരമാവധി 19 വരികൾ
- ശാഖാ ഡയറക്ടറച്ചന്റെ കത്തും അംഗത്വ കാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ഒരു ശാഖയിൽ നിന്നും ഒന്നിൽ കൂടുതൽ പേർക്ക് പങ്കെടുക്കാം.
- ഒന്നാം സമ്മാനം 2000 രൂപ, രണ്ടാം സമ്മാനം 1000 രൂപ, മൂന്നാം സമ്മാനം 500 രൂപ.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന തീയതി നവംബർ 30
- 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളത്.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 60 കാണുക.

**13. സംസ്ഥാന സാഹിത്യമത്സരവും സാഹിത്യശില്പശാലയും**

അതിരൂപതാതല സാഹിത്യമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്റ്റംബർ 21-ാം തീയതി കണ്ണൂർ ശ്രീപുരം പാസ്റ്ററൽ സെന്ററിൽവച്ച് നടക്കുന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്റ്റംബർ 13-ാം തീയതി തളിപ്പറമ്പ് എത്തിച്ചേരേണ്ടതാണ്. അവർക്കുവേണ്ടി സാഹിത്യരചന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

**14. അതിരൂപതാ കലോത്സവം**

ഈ വർഷത്തെ അതിരൂപതാ കലോത്സവം ഒക്ടോബർ 11-ാം തീയതി നടത്തപ്പെടുന്നതായിരിക്കും എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. അതിരൂപതാ കലോത്സവത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി സെപ്റ്റംബർ 25-നുള്ളിൽ ലിസ്റ്റ് അതിരൂപതയിൽ നൽകേണ്ടതാണ്. കലോത്സവത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 54 - 55 കാണുക. അതിരൂപതാ മത്സരം ചെമ്പേരി ഹൈസ്കൂൾ - ഹയർസെക്കന്ററിയിൽ വച്ച് നടത്തുന്നതായിരിക്കും.

**15. അതിരൂപതാ കൗൺസിൽ വാർഷികം**

മിഷൻലീഗ് അതിരൂപതാ കൗൺസിൽ വാർഷികം ഒക്ടോബർ 2-ാം തീയതി വ്യാഴാഴ്ച എടൂർ വച്ച് (എടൂർ മേഖല) നടത്തുന്നു. 2024-2025 പ്രവർത്തനവർഷം അതിരൂപതാതലത്തിൽ ഗോൾഡൻ സ്റ്റാർ, സിൽവർ സ്റ്റാർ, മിഷൻ സ്റ്റാർ കരസ്ഥമാക്കിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും ശ്രീ. ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ് ദാനവും കൗൺസിൽ വാർഷികസമ്മേളനത്തിൽ വച്ച് നടക്കുന്നതായിരിക്കും. വാർഷിക വിജയത്തിനായി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കമല്ലോ. ഈ ആഘോഷ പരിപാടികളിൽ മുഴുവൻ ശാഖാ മേഖലാ ഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾ കത്തിലൂടെയും ഫോൺവിളിച്ചും അറിയിക്കുന്നതായിരിക്കും.

**16. സെപ്റ്റംബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ:**

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം പൈസക്കരി (സെപ്റ്റംബർ - 14), ചെമ്പേരി (സെപ്റ്റംബർ - 21), ചെമ്പന്തൊട്ടി (സെപ്റ്റംബർ - 28) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**17. മിഷൻകലണ്ടർ**

അതിരൂപതയിൽ നൽകിയ എണ്ണമനുസരിച്ച് ഈ വർഷവും മിഷൻ കലണ്ടർ മേഖലകളിൽ എത്തിക്കുന്നതാണ് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**18. ആദരാഞ്ജലികൾ**

മുൻ അതിരൂപത ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് മേച്ചിറാകത്തിന്റെ വത്സല മാതാവ് ത്രേസ്യാമ്മ ജോസഫിന്റെ നിര്യാണത്തിൽ അതിരൂപതാ കുടുംബം പ്രാർത്ഥനയും അനുശോചനവും രേഖപ്പെടുത്തി.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിനായി നാം ഒരുങ്ങുമ്പോൾ നമ്മുടെ സഹനങ്ങളും ത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി അമ്മയ്ക്ക് ഇഷ്ടപ്പെട്ട മനോഹരമായ ഒരു പിറന്നാൾ സമ്മാനം കൊടുക്കുവാൻ കൊച്ചു കൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒത്തിരി സ്നേഹത്തോടെ പിറവിതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ: പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. വിൻസെന്റ് ഡി പോൾ
വി. മദർതെരേസ
പ്രാർത്ഥനാനിയോഗം : എല്ലാ അധ്യാപകർക്കും വേണ്ടി
സുകൃതജപം : കാവൽമാലാഖയേ എനിക്ക് കൂട്ടായിരിക്കേണമേ
വചനം : ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നുന്നു. (വി. ലൂക്കാ 1 : 49)
*പ്രവൃത്തി* : അനാഥമന്ദിരങ്ങൾ സന്ദർശിക്കുക.
മന:പാഠമാക്കുക : വി. മദർതെരേസക്കുറിച്ച് അധ്യാപകരോട് ചോദിച്ച് മനസ്സിലാക്കുക
എയ്ഞ്ചൽസ് ബീറ്റ്സ് : അതിരൂപതാതല മത്സരം
: മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം (പെൺകുട്ടികൾക്ക് മാത്രം)
: മരിയൻ ഭക്തിഗാന മത്സരം (ആൺകുട്ടികൾക്ക് മാത്രം)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 തിങ്കൾ : എട്ട് നോമ്പ് ആരംഭം, നിയോഗം: തിരുബാലസഖ്യം സംഘടനയ്ക്കുവേണ്ടി
5 വെള്ളി : മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം
8 തിങ്കൾ : മാതാവിന്റെ ജനനതിരുനാൾ
14 ഞായർ : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
16 ചൊവ്വ : മാർ ജോർജ് വലിയമറ്റം ജന്മദിനം, ആശംസകൾ അറിയിക്കുന്നു.
29 തിങ്കൾ : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖമാരുടെ തിരുനാൾ

**2. അതിരൂപതാതല ശാഖാസന്ദർശനം നടത്തുന്ന മേഖലകൾ**

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം പൈസക്കരി (സെപ്റ്റംബർ - 14), ചെമ്പേരി (സെപ്റ്റംബർ - 21), ചെമ്പന്തൊട്ടി

(സെപ്റ്റംബർ - 28) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**3. ഈശോയെപ്പോലെ വളരാം... വലുതാകാം:** ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക്ബുക്കിൽ ഈശോയെപ്പോലെ ബുദ്ധിയിൽ വളരാം എന്ന രണ്ടാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ഈശോ എല്ലാ കാര്യങ്ങളും മുൻകൂട്ടികണ്ട് ഉത്തമമായ തീരുമാനം എടുത്തിരുന്നു. ഈശോയെപ്പോലെ ബുദ്ധിയാൽ നിറയാൻ നമുക്കും പ്രാർത്ഥിക്കാം. നല്ലത് ചെയ്യാനുള്ള വിവേകം സ്വന്തമാക്കാം.

**4. നിറം കൊടുക്കാമോ?:** രണ്ടാം അധ്യായത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം സെപ്റ്റംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**5. നിങ്ങൾക്കറിയാമോ?:** പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ബുദ്ധിയിൽ വളരാം എന്ന രണ്ടാം അധ്യായത്തിലെ നിങ്ങൾക്കറിയാമോ? എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം സെപ്റ്റംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**6. നിറംകൊടുക്കാമോ ആഗസ്റ്റ് മാസത്തെ വിജയികൾ**

I ഐറിൻ അമ്പാട്ടുക്കുഴിയിൽ - കണ്ണിവയൽ
II ടെസ്സ മരിയ പാലക്കാത്തടത്തിൽ - വെമ്പുവ
III ഡിയോൺ തെക്കേക്കാരക്കാട്ട് - കീഴ്പ്പള്ളി

**7. വഴികാട്ടാമോ ആഗസ്റ്റ് മാസത്തെ വിജയികൾ**

I അന്റോണിയോ മണിയംമാക്കൽ - വെള്ളരിക്കുണ്ട്
II ആൽഫ്രഡ് പീടികപ്പാറയിൽ - നീലേശ്വരം
III ആഞ്ജലീന റോയി - കടുമേനി

**8. മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം:** വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് പെൺകുട്ടികൾ ക്കായി മദർതെരേസ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഒരു ശാഖയിൽ നിന്ന് ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 20. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

**9. മരിയൻ ഭക്തിഗാന മത്സരം:** പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോടനുബന്ധിച്ച് ആൺകുട്ടികൾക്കായി മരിയൻ ഭക്തിഗാനമത്സരം സംഘടിപ്പിക്കുന്നു. കരോക്കെ ഉപയോഗിക്കാൻ പാടില്ല. ഒരുപാട്ടിന്റെ പല്ലവി, അനുപല്ലവി, പല്ലവി പാടി അവസാനിപ്പിക്കണം. ഒരു ശാഖയിൽ നിന്ന് ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻഅവസരം ഉണ്ടായിരിക്കുകയുള്ളൂ. പാടുന്നതിന്റെ വീഡിയോ holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 20. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റൊലേറ്റ്

"അവന്റെ അസ്ഥികളിൽ യുവത്വം തുളുമ്പി നിൽക്കുന്നു." (ജോബ് 20:11).

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

വിശുദ്ധിയുടെ വെൺപ്രാവായി, സ്നേഹത്തിന്റെ പുലർക്കാലമായി, കാലം കാത്തുവെച്ച രക്ഷയുടെ വാഗ്ദാനത്തിന് നിറം പകരാൻ ഭൂജാതയായ പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ അനുസ്മരിക്കുന്ന മാസമാണല്ലോ സെപ്റ്റംബർ. പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും സ്നേഹപൂർവ്വം നേരുന്നു. 2025 – 2026 പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഫൊറോന സമിതികൾ പുതിയ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുമല്ലോ.

**യൂണിറ്റുകൾ/ മേഖലകൾ ശ്രദ്ധിക്കാൻ**

സെപ്റ്റംബർ 01 – എട്ട്നോമ്പ് ആരംഭം

സെപ്റ്റംബർ 05 – മദർ തെരേസയുടെ തിരുനാൾ, കാരുണ്യ ദിനം, അധ്യാപക ദിനം, റിട്ടേർഡ് അധ്യാപകരെ ആദരിക്കുക.

സെപ്റ്റംബർ 08 – മാതാവിന്റെ ജനനതിരുനാൾ യുണിറ്റ്/ മേഖല തലത്തിൽ ജപമാല റാലി നടത്തുക

സെപ്റ്റംബർ 26 – ലോക ബധിരദിനം

**യൂത്ത് അസംബ്ലി**

തലശ്ശേരി അതിരൂപത സമുദായ ശക്തീകരണ വർഷമായി ആചരിക്കുമ്പോൾ അതിരൂപതയിലെ 203 ഇടവകകളെയും യുവജന പ്രതിനിധികളെ ചേർത്ത് യൂത്ത് അസംബ്ലി നടത്തുകയാണ്. സെപ്റ്റംബർ 05 വെള്ളിയാഴ്ച്ച വൈകുന്നേരം അഞ്ചു മണിക്ക് ആരംഭിച്ച് സെപ്റ്റംബർ 07 ഞായറാഴ്ച്ച മൂന്നു മണിക്ക് പൂർത്തിയാക്കുന്ന തരത്തിൽ തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ വെച്ച് അതിരൂപത പ്രഥമ യൂത്ത് അസംബ്ലി നടത്തുകയാണ്. സജീവവും സമഗ്രവുമായ

യുവജന പങ്കാളിത്തം ഉറപ്പു വരുത്താൻ 17 മുതൽ 35 വരെ പ്രായപരിധി യിൽപ്പെട്ടവരെ അഞ്ചു ഗ്രൂപ്പുകളിലായി ഇതിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധി ക്കുമല്ലോ.

17 – 22 യുവാവ്, 17 – 22 യുവതി

23 – 30 യുവാവ്, 23 – 30 യുവതി

30 – 35 യുവാവ്/യുവതി

ഒരു ഇടവകയിൽനിന്ന് രൂപതയിൽ നിന്നും നൽകപ്പെടുന്ന പ്രായപരി ധിയിൽപ്പെട്ട പ്രതിനിധിയെ ആണ് പറഞ്ഞയക്കേണ്ടത്. കാലിക പ്രസക്ത മായ ചർച്ചകളും ആശയങ്ങളും നടക്കേണ്ട ഈ അസംബ്ലിയിലേക്ക് തിര ഞ്ഞെടുത്ത് അയയ്ക്കുന്ന മികവാർന്ന ഒരു പ്രതിനിധിയാണ് ഈ സംരംഭം വിജയമാക്കി തീർക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 800/- രൂപ. അതിരൂപത യൂത്ത് അസംബ്ലി വിജയമാക്കാൻ എല്ലാവരുടെയും സഹകരണം പ്രതീക്ഷി ക്കുന്നു.

**33-ാമത് വാർഷിക സെനറ്റ് സമ്മേളനം**

തലശ്ശേരി അതിരൂപത കെസിവൈഎമ്മിന്റെ 33-ാമത് വാർഷിക സെനറ്റ് സമ്മേളനം തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഓഗസ്റ്റ് 09-ാം തീയതി ശനിയാഴ്ച രാവിലെ 9.00 ന് ആരംഭിച്ച സെനറ്റ് സമ്മേളനത്തിന് അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപത ചാൻസലർ ഫാ. ജോസഫ് മുട്ട ത്തുകുന്നേൽ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. മാത്യു മുക്കുഴി ആമുഖപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി അബിൻ വടക്കേക്കര, സംസ്ഥാന സെക്രട്ടറി വിപിൻ മാറുകാട്ടുകുന്നേൽ, അതിരൂപത വൈസ് ഡയറക്ടർ സി. ജോസ്ന റോസ്, വൈസ് പ്രസിഡണ്ട് ഗ്ലോറിയ കുനാ നിക്കൽ എന്നിവർ പ്രസംഗിച്ചു. അതിരൂപതാ സമിതിയുടെ പ്രോഗ്രാമുകൾ ഏറ്റെടുത്ത് നടത്തിയ വിവിധ ഫൊറോനകളെ ആദരിച്ചു.

17 ഫൊറോനയിലെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. തുടർന്ന് അതിരൂപത സമിതിയുടെ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും സെനറ്റിൽ അവതരി പ്പിച്ച് പാസാക്കി. ഉച്ചയ്ക്കുശേഷം നടന്ന ഇലക്ഷനിൽ 2024-25 വർഷത്തേ ക്കുള്ള സമിതിയെ യോഗം തെരഞ്ഞെടുത്തു. ഡയറക്ടർ ഫാ. മാത്യു മുക്കുഴി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് കെസിവൈഎം സംഘടനയുടെ പ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു. സമാപന സമ്മേളനത്തിൽ കോർപ്പ റേറ്റ് മാനേജർ ഫാ. സ്കറിയ വടശ്ശേരിൽ സംബന്ധിച്ചു. സംഘടനാ ചർച്ച കഴിഞ്ഞ് സമാപന സമ്മേളനത്തോടുകൂടി 33-ാമത് അർദ്ധ വാർഷിക സെനറ്റിന് സമാപനം കുറിച്ചു.

**ബെസ്റ്റ് ഫൊറോന അവാർഡ്**

2024 -25 സമിതിയുടെ ആറുമാസക്കാലത്തെ റിപ്പോർട്ടുകൾ പഠിച്ചതിനു ശേഷം ബെസ്റ്റ് ഫൊറോനാ അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡുകൾക്ക് അർഹരായ മണിക്കടവ്, വെള്ളരിക്കുണ്ട് ഫൊറോനകൾക്ക് അഭിനന്ദനങ്ങൾ.

**തലശ്ശേരി അതിരൂപത കെ സി വൈ.എം 2025-2026 വർഷത്തെ ഭാരവാഹികൾ**

കെ.സി.വൈ.എം തലശ്ശേരി അതിരൂപതയുടെ 2025-26 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റായി നെല്ലിക്കാം പൊയിൽ ഫൊറോനാംഗം അബിൻ വടക്കേക്കര തെരെഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിയായി വെള്ളരിക്കുണ്ട് ഫൊറോനാംഗം അമൽ പേഴുംകാട്ടിൽ തെരെഞ്ഞെടുക്കപ്പെട്ടു. ട്രഷറർ ബിബിൻ പീടികയ്ക്കൽ (എടൂർ ഫൊറോനാ), വൈസ് പ്രസിഡന്റുമാരായി അഖിൽ നെല്ലിക്കൽ (ചെറുപുഴ ഫൊറോന), ശ്രയ ശ്രുതിനിലയം (കാസർഗോഡ് ഫൊറോന), സെക്രട്ടറിമാരായി സാൻജോസ് കളരിമുറിയിൽ (തോമാപുരം ഫൊറോന), സോന ചവണിയാങ്കൽ (ചെറുപുഴ ഫൊറോന), കൗൺസിലർമാരായി എഡ്‌വിൻ തെക്കേമുറി (മണിക്കടവ് ഫൊറോന), അഞ്ജു വരിക്കാനിക്കൽ (മേരിഗിരി ഫൊറോന) സ്റ്റേറ്റ് സിൻഡിക്കേറ്റായി അപർണ കാഞ്ഞിരക്കാട്ടുകുന്നേൽ (ആലക്കോട് ഫൊറോന) എന്നിവരെ തെരെഞ്ഞെടുത്തു.

**അഭിനന്ദനങ്ങൾ**

തലശ്ശേരി അതിരൂപതയുടെ 2025-26 വർഷത്തെ വനിത സിൻഡിക്കേറ്റുകളായി തെരെഞ്ഞെടുക്കപ്പെട്ട അശ്വതി കുടിയിരിപ്പിൽ, (ചെമ്പേരി ഫൊറോന), ആൻലിയ എരുമ്പൂഴിക്കൽ (തളിപ്പറമ്പ് ഫൊറോന) ഓഡിറ്റർമാരായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് മുരിങ്ങത്തുപറമ്പിൽ (വെള്ളരിക്കുണ്ട് ഫൊറോന) ഷാൻ സെബാസ്റ്റ്യൻ സാബു (പേരാവൂർ ഫൊറോന) എന്നിവർക്ക് കെസി വൈ.എം, എസ്എംവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ഹൃദയം നിറഞ്ഞ നന്ദിയോടെ...**

2024-25 വർഷക്കാലം തലശ്ശേരി അതിരൂപത യുവജന പ്രസ്ഥാനത്തെ നെഞ്ചിലേറ്റി 19 ഫൊറോനകളെയും ഒരൊറ്റ കുടക്കീഴിൽ കോർത്തിണക്കിക്കൊണ്ട് മികവാർന്ന പ്രവർത്തനങ്ങളിലൂടെയും അടിയുറച്ച നിലപാടുകളിലൂടെയും ധീരമായി നയിച്ച ജോയൽ പുതുപ്പറമ്പിലിന്റെ നേതൃത്വത്തിലുള്ള സമിതിക്ക് ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. വിമലനക്ഷത്രം, ഉന്തുവണ്ടി, നസ്രാണി കാർണിവൽ, ദിശ ജോബ് സ്പേസ്, യുവരചന, Marian Eve, യൂത്ത് സിമ്പോസിയം, ഇരിട്ടിയിൽ വച്ച് നടന്ന ബോൺ നത്താലേ -

ക്രിസ്തുമസ്സ് പാപ്പാസംഗമം, യുവജന ബൈക്ക് റാലികൾ, വടംവലി മത്സരം, ഫ്രീഡംവാൾ ക്യാമ്പയിൻ, Second Sunday Youth Sunday, ബിജ്നോർ മിഷൻയാത്ര, ബാഡ്മിന്റൺ ടൂർണമെന്റ്, Steps, ജാൻ എ മൻ, രാപ്പകൽ ഉപവാസ സമരം, She Salutes, അൻപതിൽ അമ്പത് കാരുണ്യപ്രവൃത്തി കൾ, ആലക്കോട് വച്ച് നടന്ന നമ്മൾ യുവജന സംഗമം, പാലത്തുംകടവ് സ്നേഹവീട് നിർമ്മാണം, ചരിത്രത്തിന്റെ ഭാഗമായ വ്യത്യസ്തങ്ങളായ ക്യാമ്പുകളും, ദിനാചരണങ്ങളും പ്രതിഷേധ പ്രകടനങ്ങളും ഈ സമിതി യുടെ എടുത്തു പറയേണ്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ്. തങ്ങളുടെ സമയവും സാഹചര്യവും അതിരൂപത യുവജന പ്രസ്ഥാനത്തിന് സമർപ്പിച്ച എല്ലാവരെയും അഭിമാനത്തോടും നന്ദിയോടും ഓർക്കുന്നു. ജനറൽ സെക്രട്ടറിയായിരുന്ന അബിൻ വടക്കേക്കര, ട്രഷറർ എമിൽ നെല്ലംകുഴി വൈസ് പ്രസിഡന്റുമാരായ ബിബിൻ പീടികയ്ക്കൽ, ഗ്ലോറിയ കുനാനിക്കൽ സെക്രട്ടറിമാരായിരുന്ന അഖിൽ നെല്ലിക്കൽ, അപർണ കാഞ്ഞിരക്കാട്ടുകു ന്നേൽ കൗൺസിലർമാരായ ജോയൽ പടിഞ്ഞാറേടം, സോന ചിറയിൽ സംസ്ഥാന സിൻഡിക്കേറ്റ് അംഗമായിരുന്ന റോസ് തോട്ടത്തിൽ തുടങ്ങിയ എല്ലാവരെയും അതിരൂപതാ സമിതി നന്ദിയോടെ ഓർക്കുന്നു.

**പ്രതിഷേധ നിൽപുസമരം നടത്തി**

രാജ്യത്ത് ക്രൈസ്തവ സന്യസ്തർക്കും ന്യൂനപക്ഷങ്ങൾക്കുമെതിരെ നിരന്തരമായി നടക്കുന്ന ആക്രമണങ്ങളിൽ പ്രതിഷേധിച്ച് കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ തല ശ്ശേരിയിൽ നിൽപ്പുസമരം സംഘടിപ്പിച്ചു. നാനാജാതി മതസ്ഥർക്കുവേണ്ടി ജീവിതം സമർപ്പിച്ച സമർപ്പിതരുടെ ചിത്രങ്ങൾ ഉയർത്തിപ്പിടിച്ചായിരുന്നു സമരം. പ്രതിഷേധ കൂട്ടായ്മ കെസിവൈഎം സംസ്ഥാന സെക്രട്ടറി വിപിൻ ജോസഫ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് അബിൻ വടക്കേ ക്കര അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അമൽ പേഴുംകാട്ടിൽ, വൈസ് ഡയറക്ടർ സി. ജോസ്ന റോസ് എന്നിവർ പ്രസംഗിച്ചു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ഈശോയിൽ പ്രിയപ്പെട്ടവരെ,

കൂട്ടായ്മയുടെ ആഘോഷമാണ് കുടുംബം. പങ്കുവയ്ക്കലാണ് കൂട്ടായ്മയുടെ അടിസ്ഥാനമായി നിലകൊള്ളുന്നത്. സ്നേഹവും സൗഹൃദവും എന്നല്ല സ്വന്തം ജീവിതം തന്നെയും പങ്കുവയ്ക്കുന്ന രക്ത ബന്ധങ്ങളുടെ ഈറ്റില്ലമായ കുടുംബത്തെ പൂർണ്ണമായ അർത്ഥത്തിൽ സംരക്ഷിക്കുകയും വളർത്തുകയുമാണ് നമ്മുടെ ലക്ഷ്യം. കൂട്ടായ്മ യുടെ ഏറ്റവും വർണ്ണാഭമായ ആഘോഷമാണല്ലോ ഓണം. ജാതിമത വർഗ്ഗവർണ്ണ ഭേദമേന്യേ എല്ലാവരും ഒത്തൊരുമിച്ച് ആഘോഷിക്കുന്ന സുദിനം. മൂല്യങ്ങളിൽ അടിയുറച്ചതും അന്യോന്യം കരുതലുള്ളതു മായ ഒരു ജീവിതക്രമത്തിന്റെ ഗൃഹാതുരത്വം മനസ്സുകളിൽ നിറയു മ്പോൾ അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട്, വരും നാളുകളെ തനിക്കും അപരനും നന്മയാവുന്ന വിധത്തിൽ ക്രമീകരിക്കാനുള്ള സവി ശേഷമായ ദൗത്യം നമുക്ക് നിറവേറ്റാം. ജീവിത സമർപ്പണത്തിലൂടെ കൂട്ടായ്മ വളർത്തുന്നതിൽ അത്യുദാത്ത മാതൃകയാണ് നമ്മുടെ അമ്മ യായ പരിശുദ്ധ കന്യകാമറിയം. അമ്മയുടെ മാദ്ധ്യസ്ഥം തേടിയും അവളുടെ ജീവിത മാതൃക പിഞ്ചെന്നും ആ നല്ല അമ്മയുടെ പിറന്നാൾ നമുക്ക് അർത്ഥപൂർണ്ണമാക്കാം. ഏവർക്കും പരിശുദ്ധ അമ്മയുടെ പിറ വിതിരുനാൾ മംഗളങ്ങൾ.

## I. കുടുംബകൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

### കുടുംബകൂട്ടായ്മ - അതിരൂപതാതല ആലോചന യോഗം സെപ്റ്റംബർ - 9

സെപ്റ്റംബർ 9 ന് 12.30 ന് ഉച്ചഭക്ഷണത്തോടെ സന്ദേശഭവനിൽ വെച്ച് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ജനറാൾ അച്ചന്മാരുടെ സാന്നിധ്യത്തിൽ ഫൊറോന വികാരിമാർ, ഫൊറോന ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ, ആനിമേറ്റർ, ഫൊറോന കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവരോടൊപ്പം അതിരൂപതാ കുടുംബകൂ

ട്ടായ്മ എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള തീരുമാനങ്ങൾ എടുക്കുന്നു. പ്രധാനപ്പെട്ട ഈ മീറ്റിംഗിൽ മുകളിൽ സൂചിപ്പിച്ച എല്ലാവരും പങ്കെടുക്കണേ.

നമ്മുടെ എല്ലാ കുടുംബകൂട്ടായ്മകളിലും ആലപിക്കാൻ സാധിക്കുന്ന ഒരു ആന്തരചനാ മത്സരം കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നു. നല്ല സഹകരണമുണ്ടായി. 97 ഓളം പേര് പങ്കെടുത്തു. ഏറ്റവും മികച്ച 12 എണ്ണം സെലക്ട് ചെയ്ത് വിദഗ്ധർ പരിശോധന നടത്തിവരുന്നു.

**1. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക.**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിപ്പിച്ച് വി. കുർബ്ബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

g) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്, പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

h) ബയോ മൗണ്ടൻ ഉല്പ്പന്നങ്ങൾ എല്ലാ കുടുംബങ്ങളിലും ലഭ്യമാക്കാനാവശ്യമായ നേതൃത്വം ഭാരവാഹികൾ നല്കണം.

i) മഴക്കാലത്ത് ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ സന്നദ്ധരാവുക.

j) സെപ്റ്റംബർ 5ന് തിരുവോണമാണല്ലോ. കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ വ്യത്യസ്ത പരിപാടികളോടും മത്സരങ്ങളോടും കൂടെ ഇടവകയിൽ ആകെ ഉണർവ്വ് വരുത്തുന്ന രീതിയിൽ ഓണാഘോഷം സംഘടിപ്പിക്കുക. കൂട്ടായ്മകളിലെ തീർത്തും നിർദ്ധനരായ കുടുംബങ്ങൾക്ക് **ഓണകിറ്റ്** നല്കുക.

**2. ഓർമയിൽ സൂക്ഷിക്കുവാൻ**

- കുടുംബകൂട്ടായ്മയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും കുടുംബപ്രേഷിത ഓഫീസുമായിട്ടാണ് ബന്ധപ്പെടേണ്ടത്. നമ്പർ – 9400206974.
- ഇടവകയിലെ എല്ലാ കൂട്ടായ്മകളും പ്രതിമാസം സമ്മേളിക്കുന്നു എന്ന് വികാരിയച്ചനും കോർഡിനേറ്ററും ഉറപ്പുവരുത്തുക. റിപ്പോർട്ട് പരിശോധിക്കുക.
- ഓരോ മാസവും ചർച്ചയ്ക്കായി നല്കുന്ന വീഡിയോകൾ ശ്രദ്ധാപൂർവ്വം ശ്രവിച്ച് ചർച്ച ചെയ്ത് റിപ്പോർട്ടിൽ രേഖപ്പെടുത്തണം.
- എല്ലാ മാസവും റിപ്പോർട്ട് നല്കുന്ന രീതി തുടരുക. സാധിക്കാതെ വന്നാൽ മൂന്ന് മാസത്തിലൊരിക്കൽ റിപ്പോർട്ട് ഓഫീസിൽ നല്കുക.
- ഓരോ ഫൊറോനയിലെയും മുഴുവൻ ഇടവകകളിലെയും കുടുംബകൂട്ടായ്മകളുടെ പ്രവർത്തനം മേഖലാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറും ഫൊറോന കൗൺസിൽ പ്രസിഡന്റും ചേർന്ന് മോണിറ്റർ ചെയ്യുക.
- ഫൊറോനയ്ക്ക് കീഴിൽ വരുന്ന എല്ലാ ഇടവകാ കോർഡിനേറ്റർമാരെയും ഉൾപ്പെടുത്തി വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് വിവരങ്ങൾ അന്വേഷിക്കാൻ ഫൊറോന കൗൺസിൽ പ്രസിഡന്റ് ശ്രദ്ധിക്കണം.
- പ്രാർത്ഥനാപുസ്തകവും റിപ്പോർട്ട് ബുക്കും പതാകയും ഓഫീസിൽ ലഭ്യമാണ്.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ആഗസ്റ്റ് 21–23 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 150 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com എന്ന** വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1400 രൂപ കൊണ്ടുവരേണ്ടതാണ്. വികാരിയച്ചന്മാർഓർമ്മിപ്പിക്കുമല്ലോ.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| September | 18-20 | (Thusday - Saturday) | Padannakkad |
| October | 16-18 | (Thusday - Saturday) | Thalassery |
| November | 13-15 | (Thusday - Saturday) | Padannakkad |
| December | 18-20 | (Thusday - Saturday) | Thalassery |

## III. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ജൂലൈ 25ന് അതിരൂപതാ ഭാരവാഹികളുടെ ഓൺലൈൻ മീറ്റിംഗ് നടത്തി. "നസ്രാണി ഫെസ്റ്റ് 2k25" കലാമത്സരങ്ങളെക്കുറിച്ചുള്ള ചർച്ച നടത്തി. ഓരോ മത്സരങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ ഓരോരുത്തർക്കും നല്കുകയും അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. കലാമത്സരത്തിന്റെ കോർഡിനേറ്ററായി ശ്രീമതി ലിൻസി കുന്നുംപുറത്തിനെ തെരഞ്ഞെടുക്കുകയും ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

### (b) "നസ്രാണി ഫെസ്റ്റ് 2k25" ഓൺലൈൻ മീറ്റ്

ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാരുടെ ഓൺലൈൻ മീറ്റിംഗ് ആഗസ്റ്റ് 2ന് അതിരൂപത ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. "നസ്രാണി ഫെസ്റ്റ് 2k25" കലാമത്സരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ആഗസ്റ്റ് 14ന് മേഖല പ്രസിഡന്റുമാരുടേയും 15ന് മേഖല ആനിമേറ്റേഴ്സിന്റെയും ഓൺലൈൻ മീറ്റിങ്ങും സംഘടിപ്പിച്ച് കാര്യങ്ങൾ വിശദീകരിച്ചു.

### (c) സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീകരണ ജ്വാല ആഗസ്റ്റ് 2 ന് ആലക്കോട് മേഖലയുടേത് ആലക്കോട് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചു നടത്തി. ജപമാല, പതാക ഉയർത്തൽ, റാലി എന്നിവയ്ക്കു ശേഷം പ്രാർത്ഥനാ ഗാനത്തോടെ പ്രോഗ്രാം ആരംഭിച്ചു. ആലക്കോട് ഫൊറോന വികാരി റവ. ഫാ. ആന്റണി പുന്നൂർ ജ്വാല ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. ചത്തീസ്ഗഡിൽ അന്യായമായി അറസ്റ്റ് ചെയ്യപ്പെട്ട സിസ്റ്റേഴ്സിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രധിഷേധ റാലി നടത്തി. മേഖല ഡയറക്ടർ മുഖ്യപ്രഭാഷണവും, മുൻ ഡയറക്ടർ അനുഗ്രഹപ്രഭാഷണവും ആനിമേറ്റേഴ്സ് ആശംസകളും അർപ്പിച്ചു. "മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ചരിത്രവും ശക്തിയും പ്രസക്തിയും" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടറച്ചൻ ക്ലാസ് എടുത്തു. തുടർന്ന് സംഗീതം, മാർഗ്ഗം കളി, ക്രിസ്തീയ സംഘനൃത്തം, സ്കിറ്റ്, സിംഗിൾ ഡാൻസ് തുടങ്ങിയ പരിപാടികളും അമ്മമാർ മനോഹരമായി സംഘടിപ്പിച്ചു. പരമ്പരാഗത ക്രിസ്തീയ വേഷമായ ചട്ടയും

മുണ്ടും ധരിച്ചുവന്ന അമ്മമാരുടെ സാന്നിധ്യം പ്രത്യേകതയായി. തനത് ക്രിസ്തീയ ഭക്ഷണ വിഭവങ്ങളായ വട്ടയപ്പം, അച്ചപ്പം, കുഴലപ്പം, അവലോസുണ്ട എന്നിവ അമ്മമാർ ഉണ്ടാക്കികൊണ്ടുവരികയും എല്ലാവരും പങ്കിട്ട് കഴിക്കുകയും ചെയ്തു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

**(d) വിവിധ മത്സരങ്ങൾ**

**1. ഗ്രാൻഡ് പേരന്റ്സ് ഡേ വീഡിയോ നിർമ്മാണ മത്സരം**

ഗ്രാന്റ് പാരന്റ്സ് ഡേ ആഘോഷത്തോടനുബന്ധിച്ച് അവരെ ആദരിക്കുന്ന 50 സെക്കന്റിൽ കവിയാത്ത വീഡിയോ നിർമ്മാണ മത്സരം.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ചുണ്ടപ്പറമ്പ്, രണ്ടാം സ്ഥാനം - പാടിയോട്ടുചാൽ, മാടത്തിൽ, മൂന്നാം സ്ഥാനം - തോമാപുരം.

**2. റമ്പാൻ പാട്ട് മത്സരം**

സമുദായ ശക്തീകരണ വർഷത്തിൽ മാർത്തോമാ ക്രിസ്ത്യാനികളുടെ തനത് കലാരൂപങ്ങളിൽ ഒന്നായ റമ്പാൻ പാട്ട് മത്സരം അമ്മമാർക്കായ് മേഖല - രൂപത തലങ്ങളിൽ സംഘടിപ്പിച്ചിരുന്നു. 19 ഫൊറോനകളിൽ നിന്നും ഒന്നാം സ്ഥാനം ലഭിച്ച പാട്ടിന്റെ വീഡിയോ രൂപതയിലേക്ക് അയച്ചു നല്കി.

**വിജയികളായവർ**

ഒന്നാം സ്ഥാനം - കോളയാട് യൂണിറ്റ് (പേരാവൂർ), രണ്ടാം സ്ഥാനം - പരപ്പ യൂണിറ്റ് (ആലക്കോട്), മൂന്നാം സ്ഥാനം - ചന്ദനക്കാംപാറ യൂണിറ്റ് (പൈസക്കരി)

**3. വി. അൽഫോൻസാമ്മയുടെ ജീവചരിത്രം വിശദമാക്കുന്ന വീഡിയോ നിർമ്മാണ മത്സരം**

സമുദായ ശക്തീകരണ വർഷത്തിൽ ജൂലൈ 28ന് വി. അൽഫോൻസാമ്മയുടെ ജീവചരിത്രം വിശദീകരിക്കുന്ന വീഡിയോ മത്സരം. 50 ഓളം പേർ ഈ മത്സരത്തിൽ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സ്ഥാനം - നൈസി ചേന്നാട്ടുതാഴെ (കാസർഗോഡ്), രണ്ടാം സ്ഥാനം - റീന പിണക്കാട്ടുപറമ്പിൽ (പനത്തടി) മൂന്നാം സ്ഥാനം - മഞ്ജു പള്ളത്ത് (വായാട്ടുപറമ്പ്) ചെങ്ങോം യൂണിറ്റ് (പേരാവൂർ)

**4. മലബാർ കുടിയേറ്റ വീഡിയോ നിർമ്മാണ മത്സരം**

സമുദായ ശക്തീകരണ വർഷത്തിൽ ആദ്യകാല കുടിയേറ്റക്കാരുമായി നേരിട്ട് സംസാരിച്ചും, മറ്റ് സാധ്യമായ വിധത്തിലും മലബാർ കുടിയേറ്റത്തെ

ക്കുറിച്ച് കൃത്യമായി വിവരങ്ങൾ ശേഖരിച്ച് അതിന്റെ ചരിത്രം പിന്നീടുണ്ടായ വളർച്ചയും കൂടി ഉൾപ്പെടുത്തിയുള്ള 5 മിനിറ്റിൽ കൂടാത്ത വീഡിയോ മത്സരം. 25 ഓളം പേർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ബിന്ദു ഇടമറ്റം (കരുവഞ്ചാൽ), രണ്ടാം സ്ഥാനം - വായാട്ടുപറമ്പ്, മൂന്നാം സ്ഥാനം - നൈസി ചേന്നാട്ടുതാഴെ (ഹൊസങ്കടി).

**പ്രോത്സാഹന സമ്മാനങ്ങൾ**

മേരിഗിരി യൂണിറ്റ്, എണ്ണപ്പാറ യൂണിറ്റ്, അടോട്ടുകയ യൂണിറ്റ്, പെരുമ്പടവ് യൂണിറ്റ്

**(e) സെപ്റ്റംബർ മാസത്തെ മാർഗ്ഗരേഖ**

1 - എട്ട് നോമ്പ് ആരംഭം. എട്ട് നോമ്പെടുത്ത് ഈ ദിവസങ്ങളിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുക.

5 - അധ്യാപകദിനം - അധ്യാപകരെ ആദരിക്കൽ (നിലവിലുള്ള അധ്യാപകർ, വിരമിച്ചവർ)- സ്കൂളുകൾ സന്ദർശിച്ചും വിശ്രമിക്കുന്നവരെ വീടുകളിൽ പോയും ആദരിക്കുക.

മദർതെരേസയുടെ തിരുനാൾ.

**തിരുവോണം :** വിവിധങ്ങളായ മത്സരങ്ങളോടും പരിപാടികളോടും കൂടി മേഖലാ-യൂണിറ്റ് തലങ്ങളിൽ അമ്മമാരുടെ കൂട്ടായ്മ വളർത്തുന്ന ആഘോഷങ്ങൾ സംഘടിപ്പിക്കുക. തീരെ നിർദ്ധനരായ കുടുംബങ്ങൾക്ക് ഓണക്കിറ്റ് നല്കുക.

8 - പരി. അമ്മയുടെ പിറന്നാൾ ദിനത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ച് വി. ബലിയർപ്പണത്തിൽ പങ്കുചേരുക. അന്നേ ദിവസം പള്ളിയിൽ വരുന്നവർക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുക. **അംഗത്വ സ്വീകരണവും നവീകരണവും നടത്തുക**

10 - ലോക ആത്മഹത്യാവിരുദ്ധദിനം.

11 - **ജ്വാല @ മണിക്കടവ്**

13 - **മേഖല - അതിരൂപത സാഹിത്യമത്സരം.** ഉപന്യാസം, കഥ, കവിത, പെൻസിൽ ഡ്രോയിംഗ് എല്ലാ സാഹിത്യമത്സരങ്ങളും ക്രിസ്തീയ സമുദായം നല്കിയ സംഭാവനകളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും.

**സാധ്യതാ വിഷയങ്ങൾ**

**ഉപന്യാസം-** ക്രിസ്തീയ സമുദായം കേരള സമൂഹത്തിന് നല്കിയ സംഭാവനകൾ / സാമൂഹിക തിന്മകൾക്കെതിരെ പോരാടിയ സമുദായം.

**കഥ-** അമ്മ: സാഹോദര്യത്തിന്റെ കാവലാൾ / അമ്മ: ക്രൈസ്തവ മൂല്യങ്ങളുടെ സംരക്ഷക.

**കവിത** - സ്നേഹച്ചരടിൽ ചേർത്തുപിടിക്കുന്ന ക്രൈസ്തവ മാതൃത്വം / ജീവിതത്തെ സുവിശേഷമാക്കുന്ന മാതൃത്വം.

**പ്രസംഗം** - കേരളത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക് അടിത്തറ പാകിയ സമുദായം / മനുഷ്യ മഹത്വം ഉയർത്തിപ്പിടിച്ച സമുദായം.

**കവിതാലാപനം** - വിശ്വാസം ജീവശ്വാസമാക്കിയ സമുദായം

**മോണോആക്ട്** - കൂട്ടായ്മ കരുത്താക്കിയ സമുദായം

**ക്വിസ് മത്സരം** - "ഭാരത കത്തോലിക്കാ സഭ ഇന്നലെയും ഇന്നും" എന്ന പുസ്തകത്തിലെ 1,3 അദ്ധ്യായങ്ങൾ. (നിബന്ധനകൾ അയച്ചുതന്നിരിക്കുന്നത് ശ്രദ്ധിക്കുക).

14 - വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ. ഭവനങ്ങളിൽ കുരിശുരൂപം അലങ്കരിച്ച് പ്രതിഷ്ഠിക്കുക.

15 - അന്താരാഷ്ട്ര ജനാധിപത്യദിനത്തിൽ ഇന്ത്യയിൽ ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കുക.

21 - വി. മത്തായിയുടെ തിരുനാൾ - വി. മത്തായി 9:9-13 വരെ വായിക്കുക. അന്താരാഷ്ട്ര സമാധാനദിനത്തിൽ ലോക സമാധാനത്തിനുവേണ്ടി സമാധാനപ്രാർത്ഥന ചൊല്ലി കാഴ്ചവെക്കുക.

24 - **ജ്വാല @ ചെമ്പേരി**
മേഖലയിൽ ഓരോ ഇനത്തിനും ഒന്നാം സ്ഥാനം ലഭിച്ച സാഹിത്യ രചനകൾ രൂപതയിൽ എത്തിക്കേണ്ട അവസാന തീയതി.

27 - **ജ്വാല @ എടൂർ**
വി. വിൻസന്റ് ഡി പോളിന്റെ തിരുനാൾ.
അന്താരാഷ്ട്ര വിനോദയാത്രാദിനം - യൂണിറ്റ് തലത്തിൽ തീർത്ഥയാത്രകൾ / വിനോദയാത്രകൾ സംഘടിപ്പിക്കുക.

29 - മുഖ്യദൂതൻമാരുടെ തിരുനാൾദിനം അവരുടെ മാദ്ധ്യസ്ഥ്യം തേടി പ്രത്യേകമായി പ്രാർത്ഥിക്കുക. ലോക ഹൃദയദിനം.

**പ്രത്യേക പ്രവർത്തനങ്ങൾ**

- മാതൃസംഗമങ്ങൾ
- മേഖല: സാഹിത്യ-കലാ മത്സരങ്ങൾ/ **അതിരൂപതാ സാഹിത്യ മത്സരം**
- **മേഖല - അതിരൂപതാ വിഹിതം അടച്ചുതീർക്കുക**

**IV. അമല പ്രോലൈഫ് :** ജൂലൈ 20ന് മേരിഗിരി ഫൊറോന ദൈവാലയത്തിൽ വച്ച് പ്രോലൈഫ് മാസ മീറ്റിങ്ങ് നടത്തി. ദിവ്യകാരുണ്യ സന്നിധിയിൽ 1 മണിക്കൂർ പ്രാർത്ഥിക്കുകയും തുടർന്ന് മീറ്റിങ്ങ് നടത്തുകയും ചെയ്തു. പ്രധാനമായും റീജനൽ സംഗമത്തെക്കുറിച്ച് ചർച്ച നടത്തി. ഡയറക്ടർ വി. ബലിയർപ്പിച്ച് വചന സന്ദേശത്തിൽ പ്രോലൈഫ് പ്രവർത്തനങ്ങളുടെ പ്രാധാന്യ

ത്തെക്കുറിച്ച് ഇടവക ജനത്തെ ബോധവത്ക്കരിച്ചു. പുതിയ അംഗങ്ങളെ ടീമിൽ ചേർത്തു.

**V. സഖറിയാസ് കൺവെൻഷൻ**

വെളിമാനം ഇടവകയിൽ വച്ച് ആഗസ്റ്റ് 5,6,7 തീയതികളിൽ സഖറിയാസ് കൺവെൻഷൻ നടത്തി. വെളിമാനം ഇടവകയിൽ നിന്നും മറ്റ് ഇടവകകളിൽ നിന്നുമായി 270 പേർ ഈ സ്നേഹസംഗമത്തിൽ പങ്കെടുത്തു. ഡയറക്ടർ കുർബ്ബാനയർപ്പിച്ച് ക്ലാസ്സ് നല്കുകയും ചെയ്തു. വെളിമാനം ഇടവക വികാരി റവ. ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ വേണ്ടതായ എല്ലാ ക്രമീകരണങ്ങളും നല്കി. മാതൃവേദി ഫൊറോന ആനിമേറ്റർ സി. ജോസ് മരിയ സിഎംസിയും വെളിമാനം യൂണിറ്റ് ഭാരവാഹികളും വേണ്ടതായ സഹായങ്ങൾ നല്കി. പങ്കെടുത്തവർക്കും സഹായിച്ചവർക്കും പ്രത്യേകം നന്ദി.

**VI. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

**VII. പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191.

**VIII. പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**IX. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**അധ്യാപകദിനം**

സെപ്റ്റംബർ 5-ാം തീയതി അധ്യാപക ദിനമായി ആചരിക്കുകയാണല്ലോ. പി.ടി.എയുടെ നേതൃത്വത്തിൽ സ്കൂളുകളിൽ അധ്യാപകദിനം ഭംഗിയായി ആചരിക്കണം. എല്ലാ അധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ അധ്യാപകദിനാശംസകൾ. സെപ്റ്റംബർ 5-ാം തീയതി എല്ലാവരെയും സമർപ്പിച്ച് വിശുദ്ധബലി അർപ്പിച്ച് പ്രാർത്ഥിക്കുന്നതാണ്. സ്കൂളിനും വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള നിങ്ങളുടെ സ്വപ്നങ്ങളും കഠിനാദ്ധ്വാനവും യാഥാർത്ഥ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രിയപ്പെട്ട അധ്യാപകരെ, മനുഷ്യ സംസ്ക്കാരത്തെ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്യുകയാണ് നിങ്ങൾ. നമ്മുടെ സമൂഹത്തെ കുറേക്കൂടി നന്മകളാൽ വളർത്താൻ ഗുരുഭൂതർക്ക് കഴിയും. അധ്യാപകദിനം ഗുരുക്കന്മാരെ ആദരിക്കാനുള്ള ദിനമാണ്. ആദരവിന്റെ ഒരു സംസ്ക്കാരം ചിലപ്പോഴെങ്കിലും നാം അറിയാതെ നഷ്ടമാകുന്നുണ്ട്. റിട്ടയർ ചെയ്തവരും ഇപ്പോൾ ജോലി ചെയ്യുന്നവരുമായ ഗുരുക്കന്മാരിലൂടെ നമ്മുടെ സമൂഹത്തിനു വന്ന മാറ്റവും വളർച്ചയും വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തണം. നഷ്ടമാകുന്ന ആദരവിന്റെ സംസ്കൃതി പുനഃസ്ഥാപിക്കാൻ സഹപ്രവർത്തകരെക്കുറിച്ചും പ്രധാനാധ്യാപകരെക്കുറിച്ചും വിദ്യാർത്ഥികളോട് ആദരവോടെ സംസാരിക്കുകയും അവരുടെ നന്മ പറയുകയും അധ്യാപകരെ ബഹുമാനിക്കാൻ കുട്ടികളെ പഠിപ്പിക്കുകയും ചെയ്യണം.

നമ്മുടെ സ്കൂളുകളിൽ നിന്ന് റിട്ടയർ ചെയ്ത അധ്യാപകരെ ഫോണിൽ വിളിച്ച് സ്നേഹാന്വേഷണങ്ങൾ നടത്താനും അവരുടെ അഡ്രസ്സും ഫോൺ നമ്പറും ഉൾപ്പെട്ട രജിസ്റ്റർ സ്കൂളിൽ സൂക്ഷിക്കാനും ശ്രദ്ധിക്കണം.

അധ്യാപകദിനം പുനരർപ്പണത്തിനുള്ള അവസരം കൂടിയാണ്. എല്ലാ അധ്യാപകരും ആത്മപരിശോധന നടത്തേണ്ട ദിനം. തങ്ങളുടെ

ഉത്തരവാദിത്വങ്ങൾ യഥാസമയം ഭംഗിയായി നിറവേറ്റാൻ കഴിയുന്നുണ്ടോ എന്ന് ചിന്തിക്കണം. നല്ല ഗുരുഭൂതരുടെ കീഴിൽ വിദ്യ അഭ്യസിക്കാനാണ് ശിഷ്യർക്ക് താൽപര്യം. നിങ്ങൾക്കെല്ലാവർക്കും വിദ്യാർത്ഥികളുടെ മനസ്സിൽ 'നല്ല' എന്ന വിശേഷണം ലഭിക്കട്ടെ എന്നാണ് എന്റെ ആശംസയും പ്രാർത്ഥനയും.

**അധ്യാപക സംഗമങ്ങൾ**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാനാധ്യാപകരുടെയും പ്രിൻസിപ്പൽമാരുടെയും സമ്മേളനം ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് ജൂലൈ 26 ന് നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. കോർപ്പറേറ്റ് വിദ്യാലയങ്ങളുടെ ഇന്നത്തെ അവസ്ഥകളെ തുറന്ന് കാണിച്ചുകൊണ്ട് ഉടനടി നടപ്പിലാക്കേണ്ട കാര്യങ്ങൾ.

1. 2026 -2027 അഡ്മിഷൻ
2. ഗുണനിലവാരം ഉയർത്താനുള്ള മാർഗ്ഗങ്ങൾ
3. പരീക്ഷാഫലം വിലയിരുത്തൽ
4. അച്ചടക്കം

ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കാൻ കോർപ്പറേറ്റ് മാനേജർ ആവശ്യപ്പെട്ടു.

**റീജിയണൽ സംഗമങ്ങൾ**

ഓഗസ്റ്റ് 2-ാം ചെറുപുഴ റീജിയണിലെ എൽപി, യുപി വിഭാഗങ്ങളിലെ അധ്യാപക സംഗമം രാവിലെ 8.30 ന് ചെറുപുഴ സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. തുടർന്ന് 10.30 ന് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ അധ്യാപക സംഗമവും നടത്തി. കോർപ്പറേറ്റ് മാനേജർ ഫാ. സ്കറിയ വടശ്ശേരിൽ ഈ കൂടിവരവിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് സംസാരിച്ചു. പ്രധാനമായും നാല് കാര്യങ്ങളാണ് ഊന്നിപ്പറഞ്ഞത്.

1. 2026 -2027 അഡ്മിഷൻ
2. പഠന ഗുണനിലവാരം ഉയർത്തുക
3. പരീക്ഷ ഫലം വിലയിരുത്തുക
4. അച്ചടക്കം

ചെറുപുഴ റീജിയണിലെ അധ്യാപക അനധ്യാപകർ ഈ സംഗമത്തിൽ പങ്കെടുത്തു. 12 മണിക്ക് അവസാനിച്ചു.

**ചെമ്പേരി റീജിയൺ**

ചെമ്പേരി റീജിയണിലെ അധ്യാപക അനധ്യാപകരായ എൽപി, യുപി വിഭാഗങ്ങളുടെ സംഗമം വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വെച്ച്

ഓഗസ്റ്റ് 2-ാം ഉച്ചയ്ക്ക് 1.30 മുതൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ അധ്യാപക അനധ്യാപക സംഗമവും നടത്തപ്പെട്ടു. കോർപ്പറേറ്റ് മാനേജർ ഫാ. സോണി വർഗ്ഗീസ് സമ്മേളനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും ഉടനടി സ്വീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ചും വിശദീകരിച്ചു.

**ഇരിട്ടി റീജിയൺ**

ഇരിട്ടി റീജിയണിലെ അധ്യാപക അനധ്യാപക സംഗമം 03/08/2025 ന് ഉച്ചകഴിഞ്ഞ് സെന്റ് ജോസഫ് പള്ളി ഓഡിറ്റോറിയത്തിൽ വച്ചാണ് രണ്ടു വിഭാഗങ്ങളിലായി സംഗമം നടത്തിയത്. ഉച്ചയ്ക്ക് 1.30 ന് എൽപി, യുപി വിഭാഗങ്ങളിലെ അധ്യാപക അനധ്യാപക സംഗമവും 3.30 ന് ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിഭാഗങ്ങളുടെ സംഗമവും നടത്തി. കോർപ്പറേറ്റ് മാനേജർ ഫാ. സ്കറിയ വടശ്ശേരിൽ സ്കൂളുകളിൽ ഉടനടി സ്വീകരിക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ചും എല്ലാവരും ഉണർന്ന് വേഗത്തിൽ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു.

അധ്യാപകർ വളരെ തീക്ഷണതയോടെ സംഗമങ്ങളിൽ പങ്കെടുത്തു.

**സ്കൂൾ സന്ദർശനം**

വിദ്യാലയ വിലയിരുത്തലിന്റെ ഭാഗമായി **ക്രൈസ്റ്റ് നഗർ എൽപി സ്കൂൾ എടക്കോത്ത്** കോർപ്പറേറ്റ് മാനേജർ ഫാ. സ്കറിയ വടശ്ശേരിയുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി. അമ്പത് വർഷം പിന്നിടുന്ന ഈ എൽപി സ്കൂൾ കൂടുതൽ ഊർജ്ജസ്വലതയോടെ എല്ലാരംഗങ്ങളിലും ഒരു തിരിച്ച് വരവ് നടത്തിയിരിക്കുന്നു എന്നത് ഏറെ അഭിമാനാർഹമാണ്.

**വെള്ളരിക്കുണ്ട് എച്ച്എസ്എസ്, എച്ച്എസ്, എൽ.പി, യുപി,** സ്കൂളുകളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി 2025 ഓഗസ്റ്റ് 20, 21 ദിവസങ്ങളിലായി വിദ്യാലയ സന്ദർശനം നടത്തി ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും നൽകി.

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**PLACEMENT NEWS - AUGUST 2025**

- ക്യാമ്പസ് ഡോ. പുനീത് രാജ്കുമാറിന്റെ പേരിലുള്ള CSR സ്കോളർഷിപ്പിന്റെ ഭാഗമായി GLOBAL QUEST TECHNOLOGIES സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 14 അവസാന വർഷ വിദ്യാർത്ഥികൾക്ക് ഓഫർ ലഭിച്ചു. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് 1 ലക്ഷം രൂപ ഫീസുള്ള ട്രെയിനിങ് കോഴ്സുകൾ സൗജന്യമായി ലഭ്യമാകും. ട്രെയിനിങ്ങിനുശേഷം 3 ലക്ഷം രൂപ മുതൽ വാർഷിക ശമ്പളമുള്ള ജോലി ലഭ്യമാകുന്നു. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 2026 വരെ ട്രെയിനിങ് പ്രോഗ്രാമിൽ ജോയിൻ ചെയ്യാവുന്നതാണ്.
- വിമൽജ്യോതി പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ അവസാന വർഷ വിദ്യാർത്ഥികൾക്കായി G.D ട്രെയിനിങ് നടത്തുന്നു. 8 ബാച്ചുകളിലായി 153 വിദ്യാർത്ഥികളുടെ പരിശീലനം സെപ്റ്റംബർ അവസാനത്തോടെ പൂർത്തിയാക്കാമെന്നു പ്രതീക്ഷിക്കുന്നു.
- ക്യാമ്പസ് ഇന്റർവ്യൂവിനായി അവസാന വർഷ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിന്റെ ഭാഗമായി സുജിൻ ഉമ്മൻ ഫിലിപ്പിന്റെ നേതൃത്യത്തിൽ മോക്ക് ഇന്റർവ്യൂ ട്രെയിനിംഗുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. ഓണാവധിക്കു ശേഷമായിരിക്കും ഈ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.
- ജോലി അന്വേഷണത്തിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിനും ജോലി നേടുന്നതിനാവശ്യമായ സ്കില്ലുകൾ സ്വായത്തമാക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുംവേണ്ടി കേരള ഗവൺമെന്റ് തയാറാക്കിയിരിക്കുന്ന DWMS (ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മന്റ് സിസ്റ്റം) പോർട്ടൽ കുട്ടികളെ പരിചയപ്പെടുത്തുന്ന ഓറിയന്റേഷൻ സെമിനാർ, ആഗസ്റ്റ് 1–ാം തീയതി വിമൽ ജ്യോതിയിൽ വച്ച് നടത്തുകയുണ്ടായി. 500 ലധികം അവസാന വർഷ വിദ്യാർ

ത്ഥികൾ പ്രസ്തുത സെമിനാറിൽ പങ്കെടുത്തു. KKEM (Kerala knowledge economy mission) ന്റെ ആഭിമുഖ്യത്തിലാണ് പ്രസ്തുത സെമിനാർ സംഘടിപ്പിച്ചത്.

- Mistsogo Inc, Qmax Systems എന്നീ പ്രമുഖ കമ്പനികൾ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി വിമൽജ്യോതിയിൽ Campus Recruitment നായി വരുമെന്ന് പ്രതീക്ഷിക്കുന്നു.

## MBA NEWS 2025

മാനേജ്മെന്റ് കണ്ണൂർ യൂണിവേഴ്സിറ്റി എംബിഎ റാങ്ക് വിമൽ ജ്യോതിയിലേക്ക്, വിമൽ ജ്യോതി എംബിഎ 2022-24 ബാച്ചിലെ ആൽഫിയ ജോണിന് കണ്ണൂർ യൂണിവേഴ്സിറ്റി എംബിഎ പരീക്ഷയിൽ രണ്ടാം റാങ്ക് ലഭിച്ചു. ആൽഫിയ പേരാവൂർ തുണ്ടി ഇടവകാംഗമാണ്.

എൻട്രൻസ് സ്കോർ ഇല്ലാതെ എംബിഎ പ്രവേശനം കണ്ണൂർ ജില്ലയിലെ നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപനമായ വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റെസീർച്ചിൽ 2025-27 വർഷത്തേക്കുള്ള എംബിഎ പ്രവേശനം തുടരുന്നു. ബിരുദ പഠനം പൂർത്തിയാക്കിയവർക്കും അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. എൻട്രൻസ് പരീക്ഷ എഴുതാത്തവർക്കും പ്രവേശനം ലഭിക്കുന്നതാണ്. ഡിഗ്രിക്ക് കുറഞ്ഞത് 75 ശതമാനം മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 85 ശതമാനം മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് ഫീസിൽ വിമൽ ജ്യോതിയിൽ നിന്നും എംബിഎ പഠനം പൂർത്തിയാക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

- **9497517396**
- **9656786719**
- **+8111918367.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**കർക്കിടകപ്പെരുമ സംഘടിപ്പിച്ചു**

നിർമലഗിരി കോളേജ് (ഓട്ടോണമസ്) മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'കർക്കിടകപ്പെരുമ' പരിപാടി ശ്രദ്ധേയമായി. പഴമയുടെ രുചികൾ ഓർമ്മിപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച ഫുഡ് ഫെസ്റ്റും നാട്ടറിവുകൾ പങ്കുവെക്കലും പരിപാടിയുടെ പ്രധാന ആകർഷണങ്ങളായി.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല പ്രൊഫസർ. ഡോ. ഭരതൻ കെ.എം. ഉദ്ഘാടനം ചെയ്തു. കർക്കിടക മാസത്തിന്റെ പ്രാധാന്യം, ആചാരങ്ങൾ, എന്നിവയെക്കുറിച്ചും മനസ്സും ശരീരവും ആരോഗ്യപൂർണ മാക്കേണ്ട മാസമാണ് കർക്കിടകം പത്തിലകളെക്കുറിച്ചും ദശപുഷ്പത്തെ ക്കുറിച്ചുമുള്ള അറിവ് പങ്കുവയ്ക്കുന്നതോടൊപ്പം അവയെ വിമർശനാത്മക മായി നോക്കി കാണേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം വിദ്യാർത്ഥികളെ ഓർമ്മിപ്പിച്ചു.

കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. സെലിൻ മാത്യു അധ്യക്ഷത വഹിച്ചു. ഗവ. ബ്രണ്ണൻ കോളേജ് മലയാള വിഭാഗം പ്രൊഫസർ ഡോ. ലിജി എൻ., മാടായി കോളേജ് മലയാള വിഭാഗം പ്രൊഫസർ ഡോ. സ്വപ്ന ആന്റണി, മലയാള വിഭാഗം അധ്യക്ഷ ഡോ. ദീപ മോൾ മാത്യു, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജെയ്സൺ ജോസഫ്, അസോസിയേഷൻ സെക്രട്ടറി ദേവാനന്ദ് എന്നിവർ സംസാരിച്ചു.

**ഡിസാസ്റ്റർ റെസ്ക്യൂ ട്രെയിനിങ് സംഘടിപ്പിച്ചു**

നിർമ്മലഗിരി കോളേജിൽ (ഓട്ടോണമസ്) കൂത്തുപറമ്പ് ഫയർ ഫോഴ്സിന്റെ ആഭിമുഖ്യത്തിൽ എൻസിസി വിദ്യാർത്ഥികൾക്കായി ഡിസാസ്റ്റർ റെസ്ക്യൂ ട്രെയിനിങ് നടത്തി. വിവിധ അപകട ഘട്ടങ്ങളിൽ പാലിക്കേണ്ട രക്ഷാമാർഗ്ഗങ്ങൾ വിദ്യാർത്ഥികൾക്ക് പ്രോഗ്രാമിന്റെ ഭാഗമായി പരിചയപ്പെടുത്തി. സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ ശ്രീ ജിബി ഫിലിപ്പ്, ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ അഭിഷേക് എന്നിവർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. നൂറോളം എൻസിസി വിദ്യാർ

ത്ഥികൾ പരിശീലനത്തിൽ പങ്കെടുത്തു. നിർമ്മലഗിരി കോളേജ് എൻസിസി ഓഫീസർ അസി. പ്രൊഫ. ലെഫ്. ഡോ. കമില്ലോ ജോസഫ് പ്രോഗ്രാമിന് നേതൃത്വം നൽകി.

**ഇന്റർനാഷനൽ കൊമേഴ്സ് ദിനം ആഘോഷിച്ചു**

കൂത്തുപറമ്പ് നിർമലഗിരി കോളേജ് (ഓട്ടോണമസ്), കൊമേഴ്സ് വിഭാഗം അന്താരാഷ്ട്ര വാണിജ്യ ദിനാഘോഷം നടത്തി. വകുപ്പ് മേധാവി ശ്രീ. റോഷിൻ തോമസ് അധ്യക്ഷത വഹിച്ച ചടങ്ങ് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഫാ. ജോബി ജേക്കബ് ഉദ്ഘാടനം ചെയ്തു.

ഡോ. കമില്ലോ ജോസഫ്, ഡോ. സിസ്റ്റർ റിൻസി എലിസബത്ത്, രജിഷ കെ, റിദ മറിയം, നേഹ ഫാത്തിമ എന്നിവർ സംസാരിച്ചു.

നാല്, രണ്ട് സെമസ്റ്ററുകളിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു.

കൊമേഴ്സ് ദിനാഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി ബിസിനസ്സ് ക്വിസ് മത്സരം സംഘടിപ്പിച്ചു. മൂന്നാം വർഷ വിദ്യാർത്ഥിയായ, അവന്തിക ബാബു ക്വിസ് മാസ്റ്റർ ആയിരുന്നു. വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**മാഗസിൻ പ്രകാശനം**

2024–25 അധ്യയന വർഷത്തെ കോളേജ് മാഗസിൻ വടകര നിയോജക മണ്ഡലം എം എൽ എ ശ്രീമതി രമ കെ.കെ കോളേജ് വൈസ് പ്രിൻസിപ്പൾക്ക് നൽകി പ്രകാശനം ചെയ്തു.

കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. ജോബി ജേക്കബ് അധ്യക്ഷത വഹിച്ചു. സ്റ്റാഫ് എഡിറ്റർ ഫാ. ഡോ. മാർട്ടിൻ ജോസഫ് സ്വാഗതവും പറഞ്ഞു. മാഗസിൻറെ നാൾവഴിയെക്കുറിച്ച് സ്റ്റുഡന്റ് എഡിറ്റർ കുമാരി ഡയാന ടോം സംസാരിച്ചു. യൂണിയൻ അഡ്വൈസർ ഡോ. അൻപിൻ രാജ, യൂണിയൻ ജനറൽ സെക്രട്ടറിഎബിൻ ജോർജ്, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ കുമാരി സാനിയ വി. എന്നിവർ സംസാരിച്ചു. മാഗസിൻ പ്രകാശനത്തിനു ശേഷം കുട്ടികളുടെ വൈവിധ്യമാർന്ന കലാപരിപാടികൾ അരങ്ങേറി.

**റിട്ടേണിംഗ് ഓഫീസർ ചുമതലയേറ്റെടുത്തു.**

ആഗസ്റ്റ് 26 നു നടക്കുന്ന കണ്ണൂർ യൂണിവേഴ്സിറ്റി യൂണിയൻ ഇലക്ഷനിൽ റിട്ടേണിംഗ് ഓഫീസറായി സിസ്റ്റർ ഡോ. സുജമോൾ ജോസഫിനെ ചുമതലപ്പെടുത്തി.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

**കത്തോലിക്കാ കോൺഗ്രസ് അതിരൂപത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ - ഓഗസ്റ്റ് 2025**

**അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

തലശ്ശേരി സന്ദേശഭവൻ ജൂബിലി ഹാളിൽ 14-08-25 വ്യാഴാഴ്ച രാവിലെ 10 മണിക്ക് അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ചേർന്ന കത്തോലിക്ക കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യഭാഷണം നടത്തിയ യോഗത്തിൽ വച്ച് ദീപിക അസിസ്റ്റന്റ് റെസിഡന്റ് മാനേജർ ഫാ. വിബിൻ വെൺമേനിക്കട്ടയിൽ കത്തോലിക്കാ കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കുള്ള ഐ.ഡി. കാർഡ് വിതരണം ഉദ്ഘാടനം ചെയ്തു. യോഗത്തിൽവെച്ച് മലയാളത്തിലെ പ്രഥമ ദിനപത്രമായ ദീപികയുടെ പ്രാധാന്യത്തെക്കുറിച്ചും സമുദായ അംഗങ്ങൾക്കിടയിൽ ദീപിക പ്രചരിപ്പിക്കുന്നതിനെക്കുറിച്ചും ഫാ. ബിബിൻ കത്തോലിക്കാ കോൺഗ്രസ് എക്സിക്യൂട്ടീവ് അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. ദീപിക സർക്കുലേഷൻ മാനേജർ ശ്രീ. ജോർജ് തയ്യിൽ, ശ്രീ. ജോസ് പ്ലാത്തോട്ടം എന്നിവർ യോഗത്തിൽ സന്നിഹിതനായിരുന്നു. രാഷ്ട്രീയ മര്യാദകൾ മറികടന്ന് തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിനെ അധിക്ഷേപകരമായി ഒറ്റതിരിഞ്ഞ് ആക്രമിക്കുന്നതിന് എതിരെയും അഭിവന്ദ്യ പിതാവിനെ അപഹസിച്ച രാഷ്ട്രീയ പാർട്ടി നേതൃത്വത്തിന്റെ പക്വത ഇല്ലായ്മ ചൂണ്ടിക്കാണിച്ച കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫിലിപ്പ് കവിയിൽ അച്ചന് എതിരെ തല്പരകക്ഷികൾ നടത്തിയ പരാമർശത്തെയും യോഗം ശക്തമായി അപലപിച്ചു.

അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും ഡയറക്ടർ അച്ചനും കത്തോലിക്കാ കോൺഗ്രസിന്റെ പരിപൂർണ്ണ പിന്തുണ പ്രഖ്യാപിക്കുകയും രാഷ്ട്രീയ പാർട്ടിയുടെ കൊടികളുടെ നിറം നോക്കാതെ സമുദായ അംഗങ്ങളുടെ സംരക്ഷണത്തിനായി ആരെയും ഭയപ്പെടാ

തെ സംസാരിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന അഭിവന്ദ്യ പാംപ്ലാനി പിതാവിനെയും കവിയിൽ അച്ചനെയും യോഗം പ്രശംസിക്കുകയും ചെയ്തു.

ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ട്രഷറർ സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ, വൈസ് പ്രസിഡണ്ടുമാരായ ടോമി കണയങ്കൽ, ഐ.സി മേരി, ഗ്ലോബൽ യൂത്ത് കൗൺസിൽ കോർഡിനേറ്റർ സിജോ കണ്ണേഴത്ത്, ജെയിംസ് പേരുക്കുന്നേൽ, ജോണി വടക്കേക്കര, ഷീബ തെക്കേടത്ത് എന്നിവർ സംസാരിച്ചു.

**എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനങ്ങൾ**

**I. ഏകദിന ശില്പശാല:** ഓഗസ്റ്റ് 30 ശനിയാഴ്ച ഗ്ലോബൽ ഭാരവാഹികളുടെ നേതൃത്വത്തിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർക്കായി നടത്തുന്ന ഏകദിന ശില്പശാല ചെമ്പേരി ലൂർദ് മാതാ ബസലിക്കപ്പള്ളി ഹാളിൽവച്ച് നടത്തുവാൻ നിശ്ചയിച്ചു. രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടു കൂടി ആരംഭിക്കുന്ന യോഗം വൈകുന്നേരം മൂന്നര മണിക്ക് സമാപിക്കും.

കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർ നിർബന്ധമായും ശില്പശാലയിൽ പങ്കെടുക്കണം. ഫൊറോനയിലെ ഓരോ യൂണിറ്റിൽ നിന്നും ഏകദിന ശില്പശാലയിൽ പങ്കെടുക്കുന്നവരുടെ പേരും ഒരംഗത്തിൽ നിന്ന് 200 രൂപ രജിസ്ട്രേഷൻ ഫീസും ശേഖരിച്ച് ഓഗസ്റ്റ് 25ന് മുമ്പായി ഫൊറോന പ്രസിഡണ്ടുമാർ ശില്പശാല കമ്മിറ്റിയെ ഏൽപ്പിക്കണം.

**ശില്പശാല സംഘാടക സമിതി:** ഫിലിപ്പ് വെളിയത്ത്, ജിമ്മി ആയിത്തമറ്റം, സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ, ബിജു മണ്ഡപത്തിൽ, ഷീബ തെക്കേടത്ത് എന്നിവരെ ശില്പശാല സംഘാടക സമിതി അംഗങ്ങളായും യോഗത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ചെമ്പേരി ഫൊറോന കമ്മിറ്റിയെയും ചുമതലപ്പെടുത്തി.

**II.** ചിങ്ങം ഒന്ന് കർഷകദിന പ്രോഗ്രാമുകളും കർഷക പ്രതിഷേധങ്ങളും ഓരോ മേഖലയിലും പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് ഉചിതമായ രീതിയിൽ ചെയ്യുന്നതിന് തീരുമാനിച്ചു. **III.** അതിരൂപതാ ഭാരവാഹികളുടെ ഫൊറോന, യൂണിറ്റ് വിസിറ്റ് സെപ്റ്റംബർ മാസത്തിൽ നടത്തുന്നതിനായി തീരുമാനിച്ചു. **IV.** സെപ്റ്റംബർ 5 അധ്യാപകദിനത്തിൽ എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ അധ്യാപകരെ ആദരിക്കുന്നതിന് തീരുമാനിച്ചു. **V.** സെപ്റ്റംബർ മാസം മുതൽ കത്തോലിക്ക കോൺഗ്രസ് ഫൊറോന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് തല പ്രവർത്തനങ്ങൾ പ്രത്യേക ഫോർമാറ്റിൽ ശേഖരിച്ച് ഫൊറോന ഡയറക്ടർ അച്ചൻമാർക്കു അതിന്റെ ഒരു കോപ്പി നൽകുകയും ഒരു കോപ്പി അവരുടെ ഒപ്പ്, സീൽ എന്നിവ രേഖപ്പെടുത്തി അതിരൂപത ഭാരവാഹികളെ ഏൽപ്പിക്കണം. ഫോർമാറ്റ് അതിരൂപതാ സമിതി നൽകുന്നതായിരിക്കും.

ഇതേ മാതൃകയിൽ യൂണിറ്റ് ഭാരവാഹികൾ ഇടവക ഡയറക്ടർക്ക് ഒരു കോപ്പി നൽകുകയും ഒരു കോപ്പി ഡയറക്ടർ അച്ചന്റെ ഒപ്പും സീലും സഹിതം ഫൊറോന പ്രസിഡന്റിനെ ഏൽപ്പിക്കണം. **VI.** ചെമ്പന്തൊട്ടി മ്യൂസിയത്തിൽ സ്ഥാപിക്കുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ വെങ്കല പ്രതിമ നിർമ്മാണത്തിനായി അസംസ്കൃത വസ്തുക്കൾ നൽകിയ ഇടവകകളുടെ പേര് ഫൊറോന പ്രസിഡണ്ട് ഓഗസ്റ്റ് 18 ന് മുമ്പായി അതിരൂപത ജനറൽ സെക്രട്ടറിക്ക് നൽകണം. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ വെങ്കലപ്രതിമ നിർമാണ ത്തിനായി അസംസ്കൃത വസ്തുക്കൾ ശേഖരിച്ച ഇടവകകളുടെ ലിസ്റ്റ് അടുത്ത മാസത്തെ ഗിരിദീപത്തിൽ പ്രസിദ്ധീ കരിക്കണമെന്ന് തീരുമാനിച്ചു. **VII.** സെപ്റ്റംബർ മാസത്തെ അതിരൂപത എക് സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 13ന് ആലക്കോട് ഫൊറോനയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു.

**പൊതു പ്രവർത്തനങ്ങൾ**

**1.** കത്തോലിക്കാ കോൺഗ്രസ് വിളമന യൂണിറ്റിന്റെ നേതൃത്വത്തിൽ കുരുമുളക് കൃഷി സെമിനാർ നടത്തി.

**2.** ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനി യുടെ തിരുനാൾ ദിനത്തിൽ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അതിരൂപതയിലെ ഇടവകകളിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ബഹു. വികാരി അച്ചന്മാരെ ആദരിച്ചു.

**3.** കത്തോലിക്കാ കോൺഗ്രസ് പാണത്തൂർ യൂണിറ്റിന്റെ ആഭിമുഖ്യ ത്തിൽ പനത്തടി പാലിയേറ്റീവ് കെയർ യൂണിറ്റിന് 60000 രൂപ വിലമതി ക്കുന്ന കട്ടിൽ, ബെഡ്, വീൽചെയറുകൾ, മൊബൈൽ കമോഡ്, അഡൽട്ട് നാപ്കിൻ, രോഗികളെ പരിചരിക്കുവാനുള്ള മറ്റ് സാമഗ്രികകൾ മുതലായവ പനത്തടി ഗ്രാമപഞ്ചായത്ത് അധ്യക്ഷ പ്രസന്ന പ്രസാദിനു നൽകി. യൂണിറ്റ് പ്രസിഡണ്ട് സ്റ്റീഫൻ മലമ്പേൽപതിക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. നോബിൾ പന്തലാടിക്കൽ, പനത്തടി ഫൊറോന പ്രസിഡണ്ട് ജോണി തോലമ്പുഴ എന്നിവർ സംസാരിച്ചു.

**4.** ചിങ്ങം ഒന്ന് കർഷക ദിനത്തിൽ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ ആഹ്വാനപ്രകാരം ഇടവകകളിൽ ഏറ്റവും നല്ല കർഷകരെ ആദരിച്ചു.

**5.** കുന്നുംകൈ യൂണിറ്റ് യൂത്ത് കോർഡിനേറ്ററും വിമുക്തഭടനുമായ ജോമോൻ ആന്ത്രാശേരിയെ പ്രസിഡണ്ട് സാജു പടിഞ്ഞാറേട്ടന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് പൊന്നാട അണിയിച്ച് ആദരിച്ചു.

സ്വാതന്ത്ര്യ ദിനത്തിൽ മേരിഗിരി യൂണിറ്റ് ഇടവകയിലെ വിമുക്ത ഭടന്മാരെ ആദരിച്ചു. പരിയാരം യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ

വിമുക്തഭടന്മാരെയും സൈനികരെയും ഫൊറോന ഡയറക്ടർ ഫാ. നിതിൻ പുഞ്ചത്തറപ്പേലും യൂണിറ്റ് പ്രസിഡണ്ട് സണ്ണി തെക്കേലും സെക്രട്ടറി ജോസ് പതാലിപ്ലാവിലും ചേർന്ന് ആദരിച്ചു. തളിപ്പറമ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ വിമുക്ത ഭടന്മാരെയും സൈനികരെയും പോലീസ്, അർദ്ധസൈനിക വിഭാഗത്തിലുള്ളവരെയും സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഫൊറോന വികാരി വെരി റവ. ഫാ. മാത്യു ആശാരിപറമ്പിലും യൂണിറ്റ് പ്രസിഡണ്ട് സിബി പരിയാനിക്കിലും ചേർന്ന് ആദരിച്ചു.

**6.** കത്തോലിക്ക കോൺഗ്രസ് പച്ചാണി യൂണിറ്റ് നിർമ്മിച്ച ജൈവവളം ഇടവക പരിധിയിലുള്ള കർഷകർക്ക് വിതരണം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് പച്ചാണി യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ നൈപുണ്യ വികസന സെമിനാർ യൂണിറ്റ് പ്രസിഡണ്ട് കെ. ജെ. ഷാജൻ മാസ്റ്ററുടെ അധ്യക്ഷത്തിൽ ചേർന്ന യോഗത്തിൽ അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സെക്രട്ടറി അഡ്വക്കേറ്റ് ഷീജ കാറുകളം മുഖ്യഭാഷണവും ഫാ. തോമസ് കണ്ടത്തിൽ അനുഗ്രഹപ്രഭാഷണവും നടത്തി. ഷിനോ പാറക്കൽ, ജയിംസ് ഇമ്മാനുവൽ എന്നിവർ സംസാരിച്ചു.

**സംഘടനാ പ്രവർത്തനങ്ങൾ**

**1.** തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ നേതൃസംഗമം ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ അതിരൂപതയിലെ ഫൊറോനകളിൽ നിന്നുമായി പങ്കെടുത്ത യുവജന പ്രതിനിധികൾക്ക് നേതൃത്വ പരിശീലന ക്ലാസ് നടത്തി. പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത്, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ യൂത്ത് കൗൺസിൽ ഗ്ലോബൽ കോർഡിനേറ്റർ സിജോ കണ്ണേഴം, ഷീബ തെക്കേടത്ത്, പാട്രിക് കുരുവിള, ബിജു ഈറ്റിക്കൽ എന്നിവർ സംസാരിച്ചു.

**2.** തലശ്ശേരി അതിരൂപത കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ നേതൃസംഗമം ചെറുപുഴ സെന്റ് മേരീസ് ഫൊറോന പാരിഷ് ഹാളിൽ അതിരൂപത ചാൻസലർ റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചക്കുന്നേൽ രൂപതാ ഭാരവാഹികളായ ജിമ്മി ആയിത്തമറ്റം, സുരേഷ് കാഞ്ഞിരത്തിങ്കൽ യൂത്ത് കൗൺസിലർ സിജോ കണ്ണേഴത്ത്, പാട്രിക് കുരുവിള ഫൊറോനാ പ്രസിഡണ്ടുമാരായ സാജു പുത്തൻപുര, സാജു പടിഞ്ഞാറേട്ട് എന്നിവർ സംസാരിച്ചു.

**3.** മാർ വള്ളോപ്പിള്ളി പിതാവിന്റെ പ്രതിമ നിർമ്മാണത്തിനായി ഇടവകകളിൽ നിന്നും ശേഖരിച്ച അസംസ്കൃത വസ്തുക്കൾ തോമാപുരം മേഖലയിൽ നിന്ന് പ്രസിഡന്റ് ഫിലിപ്പ് വെളിയത്തിന്റെ നേതൃത്വത്തിലും

പേരാവൂർ മേഖലയിൽ നിന്ന് ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റത്തിന്റെയും, ട്രഷറർ സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കലിന്റെയും നേതൃത്വത്തിൽ സംഭരിച്ചു. ചെമ്പന്തൊട്ടി ഫൊറോനാ ദൈവാലയ അങ്കണത്തിൽ ചേർന്ന യോഗത്തിൽ വച്ച് പ്രതിമ നിർമ്മാണകമ്മിറ്റി ഭാരവാഹികളായ ചെമ്പന്തൊട്ടി ഫൊറോനാ വികാരി വെരി റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ ശ്രീകണ്ഠാപുരം നഗരസഭ ചെയർപേഴ്സണൽ ഡോ. കെ.വി ഫിലോമിന, ഇരിക്കൂർ ടൂറിസം ഡെവലപ്മെന്റ് ചെയർമാൻ പി.ടി. മാത്യു എന്നിവർക്ക് വെങ്കല വസ്തുക്കൾ കൈമാറി.

**4.** അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ കാഞ്ഞാങ്ങാട് ചായ്യോത്ത് ചേർന്ന കത്തോലിക്ക കോൺഗ്രസ് കാഞ്ഞങ്ങാട് ഫൊറോന കമ്മിറ്റി രൂപീകരണ യോഗം വികാരി ജനറൽ മോൺ. മാത്യു ഇളംതുരുത്തിപടവിൽ ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് ഫൊറോന ഡയറക്ടർ റവ. ഫാ. ജോസഫ് ആനിത്താനം മുഖ്യഭാഷണം നടത്തി.

**കാഞ്ഞങ്ങാട് ഫൊറോന ഭാരവാഹികൾ**

*പ്രസിഡണ്ട്:* സജി മാതാളികുന്നേൽ, *സെക്രട്ടറി:* സണ്ണി കാട്ടുതറ, *ട്രഷറർ:* പീറ്റർ ചക്കുങ്കൽ

തലശ്ശേരി അതിരൂപതയിൽ കാഞ്ഞങ്ങാട് ഫൊറോന കമ്മിറ്റിയുടെ രൂപീകരണത്തോടുകൂടി അതിരൂപതയിലെ എല്ലാ ഫൊറോനകളിലും കത്തോലിക്കാ കോൺഗ്രസ് ഫൊറോന കമ്മിറ്റികൾ നിലവിൽ വന്നു.

**5.** ഛത്തീസ്ഗഡിൽ അന്യായമായി പോലീസ് കസ്റ്റഡിയിലായ സിസ്റ്റർ പ്രീതിയുടെയും സി. വന്ദനയുടെയും ഭവനങ്ങളിൽ അഭിവന്ദ്യ അതിരൂപതാ അധ്യക്ഷന്റെ നേതൃത്വത്തിൽ കത്തോലിക്ക കോൺഗ്രസ് ഭാരവാഹികൾ സന്ദർശിച്ച് കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും ബഹു. സിസ്റ്റർമാരെ ജയിൽ വിമുക്തരാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ശക്തമായി നടത്തുമെന്നും കുടുംബാങ്ങളോടൊപ്പം കത്തോലിക്കാ കോൺഗ്രസ് എന്നും ഉണ്ടാകുമെന്നും അറിയിച്ചു.

**പ്രതിഷേധങ്ങൾ, സമരങ്ങൾ**

ഛത്തീസ്ഗഡിൽ ക്രിസ്ത്യൻ മിഷണറിമാരായ സിസ്റ്റർമാരെ അകാരണമായി അറസ്റ്റ് ചെയ്ത് തടങ്കലിൽ പാർപ്പിച്ച സർക്കാരിനെതിരെ പ്രതികരിക്കുന്നതിനും ബഹു. സിസ്റ്റർമാരെ ജയിൽ വിമുക്തരാക്കുന്നതിന് വേണ്ടിയും കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 19 ഫൊറോനകളിലെ 203 ഇടവകകളിലും പ്രതിഷേധ പ്രകടനങ്ങളും ഉപവാസ സമരങ്ങളും ഐക്യദാർഢ്യറാലിയും നടത്തി. ആലക്കോട്, ചെറുപുഴ മേരിഗിരി, ചെമ്പേരി, ഇരിട്ടി, ശ്രീകണ്ഠാപുരം, തളിപ്പറമ്പ്, കണ്ണൂർ, തോമാപുരം മേഖലകളിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിലും, അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തും ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചക്കുന്നിലും ജനറൽ സെക്രട്ടറി

ജിമ്മി ആയിത്തമറ്റവും, സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കലും, വൈസ് പ്രസിഡണ്ടുമാരായ ടോമി കണയങ്കലും, ഐസി മേരിയും ബെന്നിച്ചൻ മഠത്തിനകവും, ഷിനോ പാറക്കലും പ്രതിഷേധ പരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

വായാട്ടുപറമ്പ് ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ കരുവഞ്ചാലിൽ വച്ച് നടത്തപ്പെട്ട പ്രതിഷേധ റാലിയും യോഗവും തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫൊറോനാ വികാരി റവ. ഫാ. തോമസ് തെങ്ങുംപള്ളി മുഖ്യഭാഷണം നടത്തി. വായാട്ടുപറമ്പ് ഫൊറോനയിലെ വിവിധ ഇടവക വികാരിയച്ചന്മാർ കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളായ ജിമ്മി ആയിത്തമറ്റം, സുരേഷ് കാഞ്ഞിരത്തിങ്കൽ, ബിനോയ് ഓമത്തടം, ജയ്സൺ അട്ടാറിമാക്കൽ, ടോമി കണയങ്കൽ എന്നിവർ സംസാരിച്ചു.

ഛത്തീസ്ഗഡിൽ അകാരണമായി ക്രിസ്ത്യൻ മിഷനറിമാരായ സിസ്റ്റർമാരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് തലശ്ശേരി അതിരൂപ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത് കണ്ണൂർ മഹാത്മാ മന്ദിരത്തിൽ നിന്ന് ആരംഭിച്ച് മുനിസിപ്പൽ സ്റ്റേഡിയത്തിൽ സമാപിച്ച പ്രതിഷേധ റാലിയിലും പ്രതിഷേധയോഗത്തിലും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫിലിപ്പ് കവിയിൽ, അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത്, ഗ്ലോബൽ ട്രെഷറർ ടോണി ജോസഫ് പുഞ്ചകുന്നേൽ, എന്നിവരുടെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയിലെ നിരവധി കത്തോലിക്ക കോൺഗ്രസ് നേതാക്കളും പ്രവർത്തകരും പങ്കെടുത്തു.

തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിനെതിരെയും കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലിനെതിരെയും രാഷ്ട്രീയപാർട്ടി നേതാക്കൾ നടത്തിയ അധിക്ഷേപത്തിനെതിരെ ഫാ. തോമസ് പയ്യമ്പള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന പുലിക്കുരുമ്പ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് യോഗം പ്രതിഷേധം രേഖപ്പെടുത്തി. ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം മുഖ്യഭാഷണവും ബാബു ആക്കാട്ടയിൽ പ്രതിഷേധപ്രമേയവും അവതരിപ്പിച്ചു.

**അനുശോചനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത വൈസ് പ്രസിഡണ്ട് ഷിനോ പാറക്കലിന്റെ ഭർതൃമാതാവിന്റെ നിര്യാണത്തിൽ പ്രസിഡന്റ് ഫിലിപ്പ് വെളിയത്തിന്റെ നേതൃത്വത്തിൽ അതിരൂപതാ ഭാരവാഹികൾ ആദരാഞ്ജലികൾ അർപ്പിച്ചു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

സമൂഹത്തിലെ ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കുന്ന വർക്കായി രൂപകൽപന ചെയ്തിരിക്കുന്ന ഇരിട്ടി, ചെമ്പേരി, കരുവഞ്ചാൽ ഡയാലിസിസ് സെന്ററുകളിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്കരോഗികളെ സഹായിക്കാൻ വിവിധ കൂട്ടായ്മകളിലൂടെ സാധിക്കുന്നു. ഓരോ മാസവും 1200 -ൽ പരം ഡയാലിസിസ് നമ്മൾ നടത്തുന്നുണ്ട്. ഇതിനായി ക്രമീകരിച്ചിരിക്കുന്ന കർമ്മ പദ്ധതികളിൽ ഫൊറോനാതല ക്രമീകരണം കൃത്യതയോടെ പാലിക്കാൻ ശ്രദ്ധിക്കുമല്ലോ.

**1. ഫൊറോനാതല ഡയറക്ടർമാർ**

| | | |
|---|---|---|
| ആലക്കോട് | – | ഫാ. തോമസ് ചക്കിട്ടമുറിയിൽ |
| ചെമ്പൻതൊട്ടി | – | ഫാ. പോൾ എടത്തിനകത്ത് |
| ചെമ്പേരി | – | ഫാ. മാത്യു ഓലിക്കൽ |
| ചെറുപുഴ | – | ഫാ. ജോർജ്ജ് മുണ്ടൻകുന്നേൽ |
| എടൂർ | – | ഫാ. കുര്യാക്കോസ് കളരിക്കൽ |
| കാഞ്ഞങ്ങാട് | – | മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ |
| കാസർഗോഡ് | – | ഫാ. ജോർജ്ജ് വള്ളിമല |
| കുന്നോത്ത് | – | ഫാ. സേവ്യർ തേലക്കാട്ട് |
| മാലോം | – | ഫാ. ജോർജ്ജ് വെള്ളരിങ്ങാട്ട് |
| മണിക്കടവ് | – | ഫാ. ജോസഫ് കുരിശുംമൂട്ടിൽ |
| മേരിഗിരി | – | ഫാ. ജോസ് പൂവ്വാന്നിക്കുന്നേൽ |
| നെല്ലിക്കാംപൊയിൽ | – | ഫാ. ജോസഫ് മുണ്ടപ്ലാക്കൽ |
| പൈസക്കരി | – | ഫാ. നോബിൾ ഓണംകുളം |
| പനത്തടി | – | ഫാ. ജോൺസൺ വേങ്ങപറമ്പിൽ |
| പേരാവൂർ | – | ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം |
| തളിപ്പറമ്പ് | – | ഫാ. ജോർജ്ജ് പുഞ്ചത്തറപ്പേൽ |
| തോമാപുരം | – | ഫാ. മാത്യു പ്രവർത്തുംമലയിൽ |
| വായാട്ടുപറമ്പ | – | ഫാ. ജേക്കബ് പള്ളിനീരാക്കൽ |
| വെള്ളരിക്കുണ്ട് | – | ഫാ. വിനോദ് ഇട്ടിയപ്പാറ |

**2. ഡയറക്ടേഴ്സ് മീറ്റ്**

ഫൊറോനാ ഡയറക്ടർ അച്ചന്മാരുടെ ഒരു മീറ്റിംഗ് സെപ്റ്റംബർ 30 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വച്ചും ഉച്ചകഴിഞ്ഞ് 3 മണി മുതൽ ഇരിട്ടി ഡയാലിസിസ് സെന്ററിൽ വച്ചും കൂടുന്നു. എല്ലാ ഡയറക്ടർ അച്ചന്മാരും ഏതെങ്കിലും ഒരു സ്ഥലത്ത് കൃത്യസമയത്ത് എത്തിചേരുമല്ലോ.

**3. പ്രത്യേകം ശ്രദ്ധിക്കാൻ**

- സെപ്റ്റംബർ 30-ന് മീറ്റിംങ്ങിന് വരുമ്പോൾ 2025 ഏപ്രിൽ ഒന്നു മുതൽ 2025 സെപ്റ്റംബർ 30 വരെയുള്ള ഓൺലൈനിൽ ചെയ്ത കണക്കിന്റെ ഒരു കോപ്പി കൊണ്ടുവരണം.
- ഇനിയും Software ഉപയോഗിച്ച് തുടങ്ങാത്തവർ ഈ ഏപ്രിൽ മുതൽ നിർബന്ധമായും ഉപയോഗിക്കണം.
- കുടിശികയുള്ള ഫൊറോനകൾ കഴിവതും വേഗം കുടിശിക തീർത്ത് സഹകരിക്കുമല്ലോ.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

## മരിയൻ പിൽഗ്രിം മിനിസ്ട്രി

തലശ്ശേരി അതിരൂപതയുടെ പിൽഗ്രിം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ 2025 ഒക്ടോബർ 9 മുതൽ 11 ദിവസത്തേക്ക് ജോർദാൻ, പാലസ്തീൻ, ഇസ്രായേൽ, ഈജിപ്ത് എന്നീ 4 രാജ്യങ്ങളിലൂടെ ഈശോമിശിഹായുടെ മനുഷ്യാവതാര രക്ഷാകര രഹസ്യങ്ങൾ സംഭവിച്ച സ്ഥലങ്ങളിലൂടെ വിശുദ്ധനാട് യാത്ര ക്രമീകരിക്കുന്നു. 2025 നവംബർ 2 മുതൽ 16 ദിവസത്തേക്ക് യൂറോപ്പ് യാത്രയും ക്രമീകരിക്കുന്നു (ഇറ്റലി, വത്തിക്കാൻ, സ്വിറ്റ്സർലൻഡ്, ജർമ്മനി, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ).

- വിശദവിവരങ്ങൾക്കും ബുക്കിങ്ങിനുമായി 7306266198 (ഫാ. ജോർജ് വെള്ളരിങ്ങാട്ട്) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
- വിശുദ്ധ നാട് യാത്രയുടെ ബുക്കിംഗ് സെപ്റ്റം. 5 ന് അവസാനിക്കും.
- യൂറോപ്പ് യാത്രയുടെ ബുക്കിംഗ് ഒക്ടോബർ 10 നും അവസാനിക്കുന്നു.
- ജൂബിലി വർഷത്തിൽ തീർത്ഥാടനങ്ങളിൽ പങ്കെടുക്കുവാൻ സ്വാഗതം ചെയ്തുകൊണ്ട്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത**

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ആലക്കോട് ബധിര ബൈബിൾ സൊസൈറ്റി**

ഓഗസ്റ്റ് മൂന്നാം തീയതി ഞായറാഴ്ച ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് വിശുദ്ധ ബലിയും ബൈബിൾ ക്ലാസും നടത്തി. തുടർന്ന് വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയെകുറിച്ച് ക്ലാസുകൾ നൽകി.

**സ്വാതന്ത്ര്യ ദിന ആഘോഷം**

ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ കാരക്കുണ്ട് ഡോൺ ബോസ്കോ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിൽ വച്ച് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതാംബയുടെ 79-ാം സ്വാതന്ത്ര്യ ദിന ആഘോഷവും സംയുക്തമായി നടത്തി. പതാക ഉയർത്തലിനു ശേഷം കുട്ടികളുടെ കലാപരിപാടികളും പരേഡും നടത്തപ്പെട്ടു. വിശുദ്ധ കുർബാനയ്ക്കുശേഷം കുട്ടികൾക്ക് ആലക്കോട് ബധിര സൊസൈറ്റി അംഗങ്ങൾ മധുര പലഹാരം വിതരണം ചെയ്തു. തുടർന്ന് അംഗങ്ങൾ കാരക്കുണ്ട് വെള്ളച്ചാട്ടം സന്ദർശിച്ച് സന്തോഷം പങ്കുവച്ചു.

**ജ്യോതി നിവാസ് സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂൾ - ചായ്യോം**

ഓണപരീക്ഷയായിരുന്ന ജ്യോതി നിവാസ് സ്കൂളിലെ കുട്ടികൾക്കായി വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. സമാഗതമാകുന്ന സ്വാതന്ത്ര്യ ദിനത്തിന്റെയും ഓണത്തിന്റെയും മംഗളങ്ങൾ കുട്ടികൾക്ക് ആശംസിച്ചു.

**ബാംഗ്ലൂർ മിഷൻ**

ഓഗസ്റ്റ് രണ്ടാം ഞായറാഴ്ച ബാംഗ്ലൂർ അംഗങ്ങൾക്കായി വിശുദ്ധ ബലിയും, ബൈബിൾ ക്ലാസും നൽകി. വിവാഹത്തിന് ഒരുങ്ങുന്നവർക്കായി വിവാഹ ഒരു ക്ലാസുകൾ ആരംഭിച്ചു.

**പരിശുദ്ധ അമ്മയുടെ ജനനത്തിരുന്നാൾ**

ബാംഗ്ലൂർ ശിവാജി നഗറിലെ പ്രശസ്തമായ പരിശുദ്ധ മാതാവിന്റെ ബസിലിക്ക ദൈവാലയത്തിൽ പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ അനുബന്ധമായി ബാംഗ്ലൂർ അതിരൂപത ഭിന്നശേഷിക്കാർക്കായി ഓഗസ്റ്റ് 30-ാം തീയതി ഒരുക്കിയ പ്രത്യേക പ്രാർത്ഥന ശുശ്രൂഷയിലും, അഭിവന്ദ്യ ആർച്ച്ബിഷപ്പ് പീറ്റർ മച്ചാഡോ നേതൃത്വം നൽകിയ പരിശുദ്ധ ബലിയിലും പങ്കുചേർന്ന് ആംഗ്യഭാഷ പരിഭാഷ നൽകി.

അതിരൂപതാ ഭിന്നശേഷി വിഭാഗം ഡയറക്ടർ ഫാ. ആൻഡിക് ആർനോൾഡ് ഒരുക്കങ്ങൾക്ക് നേതൃത്വം നൽകി.

**പ്രഥമ ദിവ്യകാരുണ്യ സ്വീകരണം**

നല്ല ഇടയനായ ഈശോയുടെ കരുതലിൽ സൂക്ഷിക്കപ്പെടുന്ന പേരാവൂർ ഇടവകാംഗമായ ജീവ മരിയ ബൈജുവിന്റെ ആദ്യകുർബാന സ്വീകരണം 17–ാം തീയതി ഞായറാഴ്ച പേരാവൂർ തിരുഹൃദയസഭയുടെ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. ജീവാമോളെ ജീവനുതുല്യം സ്നേഹിക്കുന്ന മാതാപിതാക്കളായ ബൈജുവിനും ശീതളിനും തിരുകർമ്മങ്ങൾക്ക് അനുവാദം നൽകിയ ബഹു. വികാരിയച്ചൻ ഷാജി തെക്കേമുറിയിൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ട്രീസാ പാലക്കൽ, സി. ലിസ തയ്യിൽ, ബഹു. സിസ്റ്റേഴ്സ് ഏവർക്കും ആദം മിനിസ്ട്രിയുടെ അഭിനന്ദനങ്ങളും നന്ദിയും.

**RCI സെമിനാർ**

ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി റിഹാബിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ കണ്ണൂർ കെയ്റോസിൽ ഓഗസ്റ്റ് 27, 28, 29 തീയതികളിൽ ഒരുക്കിയ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

**ബേത്സഥാ മീറ്റ്**

നസ്രായനായ ഈശോയുടെ പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സ്നേഹത്തിന്റെ, കരുതലിന്റെ, നേർക്കാഴ്ചയാണ് ബേത്സഥാ കുളക്കര നമുക്ക് പ്രദാനം ചെയ്യുക. 38 വർഷമായി തളവാതത്താൽ യാതന അനുഭവിക്കുന്ന മനുഷ്യൻ, ആരാലും സഹായിക്കപ്പെടാൻ ഇല്ലാതെ നിസ്സഹായനായ വ്യക്തി, അവനെ രക്ഷകൻ ജീവിതത്തിലേക്ക് നയിക്കുന്നു.

തലശ്ശേരി അതിരൂപത വിശ്വാസസമൂഹത്തിലെ പ്രിയപ്പെട്ട ഭിന്നശേഷിക്കാരായ മക്കൾ, വിവിധ കാരണങ്ങളാൽ ദേവാലയത്തിലേക്ക് ബലിയർപ്പിക്കുവാൻ കടന്നുവരാൻ സാധിക്കാത്തവർ. അവരെ മിശിഹായുടെ ബലിവേദിയിലേക്ക് അടുപ്പിക്കുന്ന സുവിശേഷ ദൗത്യമാണ് ബേത്സഥാ മീറ്റ്. നിങ്ങൾ സദ്യ നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക അപ്പോൾ നീ ഭാഗ്യവാൻ ആയിരിക്കും (ലൂക്ക 14, 13 – 14)എന്ന ഗുരു വചനത്തെ അന്വർത്ഥമാക്കുവാൻ അതിരൂപത ഭിന്നശേഷി വിഭാഗമായ ആദംമിനിസ്ട്രിയുടെ ചുവടുവെപ്പാണ് ഇത്.

തന്റെ അജഗണത്തിലെ ഭിന്നശേഷിക്കാരായ പ്രിയ മക്കളെ ദൈവസന്നിധിയിലേക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിയെടുക്കുവാൻ പദ്ധതികൾ വിഭാവനം ചെയ്യുന്ന നമ്മുടെ സ്നേഹനിധിയായ അതിരൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവാണ് സെപ്റ്റംബർ 23 തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് പേരാവൂർ ഫൊറോന ദൈവാലയത്തിൽ വച്ച് ബേത്സഥാ മീറ്റ് ഉദ്ഘാടനം ചെയ്യുക. അഭിവന്ദ്യ പിതാവിനോട് ചേർന്ന് പേരാവൂർ ഫൊറോനയിലെ പ്രിയപ്പെട്ട ഭിന്നശേഷി വിശ്വാസസമൂഹത്തെ സ്നേഹിക്കുവാൻ ആദരിക്കുവാൻ ഏവരെയും സാദരം ക്ഷണിക്കുന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കരിസ്മാറ്റിക് മൂവ്മെന്റ്

**അതിരൂപതാ വിസിറ്റ്**

4.8.2025 ന് കാസർഗോഡ് സോണിലെ അതിരൂപതാ വിസിറ്റും സർവ്വീസ് ടീം കൂട്ടായ്മയും തോമാപുരം സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടന്നു. തലശ്ശേരി അതിരൂപതാ ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കലും ദേശീയ സേവനസമിതി അംഗം സന്തോഷ് തലച്ചിറയും കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി. അച്ചൻ ചത്തീസ്ഗഡ് അനുഭവങ്ങൾ ഗ്രൂപ്പിൽ പങ്കുവെച്ചു. അതിരൂപതാ ഡയറക്ടർ അച്ചന്റെ തക്കസമയത്തുള്ള ചത്തിസ്ഗഡ് യാത്രയെ എല്ലാ അംഗങ്ങളും എടുത്തു പറയുകയും അതിലുള്ള സന്തോഷം അറിയിക്കുകയും ചെയ്തു. കാസർഗോഡ് സോൺ ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചന്റെ സാന്നിദ്ധ്യത്തിൽ സോണിൽ ജൂബിലി നാളുകളിൽ നടക്കേണ്ട കർമ്മ പരിപാടികളെപ്പറ്റി വിലയിരുത്തി.

കണ്ണൂർ സോണിലെ അതിരൂപതാ വിസിറ്റ് 28.8.2025 ന് ഉച്ചകഴിഞ്ഞ് 2 മണിക്കും തലശ്ശേരി സോണിലെ വിസിറ്റ് ആഗസ്റ്റ് ആദ്യ ശനിയാഴ്ച ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ചും ക്രമീകരിക്കാൻ അതിരൂപതാ ഡയറക്ടർ നിർദ്ദേശം നൽകി. വിസിറ്റിൽ സോണൽ, സബ് സോൺ, മിനിസ്ട്രി കോർഡിനേറ്റർമാർ പങ്കെടുക്കുകയും പ്രവർത്തന റിപ്പോർട്ട് നൽകണമെന്നും റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൻ നിർദ്ദേശിച്ചു

ജാഗരണ പ്രാർത്ഥന 30-7-25 വൈകുന്നേരം മുതൽ 31-7-25 രാവിലെ 6 മണി വരെ അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സന്യാസിനി സമൂഹത്തിലെ സിസ്റ്റർ വന്ദന ഫ്രാൻസിസ്, സിസ്റ്റർ പ്രീതി മേരി എന്നിവരുടെ മോചനത്തിനായി കാസർഗോഡ്, കണ്ണൂർ, തലശ്ശേരി സോണുകളിലെ അംഗങ്ങൾ ഉദയഗിരി ദൈവാലയത്തിൽ ജാഗരണ പ്രാർത്ഥന നടത്തി. ആലക്കോട് സബ് സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് മൈലംമൂട്ടിൽ വി. കുർബ്ബാന അർപ്പിച്ച് വചനസന്ദേശം നൽകി. എൻ.എസ്.സി. അംഗം തിരുവചനം പങ്കുവെച്ച് പ്രാർത്ഥിക്കുകയും ആരാധന നയിക്കുകയും ചെയ്തു. കാസർഗോഡ് സോണിലെ കോർഡിനേറ്ററുടെ നേതൃത്യത്തിൽ 20 പേർ കാസർഗോഡ്നിന്നും പങ്കെടുത്തു. ഉദയഗിരി ഇടവക ജനങ്ങളും സിസ്റ്റേഴ്സും കൊച്ചച്ചനും ജാഗരണ പ്രാർത്ഥനയിൽ സജീവമായി പങ്കെടുത്തു. ജൂലൈ 17, 18, 19 തീയതികളിലായി ചട്ടമല സെന്റ്മേരീസ് ദൈവാലയത്തിൽ വച്ച് ഒരു പ്രീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തുകയുണ്ടായി. 40 അംഗങ്ങൾ പരിശീലനം നേടി. സോൺ ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ റവ. ഫാ. ജോസഫ് പൊട്ടനാനി, തോമസ് പടിഞ്ഞാറ്റുമാലിൽ തോമസ് അടിച്ചിലാമാക്കൽ, മേരി ടീച്ചർ, ബിനോയി പുതിയമംഗലം ജോസ് നിരപ്പേൽ എന്നിവർ ക്ലാസ് എടുത്തു. ചട്ടമല വികാരി റവ. ഫാ. ഓസ്റ്റിൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും യേശുവിനെ അറിയുക എന്ന വിഷയം ആസ്പദമാക്കി ക്ലാസ്സെടുക്കുകയും ചെയ്തു.

**കെറിഗ്മ കോഴ്സ്:** സെപ്റ്റംബർ 14 മുതൽ 18 വരെ കള്ളാർ ആശ്രമത്തിൽ വച്ച് കെറിഗ്മ കോഴ്സ് നടക്കുന്നു.

**ഉണർവ്വ് 2025:** ഓഗസ്റ്റ് 8, 9 തീയതികളിലായി തോമാപുരം സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് ഉണർവ്വ് 2025 എന്ന പേരിൽ ഒരു ദ്വിദിന ധ്യാനം കാസർഗോഡ് സോണിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. രണ്ട് ദിവസങ്ങളിലും 250ൽ പരം ആളുകൾ ഈ പ്രോഗ്രാമിൽ പങ്കെടുത്ത് അഭിഷേകം പ്രാപിച്ചു. ആനിമേറ്റർ മോൺ. മാത്യു ഇളംതുരുത്തിപ്പടവില ച്ചൻ വി. ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും തിരിതെളിച്ച് ഉദ്ഘാടനം നടത്തുകയും വചനസന്ദേശം നൽകുകയും ചെയ്തു. രണ്ടു ദിവസവും കെ.സി.എസ്.സി. ജോയിന്റ് കോർഡിനേറ്റർ ഷാജി വൈക്കത്തുപറമ്പിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തോമാപുരം ഫൊറോന വികാരി വെരി. റവ. ഡോ. മാണി മേൽവെട്ടം അച്ചൻ ദിവ്യകാരുണ്യ സൗഖ്യാരാധന നടത്തി. തോമാപുരം സബ് സോൺ ആനിമേറ്റർ റവ. ഫാദർ ഓസ്റ്റിൻ രണ്ടാം ദിവസം വി. ബലി അർപ്പിച്ചു പ്രാർത്ഥിച്ചു. കാസർഗോഡ് സോണിലെ എല്ലാ സബ് സോണുകളിൽ ദ്വിദിന ധ്യാനം നടത്താൻ തീരുമാനിച്ചു. ആദ്യ പടിയായി സെപ്റ്റംബർ 8, 9, തീയതികളിൽ നീലേശ്വരം, കാഞ്ഞങ്ങാട് സബ് സോണു കളിൽ ദ്വിദിന ധ്യാനം നടക്കുന്നു.

**കുടുംബ സംഗമം:** 22.8.2025 ന് തലശ്ശേരി സോണിലെ ദമ്പതികളുടെ കൂട്ടായ്മ സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് നടന്നു. സോണൽ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പിള്ളി വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. 28.8.2025 ന് പേരാവൂർ സബ് സോൺ കുടുംബ സംഗമം പേരാവൂർ ഫൊറാനാ ദൈവാലത്തിൽ വച്ച് നടന്നു. ആനിമേറ്റർ റവ. ഫാ. ജോബി കാരക്കാട്ട് നേതൃത്വം നൽകി.

**സബ് സോൺ വിസിറ്റ് :** കണ്ണൂർ സോൺ സർവ്വീസ് സമിതി അംഗങ്ങൾ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ, ആനിമേറ്റർ സിസ്റ്റർ മരിയറ്റ് MSMI, സോണൽ കോർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ 06-08-2025 ബുധനാഴ്ച രാവിലെ 09.30 മുതൽ 01-30 വരെ വായാട്ടുപറമ്പ് സബ് സോൺ വിസിറ്റ് കരുവഞ്ചാൽ ചെറുപുഷ്പം ദൈവാലയത്തിൽ വച്ചു നടന്നു. ആലക്കോട് സബ് സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് മൈലംമൂട്ടിൽ പരി. കുർബ്ബാന അർപ്പിച്ച് അഭിഷേക ആരാധനയ്ക്ക് നേതൃത്വം നൽകി.

**വിമല ഹൃദയപ്രതിഷ്ഠ:** കരിസ്മാറ്റിക് നവീകരണ സുവർണജൂബിലി യോട നുബന്ധിച്ച്, കണ്ണൂർ സോണിലെ 5000 കുടുംബങ്ങളിൽ പരി. അമ്മയുടെ വിമലഹൃദയപ്രതിഷ്ഠ നടത്തപ്പെടുന്നു. (സെപ്റ്റം. 4- ഒക്ടോ. 7).

ദൈവകരുണയുടെ ഈ മണിക്കൂറിൽ മാതാവിലൂടെ നമ്മുടെ കുഞ്ഞു മക്കൾക്കും, യുവജനങ്ങൾക്കും,കുടുംബങ്ങൾക്കും, ഇടവകകൾക്കും, ദൈവകരുണ ലഭിക്കുവാനും ദൈവവചനം അനുസരിച്ചു ജീവിക്കുവാനും, ഈശോയെ സ്നേഹിച്ച്, നിത്യത ലക്ഷ്യമാക്കി യാത്ര ചെയ്യുവാനുമാണ് ഈ 33 ദിവസത്തെ ഒരുക്കപ്രാർത്ഥന.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, പതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**ക്വിറ്റ് ഡ്രഗ്സ് ദിനാചരണം**

വർദ്ധിച്ചു വരുന്ന ലഹരി വ്യാപനത്തിനെതിരെയുള്ള ബോധവത്കരണത്തിന്റെ ഭാഗമായി തലശ്ശേരി അതിരൂപതാ കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധസമിതിയും മുക്തിശ്രീയും ചേർന്ന് ശ്രീകണ്ഠാപുരത്ത് വെച്ച് ക്വിറ്റ് ഡ്രഗ്സ് സന്ദേശമുണർത്തി റാലിയും പൊതുസമ്മേളനവും നടത്തി. ശ്രീകണ്ഠാപുരം ഉണ്ണിമിശിഹാ പള്ളി അങ്കണത്തിൽ വെച്ച് വികാരി റവ. ഫാ. ജോസ് മഞ്ചപ്പള്ളിൽ അച്ചനും ലഹരി വിരുദ്ധ സംഘടനകളുടെ ഫൊറോന ഡയറക്ടർ റവ. ഫാ. അനൂപ് സി.എസ്.ടി യും ചേർന്ന് അതിരൂപതാ പ്രസിഡണ്ടുമാരായ റ്റോമി വെട്ടുക്കാട്ടിലിനും ഷിനോ പാറയ്ക്കലിനും പതാകകൾ നൽകി റാലി ഉദ്ഘാടനം ചെയ്തു. വൈദികരും സമർപ്പിതരും അൽമായരും ഉൾപ്പെടെ നൂറു കണക്കിന് ആളുകൾ പ്ലേ കാർഡുകൾ കൈകളിലേന്തി മുദ്രാവാക്യങ്ങൾ വിളിച്ച് റാലിയിൽ അണി ചേർന്നു. തുടർന്ന് ടൗൺ സ്ക്വയറിൽ പൊതുസമ്മേളനം നടന്നു. അതിരൂപതാ ചാൻസലർ വെരി. റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ലഹരിക്കെതിരെയുള്ള പോരാട്ടം കാലം നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന ധർമ്മസമരമാണെന്നും തലശ്ശേരി അതിരൂപതയുടെ ഈ രംഗത്തുള്ള ചരിത്രപരമായ സാമൂഹിക പ്രതിബദ്ധത ഏവർക്കും മാതൃകയാണെന്നും പൂർവാധികം ശക്തിയോടെ പ്രസ്തുത പ്രവർത്തനങ്ങൾ തുടരണമെന്നും അച്ചൻ ഓർമ്മിപ്പിച്ചു. മുക്തിശ്രീ അതിരൂപതാ പ്രസിഡണ്ട് ഷിനോ പാറയ്ക്കൽ സ്വാഗതം പറഞ്ഞു. അതിരൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ ആമുഖ ഭാഷണം നടത്തി. ലഹരി വിരുദ്ധ സമിതിയുടെ അതിരൂപതാ പ്രസിഡണ്ട് ടോമി വെട്ടിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. ചെമ്പന്തൊട്ടി ഫൊറോന വികാരി വെരി റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ അനുഗ്രഹഭാഷണവും ശ്രീകണ്ഠാപുരം നഗരസഭ അദ്ധ്യക്ഷ ഡോ. കെ.വി. ഫിലോമിന ടീച്ചർ മുഖ്യ പ്രഭാഷണവും നടത്തി. ചെമ്പേരി ബസലിക്ക റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, കോട്ടൂർ ചെറുപുഷ്പം ആശ്രമം സുപ്പീരിയർ റവ. ഡോ. ജോൺ കൊച്ചുപുരയ്ക്കൽ സി. എസ്. ടി, ലഹരി വിരുദ്ധ സമിതികളുടെ അതിരൂപതാ ആനിമേറ്റർ റവ. സി. ജോസ് മരിയ സി.എം.സി, മാതൃവേദി ഫൊറോന പ്രസിഡണ്ട് ലിനറ്റ് എന്നിവർ ആശംസകൾ അർപ്പിച്ചു. സോളി

രാമച്ചനാട്ട് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. റ്റി.ഡി. ദേവസ്യ തൈപ്പറമ്പിൽ ഏവർക്കും നന്ദി പറഞ്ഞു. തുടർന്ന് സോയി പുറവക്കാട്ടിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സന്ദേശം നൽകുന്ന പരേതന് പറയാനുള്ളത് എന്ന ലഘു നാടകവും അരങ്ങേറി. മാതൃവേദിയുടെയും കത്തോലിക്കാ കോൺഗ്രസ്സിന്റെയും കെ.സി. വൈ.എം ന്റെയും പ്രവർത്തകരും റാലിയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു. ലഹരി വിരുദ്ധ സംഘടനകളുടെ അതിരൂപതാ ഭാരവാഹികൾ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**ലഹരി എന്ന മഹാവിപത്തിനെകുറിച്ച് പാസ്റ്ററൽ കൗൺസിലിൽ ചർച്ച**

ഓഗസ്റ്റ് 16ന് തളിപറമ്പിൽ വെച്ച് നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിലെ പ്രധാന ചർച്ചാ വിഷയങ്ങളിലൊന്ന് ലഹരി എന്ന മഹാവിപത്ത് എന്നതായിരുന്നു. ഡയറക്ടർ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ വിഷയാവതരണം നടത്തി. ലഹരിയുടെ രൂക്ഷമായ വ്യാപനം, ലഹരി ഉപയോഗത്തിന്റെ ഭവിഷ്യത്തുകൾ, സർക്കാരിന്റെ മദ്യനയത്തിന്റെ കാപട്യവും വഞ്ചനയും, ലഹരിക്കെതിരായ പ്രവർത്തനം ദൈവരാജ്യശുശ്രൂഷയുടെ ഭാഗം, ലഹരിക്കടിമപ്പെട്ടു പോയ ജീവിതങ്ങളെ രക്ഷിക്കൽ അജപാലന പ്രവർത്തനങ്ങളുടെ പ്രധാന വിഷയം, പ്രതീക്ഷയുടെ പ്രവർത്തനങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള വിഷയാവതരണത്തെ തുടർന്ന് ഗൗരവതരമായ ചർച്ചകൾ നടന്നു. ലഹരിക്കെതിരായ പ്രവർത്തനം നമ്മുടെ അതിരൂപതയുടെ സാമൂഹിക പ്രതിബദ്ധതയുടെ അടയാളമാണെന്ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി മെത്രാപ്പോലീത്ത ഏവരെയും ഓർമ്മപ്പെടുത്തി.

**മദ്യവിമുക്തരുടെ കൂട്ടായ്മ**

മാസത്തിലെ ആദ്യ ഞായറാഴ്ചകളിൽ നടത്താറുള്ള ലഹരി മുക്തരുടെയും കുടുംബാംഗങ്ങളുടെയും സംഗമം ഓഗസ്റ്റ് 3 ഞായറാഴ്ച നടന്നു. 9.30 ന് വി. കുർബാനയോടെ സംഗമം ആരംഭിച്ചു. തുടർന്ന് നടന്ന മീറ്റിംഗ് സ്റ്റാഫംഗം ജോസ് സി.എ യുടെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. കുമാരി നവ്യ ജോസ് സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് അതിരൂപതാ ചാൻസലർ വെരി.റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തുടർന്ന് അംഗങ്ങളുടെ ഷെയറിംഗ് നടന്നു. ലഹരി വിരുദ്ധ പ്രതിജ്ഞ സ്റ്റാഫംഗം സുഷുമ ചൊല്ലിക്കൊടുത്തു. കൗൺസിലർ രാഹുൽ കൃഷ്ണൻ ഏവർക്കും നന്ദി പറഞ്ഞു. ആവശ്യമുള്ളവർക്ക് കൗൺസിലിംഗിന് അവസരമുണ്ടായിരുന്നു. ഉച്ചഭക്ഷണത്തോടെ എ. എ കൂട്ടായ്മ സമാപിച്ചു.

അടുത്ത കൂട്ടായ്മ സെപ്റ്റംബർ 7 ഞായറാഴ്ച നടക്കും. പ്രതീക്ഷയിൽ നിന്ന് മുൻകാലങ്ങളിൽ ചികിത്സ കഴിഞ്ഞ് പോയ എല്ലാവരെയും പറഞ്ഞയക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

**ജനകീയസംഘ നേതൃസംഗമവും പൊതുയോഗവും**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജനകീയസംഘ നേതൃസംഗമവും പൊതുയോഗവും 2025 സെപ്റ്റംബർ 01-ാം തീയതി രാവിലെ 10 മണി മുതൽ ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കുന്നു. തലശ്ശേരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസും, TSSS പ്രസിഡണ്ടുമായ മോൺ. ആന്റണി മുതുകുന്നേൽ പ്രസ്തുത സംഗമവും പൊതുയോഗവും ഉദ്ഘാടനം ചെയ്യുന്നു. TSSS ഡയറക്ടർ ഫാ. സ്കറിയ വരമ്പകത്ത്, TSSS അസി. ഡയറക്ടർ ഫാ. ജോർജ് തെങ്ങുംപള്ളിൽ, TSSS അതിരൂപത പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത്, ക്രെഡിറ്റ് യൂണിയൻ, മഹിളാ സേവാസംഘം, ഗ്രാമിക യൂണിറ്റുകളുടെ ജനകീയസംഘ നേതാക്കൾ, മറ്റു വിശിഷ്ടവ്യക്തികൾ തുടങ്ങിയവർ പങ്കെടുക്കുന്നു. ചടങ്ങിൽ യൂണിറ്റുകളുടെ കണക്കവതരണം, പ്രവർത്തനങ്ങൾ വിലയിരുത്തൽ, പൊതുചർച്ച എന്നിവ സംഘടിപ്പിക്കുന്നു.

**59-ാം വാർഷികാഘോഷവും പൊതുസമ്മേളനവും**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 59-ാം വാർഷികാഘോഷവും പൊതുസമ്മേളനവും ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽവച്ച് സംഘടിപ്പിക്കുന്നു. TSSS-ന്റെ സ്ഥാപകദിനമായ സെപ്റ്റംബർ 01-ന് ഉച്ചയ്ക്ക് 2 മണിക്കാണ് പൊതുസമ്മേളനം ആരംഭിക്കുക. തലശ്ശേരി അതിരൂപത ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വാർഷികാഘോഷത്തിന് തുടക്കം കുറിക്കും. തലശ്ശേരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസും, TSSS പ്രസിഡണ്ടുമായ മോൺ. ആന്റണി മുതുകുന്നേൽ, TSSS ഡയറക്ടർ ഫാ. സ്കറിയ വരമ്പകത്ത്, TSSS അസി. ഡയറക്ടർ ഫാ. ജോർജ് തെങ്ങുംപള്ളിൽ, TSSS അതിരൂപത പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത്, ജനകീയസംഘ നേതാക്കളും പ്രതിനിധികളും, മറ്റു വിശിഷ്ട വ്യക്തിത്വങ്ങളും ചടങ്ങിൽ പങ്കെടുക്കുന്നു. മികച്ച ക്രെഡിറ്റ് യൂണിയൻ, മഹിളാ സേവാ സംഘം, ഗ്രാമിക യൂണിറ്റ്, ബെസ്റ്റ് എസ്.എച്ച്.ജി. തുടങ്ങിയവയ്ക്കുള്ള അവാർഡ് വിതരണം, ഉപന്യാസ മത്സരവിജയികൾ, ബെസ്റ്റ് പ്രസിഡണ്ട്, ബെസ്റ്റ് സെക്രട്ടറി, തെരഞ്ഞെടുക്കപ്പെട്ട പ്രധാനപ്പെട്ട വ്യക്തിത്വങ്ങൾ

എന്നിവരെ ആദരിക്കൽ, മികച്ച യൂണിറ്റുകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം എന്നിവയും ചടങ്ങിൽ സംഘടിപ്പിക്കുന്നു.

**സാംക്രമികേതര രോഗങ്ങളും മാനസിക വെല്ലുവിളികളും – കുട്ടികളിൽ**

കുട്ടികളിലെ സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷനും യൂണിസെഫും സംയുക്തമായി സാംക്രമികേതര രോഗങ്ങളും മാനസിക വെല്ലുവിളികളും – കുട്ടികളിൽ എന്ന വിഷയത്തിൽ തിരുവനന്തപുരം പാളയത്ത് വച്ച് 2025 ഓഗസ്റ്റ് 22-ന് സംഘടിപ്പിച്ച മീറ്റിംഗിൽ TSSS അസി. ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ പങ്കെടുത്തു. കുട്ടികളുടെ ശാരീരിക – മാനസിക – വൈകാരിക – ആരോഗ്യ – അവകാശ സംരക്ഷണത്തിനാവശ്യമായ നയങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രായോഗിക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായാണ് ഈ യോഗം സംഘടിപ്പിച്ചത്.

**ലീഗൽ സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ സമ്മേളനം**

സംസ്ഥാന വനിത ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ 2025 ഓഗസ്റ്റ് 12 ചൊവ്വാഴ്ച തിരുവനന്തപുരത്ത് സംഘടിപ്പിച്ച ലീഗൽ സർവ്വീസ് പ്രൊവൈഡിംഗ് ഏജൻസികൾക്കുള്ള സമ്മേളനത്തിൽ ജില്ല വനിത പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി സുലജയോടൊപ്പം TSSS അസി. ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ പങ്കെടുത്തു.

**തൊഴിൽ അവസരം**

കേരള സർക്കാരിന്റെ വുമൺ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ചേർന്ന് കാസർഗോഡ് ജില്ലയിൽ നടപ്പാക്കിവരുന്ന കാവൽപ്ലസ് പ്രൊജക്ടിൽ കേസ് വർക്കർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കുട്ടികളുമായി ബന്ധപ്പെട്ട മേഖലകളിൽ ഒരു വർഷമെങ്കിലും പ്രവർത്തിപരിചയമുള്ള MSW യോഗ്യതയുള്ളവർക്കാണ് അവസരം. ഉദ്യോഗാർത്ഥികൾ 2025 സെപ്റ്റംബർ 15-ന് മുമ്പായി ഇതോടൊപ്പം നൽകിയിരിക്കുന്ന മെയിൽ ഐഡിയിലേക്ക് തങ്ങളുടെ ബയോഡാറ്റ അയയ്ക്കേണ്ടതാണ്. **E-mail:** hr.tsss.tly@gmail.com

**പ്രതിമാസ പ്രവർത്തനം**

2025 സെപ്റ്റംബർ മാസത്തിൽ നടത്തേണ്ട പ്രവർത്തനം ചുവടെ ചേർക്കുന്നു.

**സെപ്റ്റംബർ 01 – 07**

**ദേശീയ പോഷകാഹാര വാരം (National Nutrition Week)**

* **ആരോഗ്യകരമായ ഭക്ഷ്യോത്പന്നങ്ങളുടെ വിതരണം**
  മേഖലകളുടെ നേതൃത്വത്തിൽ എല്ലാ യൂണിറ്റുകളുടെയും സഹകരണത്തോടെ തങ്ങളുടെ പരിധിയിലെ അനാഥാലയങ്ങളിലും, ഓൾഡ് ഏജ് ഹോമുകളിലും ഭക്ഷണവും ഭക്ഷ്യോത്പന്നങ്ങളും വിതരണം ചെയ്യുക.

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തി വരുന്ന സൗജന്യ കാൻസർ പരിശോധനാക്യാമ്പ് 2025 ഓഗസ്റ്റ് മാസം 09-ാം തീയതി ശനിയാഴ്ച ആലക്കോട് മേഖലാ ഓഫീസിൽവച്ച് നടത്തി. അടുത്ത മാസത്തെ ക്യാമ്പ് **2025 സെപ്റ്റംബർ 11 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ നെല്ലിക്കാംപൊയിൽ മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കുന്നതിനായി നെല്ലിക്കാംപൊയിൽ മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടേണ്ടതാണ്.

**മാനസികാരോഗ്യ മെഡിക്കൽക്യാമ്പ്**

മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ചെമ്പേരിയിൽ സംഘടിപ്പിക്കുന്ന മെഡിക്കൽക്യാമ്പ് തുടർച്ചയായ 20 വർഷങ്ങൾ പൂർത്തീകരിച്ചിരിക്കുന്നു. കൂത്തുപറമ്പ് സിംഹാൻസ് ഹോസ്പിറ്റലിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. വിനീത SH മെഡിക്കൽക്യാമ്പിൽ രോഗികളെ പരിശോധിക്കുകയും, TSSS-ന്റെ നേതൃത്വത്തിൽ സൗജന്യമായി മരുന്ന് വിതരണം നടത്തി വരികയും ചെയ്യുന്നു. ഇതോടൊപ്പം TSSS-ന്റെ സോഷ്യൽ വർക്കർമാരുടെ നേതൃത്വത്തിൽ കൗൺസിംഗ് സൗകര്യവും ചെയ്തു നൽകുന്നു. എല്ലാ മാസങ്ങളിലെയും അവസാന ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ വൈകു. 4 മണി വരെ ചെമ്പേരി വിമല ഹോസ്പിറ്റലിൽ മെഡിക്കൽക്യാമ്പ് പ്രവർത്തിച്ചുവരുന്നു. നാളിതുവരെ ഈ ഉദ്യമത്തിൽ പ്രതിഫലമന്യേ ചികിത്സിച്ച ഡോ. വിനീത SH-നും, സഹകരിച്ച എല്ലാ ഉപകാരികൾക്കും, ഏകോപനം നടത്തിവരുന്ന പൗളിൻ കാവനാടിക്കും നന്ദി അർപ്പിക്കുന്നു.

**RADIO 4U 89.6 FM - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ**

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ ആയ റേഡിയോ ഫോർ യു ജൈത്രയാത്ര തുടങ്ങിയിട്ട് രണ്ടുവർഷം പൂർത്തിയായിരിക്കുകയാണ്. ഇതുവരെ കൂടെ നിന്ന് സഹകരിച്ച എല്ലാ ശ്രോതാക്കൾക്കും പ്രത്യേകം നന്ദി. കാസർഗോഡ് ജില്ലയിലെ സാമൂഹിക സാംസ്കാരിക പൈതൃകപരമായ പരിപാടികൾ കോർത്തിണക്കി നിരവധി പരിപാടികൾ ഈ കഴിഞ്ഞ രണ്ട് വർഷത്തിനിടെ സംപ്രേക്ഷണം ചെയ്യുവാൻ സാധിച്ചതിലുള്ള സന്തോഷം ഏറെ സ്നേഹത്തോടെ അറിയിക്കട്ടെ.

**റേഡിയോ പരസ്യങ്ങൾ**

ഈ മാസം റേഡിയോയിൽ ഓഡിയോ വഴിയുള്ള പരസ്യങ്ങൾ പ്രക്ഷേപണം ചെയ്യുന്നതിനോടൊപ്പം റേഡിയോയുടെ സാമൂഹിക മാധ്യമങ്ങൾ വഴി വീഡിയോ പരസ്യങ്ങളും നൽകുവാൻ സാധിച്ചു. റേഡിയോ മുഖേന ഓഡിയോ, വീഡിയോ പരസ്യങ്ങൾ നൽകി അതുവഴി തങ്ങളുടെ ബിസിനസ്

ശൃംഖല മെച്ചപ്പെടുത്തുവാൻ താല്പര്യമുള്ളവർക്ക് റേഡിയോയുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 7067625028.

**സർട്ടിഫിക്കറ്റ് വിതരണം**

കഴിഞ്ഞ രണ്ടു വർഷമായി RADIO 4U 89.6 FM-ലേക് വിവിധങ്ങളായ പരിപാടികൾ തന്ന് നമ്മുടെ റേഡിയോയെ പ്രോത്സാഹിപ്പിച്ച സ്ഥാപനമാണ് പടന്നക്കാട് കാർഷിക കോളേജ്. ഈ സ്ഥാപനത്തിന്റെ സംഭാവനകൾക്ക് നന്ദി സൂചകമായി കോളേജിന്റെ ഡീനായ ഡോ. സജിന റാണിക്ക് പുരസ്കാരം നൽകി. കൂടാതെ റേഡിയോയിൽ പരിപാടികൾ അവതരിപ്പിച്ച കുട്ടികൾക്കും അധ്യാപകർക്കും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

**സ്റ്റുഡിയോ റെക്കോർഡിങ്**

പൊതുജനങ്ങൾക്ക് പരസ്യത്തിനോ മറ്റു പരിപാടികൾക്കോ ആയിട്ടുള്ള സൗണ്ട് റെക്കോർഡിങ്ങിനായി റേഡിയോയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന കൈനറ്റോഗ്രാഫേഴ്സ് എന്ന പ്രൊഡക്ഷൻ സ്റ്റുഡിയോയിലേക്ക് പരസ്യം റെക്കോർഡ് ചെയ്തു നൽകി.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

**അന്താരാഷ്ട്ര കൊതുക്ദിനം :** മണ്ടളം, ചെമ്പന്തൊട്ടി CU & MSS, കോഴിച്ചാൽ, നെടുപുറംചാൽ, ബദിയടുക്ക, നടുവിൽ, നെല്ലിക്കുറ്റി, വെള്ളരിക്കുണ്ട്, പുഞ്ച എന്നീ യൂണിറ്റുകൾ കൊതുക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തി.

**വിദ്യാഭ്യാസ സഹായം :** മണ്ടളം, ഉളിക്കൽ, പാടിയോട്ടുചാൽ, പുളിങ്ങോം, തിരുമേനി, കോഴിച്ചാൽ, നെടുപുറംചാൽ, കൊളക്കാട്, പൈസക്കരി തുടങ്ങിയ യൂണിറ്റുകൾ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വിദ്യാർത്ഥികളെ ആദരിക്കുകയും സ്കോളർ ഷിപ്പുകളും മറ്റു വിദ്യാഭ്യാസ സഹായങ്ങൾ നൽകുകയും ചെയ്തു.

**നിഴൽ പദ്ധതി :** ചെമ്പന്തൊട്ടി, മണ്ടളം യൂണിറ്റുകളുടെ നേതൃത്വത്തിൽ നിഴൽ പദ്ധതി യിലേക്ക് സാമ്പത്തിക സഹായം നൽകി.

**മെഡിക്കൽക്യാമ്പ് :** മണ്ടളം, ചെമ്പന്തൊട്ടി, പാടിയോട്ടുചാൽ, കോഴിച്ചാൽ, ചന്ദനക്കാംപാറ, പടിമരുത് യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ രോഗനിർണയ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മരുന്ന് വിതരണം നടത്തുകയും ചെയ്തു.

**രോഗീസന്ദർശനം & ചികിത്സാസഹായം**

കാഞ്ഞിരക്കൊല്ലി, ആനറ, അറബി, ശാന്തിനഗർ, മാട്ടറ, ഉളിക്കൽ, പാടിയോട്ടുചാൽ, കോഴിച്ചാൽ, നെടുപുറംചാൽ, തിരുമേനി, പൈസക്കരി, വെള്ളരിക്കുണ്ട് യൂണിറ്റുകളുടെ നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തുകയും ചികിത്സാസഹായം നൽകുകയും ചെയ്തു. ചെമ്പന്തൊട്ടി, മണ്ടളം, കോഴിച്ചാൽ എന്നീ യൂണിറ്റുകൾ ഡയാലിസിസ് രോഗികൾക്ക് ധനസഹായം ലഭ്യമാക്കി.

**അഗതിമന്ദിരം സന്ദർശനം :** മുണ്ടാനൂർ, കോളയാട്, പൈസക്കരി, ചെമ്പന്തൊട്ടി, പുഞ്ച, പാത്തൻപാറ, കരുവഞ്ചാൽ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ  അഗതിമന്ദിര സന്ദർശനം നടത്തി.

**വാർഷിക പൊതുയോഗം**

ചെമ്പന്തൊട്ടി CU & MSS, കുടിയാന്മല CU & MSS, പൊട്ടൻപ്ലാവ് CU & MSS, പുലിക്കുരുമ്പ, നെല്ലിക്കുറ്റി, ചെമ്പേരി CU & MSS, ലിസിഗിരി, ചേപ്പറമ്പ്, മണ്ടളം, ചന്ദനക്കാംപാറ, നടുവിൽ, കാഞ്ഞിരക്കൊല്ലി, ആനറ, അറബി, കല്ലുവയൽ, ശാന്തിനഗർ, മുണ്ടാനൂർ, ഉളിക്കൽ, പാടിയോട്ടുചാൽ, കോഴിച്ചാൽ, രാജഗിരി, പുളിങ്ങോം, തിരുമേനി, പച്ചാണി, ബദിയടുക്ക, പേരാവൂർ, വെള്ളരിക്കുണ്ട്, മാനടുക്കം, പുഞ്ച, പനത്തടി എന്നീ യൂണിറ്റുകളുടെയും പനത്തടി, വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ, മേരിഗിരി, ആലക്കോട്, ചെമ്പേരി, പൈസക്കരി, നെല്ലിക്കാംപൊയിൽ, എടൂർ, പേരാവൂർ മേഖലകളുടെയും വാർഷിക പൊതുയോഗങ്ങൾ സംഘടിപ്പിച്ചു.

**മറ്റു പ്രവർത്തനങ്ങൾ**

- ഛത്തീസ്ഗഡിൽ കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് TSSS-ന്റെ എല്ലാ മേഖലകളിലും യൂണിറ്റുകളുടെ നേതൃത്വത്തിൽ പ്രതിഷേധറാലികൾ സംഘടിപ്പിച്ചു.
- കോഴിച്ചാൽ, രയരോം യൂണിറ്റുകളുടെ നേതൃത്വത്തിൽ നിയമാവലി ക്വിസ് സംഘടിപ്പിച്ചു.
- ആനപ്പന്തി, മാട്ടറ, മുണ്ടാനൂർ, തിരുമേനി യൂണിറ്റുകൾ വിയാനിദിനം ആചരിച്ചു.
- കാഞ്ഞിരക്കൊല്ലി, ആനറ, അറബി, കല്ലുവയൽ, ശാന്തിനഗർ, മുണ്ടാനൂർ തുടങ്ങിയ യൂണിറ്റുകളിൽ കർക്കിടകമരുന്ന് തയ്യാറാക്കുകയും വിതരണം നടത്തുകയും ചെയ്തു.
- ലിസിഗിരി, മാട്ടറ യൂണിറ്റുകൾ TSSS-ന്റെ മുൻ ഡയറക്ടർ സേവ്യർ പുത്തൻപുരയിൽ അച്ചന്റെ ഓർമ്മദിനം ആചരിച്ചു.
- കുടിയാന്മല യൂണിറ്റിന്റെ നേതൃത്വത്തിൽ ഫാ. ഷിൻസ് കുടിലിൽ അനുസ്മരണ പ്രസംഗമത്സരം സംഘടിപ്പിച്ചു.
- ചെമ്പന്തൊട്ടി യൂണിറ്റ് മാനുഷികദിനാചരണത്തോടനുബന്ധിച്ച് വിവാഹ ധനസഹായവും വിധവാധനസഹായവും നൽകുകയും, കിറ്റ് ഇന്ത്യാദിന റാലിയിൽ പങ്കെടുക്കുകയും ചെയ്തു.
- ചെമ്പേരി യൂണിറ്റ് അംഗൻവാടി ടീച്ചറിനെ ആദരിക്കുകയും, ഫാദേഴ്സ് ഡേ ആഘോഷിക്കുകയും ചെയ്തു.
- പറമ്പ യൂണിറ്റ് ഓഫീസ് നിർമ്മാണത്തിൽ അംഗങ്ങൾ പങ്കുചേരുകയും, യൂണിറ്റിൽ രണ്ട് SHG-കൾ രൂപീകരിക്കുകയും, അംഗങ്ങൾക്ക് വായ്പ നൽകുകയും ചെയ്തു.
- ലിസിഗിരി യൂണിറ്റ് ചാന്ദ്രദിന ക്വിസ് മത്സരം സംഘടിപ്പിച്ചു.

- എടൂർ യൂണിറ്റ് സാന്ത്വന പരിചരണവിഭാഗത്തിലേക്ക് പാലിയേറ്റീവ് ഉപകരണങ്ങൾ സ്വീകരിക്കുകയും, സൗജന്യ ആട് വിതരണം പദ്ധതിയുടെ ആറാംഘട്ടത്തിന് തുടക്കം കുറിക്കുകയും ചെയ്തു.
- അറബി, ചന്ദനക്കാംപാറ യൂണിറ്റുകളിൽ നേതൃത്വത്തിൽ കശുമാവിൻ തൈവിതരണം സംഘടിപ്പിച്ചു.
- കാഞ്ഞിരക്കൊല്ലി യൂണിറ്റിന്റെ നേതൃത്വത്തിൽ തേക്കിൻ തൈ, ഗ്രാമിയ നോട്ടുബുക്ക് എന്നിവ വിതരണം ചെയ്യുകയും, യൂണിറ്റിൽ SHG ലോൺ ലഭ്യമാക്കുകയും ചെയ്തു.
- മുണ്ടാനൂർ യൂണിറ്റ് കാർഗിൽദിനവും, ഫ്രണ്ട്ഷിപ്പ് ഡേയും ആചരിക്കുകയും, 60 വയസ്സിന് മുകളിൽ പ്രായമുള്ള മാതാപിതാക്കളെ ആദരിക്കുകയും ചെയ്തു. കൂടാതെ യൂണിറ്റിൽ തേക്കിൻ തൈ വിതരണം സംഘടിപ്പി ക്കുകയും ചെയ്തു.
- ഉളിക്കൽ യൂണിറ്റിൽ ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ വിതരണം നടത്തി വരുന്നു.
- അരവഞ്ചാൽ യൂണിറ്റ് മാർ വള്ളോപ്പിള്ളി പിതാവിന്റെ വെങ്കല പ്രതിമ നിർമ്മിക്കുന്നതിനായി ഓട്ടുപാത്രങ്ങൾ ശേഖരിച്ചു.
- കോളയാട് യൂണിറ്റ് വിപുലമായ രീതിയിൽ സൺഡേ സ്റ്റാൾ സംഘടിപ്പിച്ചു.
- നെടുംപുറംചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ മരണാനന്തരഫണ്ട് കൈമാറുകയും, യൂണിറ്റിൽ SHG-കളും JLG-കളും രൂപീകരിക്കുകയും ചെയ്തു.
- മാനടുക്കം യൂണിറ്റിന്റെ നേതൃത്വത്തിൽ ഡോക്ടേഴ്സ് ഡേ ആചരിച്ചു.
- പുഞ്ച യൂണിറ്റ് ആട് വിതരണം നടത്തുകയും, നിർധന കുടുംബത്തിന് വീട് നവീകരിക്കുന്നതിനായി സഹായം നൽകി.
- പനത്തടി യൂണിറ്റിന്റെ നേതൃത്വത്തിൽ ആട് വിതരണം നടത്തുകയും, പാലിയേറ്റീവ് രോഗികൾക്കായുള്ള കട്ടിലുകളുടെയും സ്ട്രെക്ച്ചറുകളുടെയും വിതരണം നടത്തുകയും ചെയ്തു.
- എണ്ണപ്പാറ യൂണിറ്റിന്റെ നേതൃത്വത്തിൽ യോഗക്ലാസ് സംഘടിപ്പിച്ചു.

**ഫാ. ജോർജ് തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ ഫോർ യു

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**കർഷക ദിനാശംസകൾ**

കർഷകർക്ക് വേണ്ടി കർഷകരാൽ സ്ഥാപിതമായ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഭാഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ നന്മ നിറഞ്ഞ കർഷകർക്കും ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഹൃദയം നിറഞ്ഞ കർഷക ദിനാശംസകൾ.

**ഓണാശംസകൾ**

എല്ലാ പ്രിയ ബയോമൗണ്ടൻ കുടുംബാംഗങ്ങൾക്കും സ്നേഹം നിറഞ്ഞ ഓണാശംസകൾ നേരുന്നു. ഈ ഓണം നമുക്ക് ബയോമൗണ്ടൻ രുചികളോടൊപ്പം ആഘോഷകരമാക്കാം.

**SHG ലോൺ വിതരണം ചെയ്തു**

ബയോമൗണ്ടൻ കമ്പനിയും കാനറ ബാങ്കുമായി സഹകരിച്ചുകൊണ്ട് ആയിരത്തോളം കർഷകർക്ക് SHG ലോൺ വിതരണം ചെയ്തു. കണ്ണൂർ, കാസർഗോഡ് ജില്ലയിലെ കർഷകർക്കായി അഞ്ച് ഇടങ്ങളിലായി നടത്തപ്പെട്ട ലോൺ വിതരണം ക്യാമ്പിലൂടെ ഇരുപത് കോടിയോളം രൂപ വിതരണം ചെയ്തു.

**ബയോമൗണ്ടൻ കമ്പനിയിൽനിന്നും കാർഷിക ലോണും മെംബർഷിപ്പും**

തലശ്ശേരി അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനായി നമ്മൾ ആരംഭിച്ച സംരംഭമാണല്ലോ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. നാളിതുവരെ ഉള്ള പ്രവർത്തനങ്ങളിലൂടെ ഏഴായിരത്തോളം അംഗങ്ങളെ കമ്പനിയിൽ ചേർക്കാനും ബയോമൗണ്ടൻ കമ്പനിയെ ഏറ്റവും നല്ല ഫാർമർ പ്രൊഡ്യൂസർ കമ്പനിയായി വളർത്തുവാനും നമുക്ക് സാധിച്ചു. നമ്മുടെ എല്ലാ ഇടവകകളിലും ബയോമൗണ്ടൻ കമ്പനിയുടെ കർഷക ഗ്രൂപ്പുകൾ ഉണ്ടാകേണ്ടത് കർഷകർക്കും കമ്പനിയുടെ വളർച്ച ക്കും ആവശ്യ മാണ്. അതിനായി നിങ്ങളെല്ലാവരുടെയും സഹകരണം അപേക്ഷിക്കുന്നു. സെപ്റ്റംബർ മാസത്തോടുകൂടി നമ്മുടെ എല്ലാ ഇടവകകളിലും കമ്പനിയുടെ ഗ്രൂപ്പുകൾ രൂപീകരിക്കാൻ നമുക്ക് സാധിക്കണം. അതിനുള്ള ഒരു പദ്ധതി കാനറ ബാങ്കുമായി സംസാരിച്ച് നമ്മൾ തയ്യാറാക്കിയിട്ടുണ്ട്.

നമ്മുടെ കർഷകർ എല്ലാരുംതന്നെ വലിയ പലിശക്ക് പണം എടുത്ത് കടത്തിലാകുന്ന സാഹചര്യത്തിൽ, കുറഞ്ഞ പലിശയിൽ ലോൺ എളുപ്പത്തിൽ ലഭിക്കുവാനും തിരച്ചടവുകൾ എളുപ്പത്തിൽ പൂർത്തിയാക്കാനും വലിയ നടപടി ക്രമങ്ങളില്ലാതെ ലഭിക്കുന്നതും ഗ്രൂപ്പ് ലോണുകളാണ്.

ഒരു ലക്ഷം രൂപയുടെയോ രണ്ട് ലക്ഷം രൂപയുടെയോ ലോണുകൾ എടുക്കാൻ കർഷകരെ സഹായിച്ചാൽ നമ്മുടെ ഗ്രാമത്തിൽ സാമ്പത്തിക വളർച്ച കൊണ്ടുവരുവാനും ഒപ്പം കർഷകരെ ശാസ്ത്രീയമായി ലോൺ കൈ കാര്യം ചെയ്യാനും അവരിൽ സാമ്പത്തിക അച്ചടക്കം രൂപീകരിക്കാനും സാധിക്കും. ഈ കാലഘട്ടത്തിൽ കർഷകരെ സാമ്പത്തിക ഭദ്രതയിലേക്ക് കൊണ്ടു വരിക എന്നത് ആവശ്യമാണ്. ലോൺ തിരിച്ചടവുകൾ എല്ലാ ദിവസമോ, ആഴ്ചയിലോ ലഭിക്കുന്ന മുറയ്ക്ക് ഗൂഗിൾ പേയ് വഴി നടത്താനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

പത്ത് പേരടങ്ങുന്ന ഗ്രൂപ്പിന് പ്രസിഡന്റ്, സെക്രട്ടറി എന്ന രീതിയിൽ 2 ലീഡർമാർ ഉണ്ടായിരിക്കും. അവരുടെ നമ്പറിലേക്ക് തുകൾ അടക്കുന്ന ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ ലഭിക്കും. അതിനാൽ ആരെല്ലാം എത്ര രൂപ വെച്ച് അടച്ചു എന്നതിന്റെ കൃത്യവിവരങ്ങൾ അറിയുവാൻ സാധിക്കും.

നിലവിൽ ബാങ്ക് ലോൺ എടുക്കുമ്പോൾ ലോൺ ചാർജും ഡോക്യുമെന്റേഷൻ ചാർജും ബാങ്ക് വ്യക്തികളിൽനിന്നും എടുക്കാറുണ്ട്. എന്നാൽ ഈ ചിലവുകളെല്ലാം കർഷകർക്ക് വേണ്ടി കമ്പനി വഹിക്കുന്നതിനാൽ ഒരു ലക്ഷം രൂപ ലോൺ എടുക്കുന്നവർ ₹2500/ രൂപയുടെയും രണ്ട് ലക്ഷം രൂപ എടുക്കുന്നവർ ₹5000/ രൂപയുടെയും ഷെയറുകൾ എടുക്കേണ്ട ആവശ്യമേ ഉള്ളൂ. ഈ തുക നഷ്ട്ടമാകുന്നില്ല. മറിച്ച് കർഷകന് കമ്പനിയുടെ ഷെയർ ലഭിക്കുകയും കമ്പനിയുടെ ഡിവിഡന്റ് കിട്ടാൻ അർഹനാക്കുകയും ചെയ്യുന്നു. ആയതിനാൽ നിലവിൽ ഗ്രൂപ്പ് ഉള്ളവർക്കോ പുതുതായി ഗ്രൂപ്പ് തുടങ്ങുന്നവർക്കോ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

സാമ്പത്തിക അച്ചടക്കമുള്ള വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പത്ത് പേരടങ്ങുന്ന രണ്ടോ മൂന്നോ ഗ്രൂപ്പുകളാക്കുകയാണെങ്കിൽ നമ്മുടെ എല്ലാ ഇടവകകളിലും ആഗസ്റ്റ് മാസത്തോടെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ബയോമൗണ്ടൻ യൂണിറ്റുകൾ തുടങ്ങാൻ സാധിക്കും. ഗ്രൂപ്പുകൾ രൂപീകരിച്ചാൽ തുടർന്ന് വേണ്ട എല്ലാ ക്രമീകരണങ്ങളും ബഹു. വൈദികർക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ ബയോമൗണ്ടൻ ഓഫീസ് നേരിട്ട് ചെയ്തുകൊള്ളും.

നമ്മുടെ എല്ലാ കർഷകരും ലോണുകൾ എടുക്കുന്നവരാണ്. അതിനാൽ ഈ അവസരം കമ്പനിക്കും ഇടവകക്കും കർഷകർക്കും ഉപകാരപ്രദമാകും. നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാർത്ഥമായ സഹകരണം അപേക്ഷിക്കുന്നു.

**ലോണിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ**

കാർഷിക മേഖലയുടെ വളർച്ചക്കും കർഷകരുടെ ഉന്നമ്മന്നത്തിനും

വേണ്ടി നൽകുന്ന ലോൺ ഷെയർ എടുത്ത് മെമ്പർഷിപ്പ് നേടുന്ന കർഷകർക്ക് 10 പേരടങ്ങുന്ന ഗ്രൂപ്പുകൾ രൂപികരിച്ച് എടുക്കാവുന്നതാണ്.

2 ലോണുകളാണ് ഉള്ളത്

1. ഒരു ലക്ഷം രൂപയുടെയും
2. രണ്ട് ലക്ഷം രൂപയുടെയും

**ഏതെങ്കിലും ഒരു ലോണാണ് ഗ്രൂപ്പിലെ ഒരു വ്യക്തിക്ക് ലഭിക്കുക**

1. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹ 3600/ രൂപ വെച്ച് 32 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
2. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹ 6000/ രൂപ വെച്ച് 39 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
3. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹ 2500/ രൂപയുടെ ഷെയർ എടുക്കണം.
4. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹ 5000/ രൂപയുടെ ഷെയർ എടുക്കണം.
5. കാനറ ബാങ്ക് വഴി കുടുംബശ്രീ ലിംഗേജ് ലോൺ ഉള്ളവർക്ക് ടഒഎ ലോൺ എടുക്കാൻ സാധിക്കുന്നതല്ല.

**ഷെയർ എടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

1. ലോണിന് ആവശ്യമായ ബാങ്ക് ഡോക്യുമെന്റുകളുടെയും, മുദ്ര പേപ്പറിന്റെയും, ഓരോ ഗ്രൂപ്പിനും ബാങ്ക് അക്കൗണ്ട് തുറക്കാനുമുള്ള ചിലവുകളും ബയോ മൗണ്ടൻ കമ്പനി വഹിക്കുന്നതാണ്.
2. വെക്തികൾക്ക് ഷെയർ എടുക്കുന്നത്തിന്റെ ചിലവുകൾ മാത്രമേ വരുന്നുള്ളൂ. മറ്റു ചിലവുകൾ ഉണ്ടാകില്ല.
3. ഷെയർ എടുക്കുന്ന തുക നഷ്ടം ആകുന്നില്ല. കമ്പനിയുടെ ഡിവിഡെന്റ് ലഭിക്കുന്നതാണ്.
4. ലോൺ തിരിച്ചടവ് ഓരോ ഗ്രൂപ്പിനും ബാങ്കിലേക്ക് നേരിട്ട് ഗൂഗിൾ പേയ് വഴി ചെയ്യാൻ ഉള്ള സൗകര്യം ഉണ്ടാവുന്നതാണ്.
5. ലോൺ തിരിച്ചടവ് എളുപ്പത്തിലക്കാൻ

- ഒരു ലക്ഷം രുപ എടുക്കുന്നവർക്ക് പ്രതിദിനം 120 രൂപയും.
- രണ്ട് ലക്ഷം രുപ എടുക്കുന്നവർക്ക് പ്രതിദിനം 200 രൂപയും വെച്ച് ഗൂഗിൾ പേയ് വഴി അതാത് ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് അടക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**കർഷകർക്കായി ഏകദിന ഡ്രോൺ വർക്ക്ഷോപ്പ്**

അസാപ് കേരളയും AUAS Pvt. Ltd. ഉം സംയുക്തമായി സഹകരിച്ചു കൊണ്ട് നടത്തിയ ഏകദിന ഡ്രോൺ വർക്ക്ഷോപ്പിൽ ബയോമൗണ്ടൻ

ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി അംഗങ്ങളായ കർഷകർ പങ്കെടുത്തു. 2025 ആഗസ്റ്റ് 24 കാസർഗോഡ് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ വെച്ച് നടന്ന ക്ലാസ്സിൽ സ്മോൾ കാറ്റഗറി ഡ്രോണുകളെ (25 കിലോഗ്രാം വരെ ഭാരമുള്ള) കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ഡ്രോണിന്റെ ഘടക ങ്ങളും ഉപയോഗങ്ങളും ലൈവ് ഡെമോ ഡ്രോൺ നിയമങ്ങൾ, സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ കരിയർ അവസരങ്ങളും കാർഷിക മേഖലയിലും ഒപ്പം മറ്റ് ബിസിനസ് സാധ്യതകളും എന്നിങ്ങനെ അടിസ്ഥാനപരമായ അറിവു കളും നൽകുകയുണ്ടായി.

**കാർഷിക സെമിനാർ**

കർഷക ദിനാചരണത്തിന്റെ ഭാഗമായി ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ തൃശൂർ കാർഷിക യൂണിവേഴ് സിറ്റിയുമായി സഹകരിച്ചുകൊണ്ട് ഏകദിന സെമിനാർ നടത്തി. ചെമ്പേരി യിൽവെച്ച് നടത്തപ്പെട്ട സെമിനാറിൽ ആധുനിക കൃഷി രീതികളെക്കുറിച്ചും വളപ്രയോഗങ്ങളേക്കുറിച്ചുമുള്ള ക്ലാസുകൾക്ക് കേരള കാർഷിക യൂണി വേഴ്സിറ്റിയിൽനിന്നും എത്തിയ വിദ്യാർത്ഥികൾ നേതൃത്വം നൽകി.

**ത്രീ ദിന പഠന ക്യാമ്പ്**

ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി സന്ദർശിക്കാനും ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങലും പ്രവർത്തന മേഖലകളും മനസ്സിലാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല യിൽനിന്നും വിദ്യാർത്ഥികൾ എത്തി. മൂന്ന് ദിവസം നീണ്ട് നിന്ന പഠന ക്യാമ്പിൽ കർഷരെയും അവരുടെ വിളകളെക്കുറിച്ചും കൃഷി രീതികളേക്കുറിച്ചും പ്രത്യേകം പഠനവും നടന്നു.

**വ്യവസായ മന്ത്രിയുമായി കൂടിക്കാഴ്ച്ച**

ഹരിത വ്യവസായ പാർക്കിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പുതുതായി ആരംഭിക്കാൻ പോകുന്ന പുട്ട് പൊടി യൂണിറ്റിന്റെയും മറ്റ് സംരംഭ ങ്ങളുടെയും സാധ്യതകൾ ചർച്ച ചെയ്യുന്നതിനുമായി വ്യവസായ മന്ത്രി പി. രാജീവ് വിളിച്ചു ചേർത്ത യോഗത്തിൽ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്റ്റർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു.

**പുട്ടുപൊടി യൂണിറ്റ്**

കമ്പനിയുടെസംരംഭമായ പുട്ടുപൊടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സെപ്റ്റംബർ അവസാനത്തോടുകൂടി പുട്ടുപൊടി യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊഡക്ഷൻ തുടങ്ങാൻ സാധിക്കുന്നതാണ്.

**ബയോമൗണ്ടൻ സ്റ്റാളുകൾ ആരംഭിച്ചു :** ഉത്പ്പന്നങ്ങൾ കൂടുതൽ ആളുകളി ലേക്ക എത്തിക്കുന്നതിന്റെ ഭാഗമായി കോലുവള്ളി, പയ്യന്നൂർ എന്നീ ഇടവകകളിൽ സ്റ്റാൾ രൂപീകരിച്ചു.

**ഇടവകകളിലെ ഷെയർ :** പേരാവൂർ, അരിവിളഞ്ഞപോയിൽ എന്നി ഇടവകകൾ ബയോമണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. ബഹു. വികാരി അച്ചന്മാർക്കും ഇടവക അംഗങ്ങൾക്കും നന്ദി.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോമാണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻമാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്ന തായിരിക്കും. ഫോൺ: 9656054322. Mail.id: tsssbiomountain @ gmail.com

സെപ്റ്റംബർ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് മുണ്ടപ്ലാക്കൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

# ഇൻഫാം

**ചിങ്ങപ്പുലരിയിൽ കർഷക സംഗമമൊരുക്കി ഇൻഫാം**

കർഷക ദിനത്തോടനുബന്ധിച്ച് സ്നേഹാദരവും കർഷക സംഗമവുമൊരുക്കി ഇൻഫാം തലശ്ശേരി കാർഷിക ജില്ല. ഉമ്മറപൊയിൽ സെന്റ് ജൂഡ് ചർച്ച് പാരിഷ് ഹാളിൽ വച്ച് ഇൻഫാമിന്റെയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും നേതൃത്വത്തിൽ ലയൺസ് ക്ലബ് ഓഫ് കൊച്ചി വെർച്വലിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടറും ഇൻഫാം തലശ്ശേരി കാർഷിക ജില്ല ഡയറക്ടറുമായ ഫാ. സ്കറിയ വരമ്പകത്ത് അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ചു. ലയൺസ് ക്ലബ് ജി.എ.ടി.ടി. ഏരിയ ലീഡർ ലയൺ എ.വി. വാമനകുമാർ മുഖ്യാതിഥിയായിരുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മികച്ച കർഷകരെയും, മികച്ച കർഷകർക്കുള്ള 50,000/- രൂപ സ്പോൺസർ ചെയ്ത ലയൺ സുധാകര നെയും ചടങ്ങിൽ അഭിനന്ദിക്കുകയും ആദരിക്കുകയും ചെയ്തു.

**മികച്ച കർഷകരെ ആദരിച്ചു**

ചിങ്ങം 01 - കർഷകദിനത്തിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത മികച്ച സമഗ്ര കർഷകരെ ആദരിച്ചു. ആന്റണി തോമസ് നിരപ്പേൽ, കാർത്തികപുരം (ഒന്നാം സ്ഥാനം), സുനി ജോൺ മൈലാടൂർ, പുളിങ്ങോം (രണ്ടാം സ്ഥാനം), ലിസി ഷാജി മറോക്കി, മണിക്കടവ് (മൂന്നാം സ്ഥാനം) എന്നിവർ സമ്മാനങ്ങൾ കരസ്ഥമാക്കി. ഒന്നാം സമ്മാനമായി 25000/- രൂപയും, രണ്ടാം സമ്മാനമായി 15000/- രൂപയും, മൂന്നാം സമ്മാനമായി 10000/- രൂപയുമാണ് തെരഞ്ഞെടു ക്കപ്പെട്ട കർഷകർക്ക് നൽകിയത്. സമ്മാനാർഹർക്ക് ഇൻഫാമിന്റെ അഭിനന്ദനങ്ങൾ.

**ശ്രീ. സ്കറിയ നെല്ലംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 സെപ്റ്റംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

ഓഗസ്റ്റ് - 31–04 : ആന്തരിക സൗഖ്യ ധ്യാനം
06 : ഏകദിന കൺവെൻഷൻ
09–12 : കന്നഡ ധ്യാനം
13 : ഏകദിന കൺവെൻഷൻ
: നിത്യാരാധന 1000–ാം ദിവസത്തിന്റെ ആഘോഷം
14–19 : വൈദികർക്കുവേണ്ടിയുള്ള ധ്യാനം
20 : ഏകദിന കൺവെൻഷൻ
21–26 : വൈദികർക്കുവേണ്ടിയുള്ള ധ്യാനം
27 : ഏകദിന കൺവെൻഷൻ
30–ഒക്ടോബർ 04 : ആന്തരിക സൗഖ്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

ഓഗസ്റ്റ് 30–02 : വചനാഭിഷേക ധ്യാനം
06 : ഏകദിന ധ്യാനം
06–09 : ആന്തരിക സൗഖ്യ ധ്യാനം
19 : പ്രേഷിതക്കൂട്ടായ്മ
20, 27 : ഏകദിന ധ്യാനം
20–23 : ആന്തരിക സൗഖ്യ ധ്യാനം
26 : ജാഗരണ പ്രാർത്ഥന

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

ഓഗസ്റ്റ് - 31–05 : കെരിഗ്മ പ്രേഷിത ധ്യാനം
06 : ഏകദിന ധ്യാനം (9 am – 2 pm)
07–09 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
12 : ജാഗരണ പ്രാർത്ഥന (06 pm – 09 pm)
20 : മദ്ധ്യസ്ഥ പ്രാർത്ഥന (02 pm – 04 pm)

**4. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി**

06 : ഏകദിന ശുശ്രൂഷ (9 am – 1 pm)
07–11 : മരിയൻ ആന്തരിക സൗഖ്യ ധ്യാനം
12 : ജാഗരണ പ്രാർത്ഥന (06 pm – 10:30 pm)
21–25 : ആന്തരിക സൗഖ്യ ധ്യാനം
26–30 : അഖണ്ഡ ദിവ്യകാരുണ്യ ആരാധന

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂലൈ 2025

21 രാവിലെ കുന്നോത്ത് മേജർ സെമിനാരിയിലെ ഡീക്കന്മാർക്കുവേണ്ടി ക്ലാസ്സ് നയിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

22 തലശ്ശേരിയിൽവച്ച് ചേർന്ന മേജർ സൂപ്പീരിയേഴ്സിന്റെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

23 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

24 കുന്നോത്ത് മേജർ സെമിനാരിയിൽവച്ച് ചേർന്ന CBCI Colloquium - ത്തിന് സമാപനസന്ദേശം നൽകി. വൈകുന്നേരം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു.

25 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു.

26 പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

27 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

28 വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് കോളയാട് ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം ചേർന്ന ഹാപ്പിവില്ലേജ് പ്രൊജക്ട് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

29 അതിരൂപതാ ആലോചനാ സമിതി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം വിദേശത്ത് സേവനം ചെയ്യുന്ന വൈദികർക്കായി നടത്തിയ ഓൺലൈൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

30 ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കാ ദൈവാലയത്തിൽവച്ച് മിഷനറി സൊസൈറ്റി ഫോർ ദ മാർജിനലൈസ്ഡ് എന്നപേരിലുള്ള അപ്പസ്തോലിക ജീവിത സമൂഹത്തിനെ കാനോനിക പദവിയിലേക്കുയർത്തിയ ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം വായാട്ടുപറമ്പ് ഫൊറോനയുടെ നേതൃത്വത്തിൽ കരുവഞ്ചാലിൽവച്ച് സംഘടിപ്പിച്ച ചത്തീസ്ഗഡ് വിഷയത്തിലെ പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ

വച്ച് ഡയാലിസ് യൂണിറ്റിന്റെ മൂന്നാംവാർഷികത്തോടനുബന്ധിച്ച് ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ നൽകിയ ഡയാലിസിസ് യൂണിറ്റുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

31 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

## ഓഗസ്റ്റ് 2025

01 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം ബയോമൗണ്ടൻ കമ്പനിയുടെ മാനേജിംഗ് കമ്മറ്റി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം കണ്ണൂരിൽവച്ച് സംഘടിപ്പിച്ച ഛത്തീസ്ഗഢ് വിഷയത്തിലെ പ്രതിഷേധ റാലിയും ധർണ്ണയും ഉദ്ഘാടനം ചെയ്തു.

02 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ബ്രദർ ജോജി പ്ലാപ്പറമ്പിലിന് സബ്ഡീക്കൻ പട്ടം നൽകി. സാങ്താ മാതാ നഴ്സിംഗ് കോളേജ് മാനേജിംഗ് കമ്മറ്റി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് പയ്യാവൂരിൽ വച്ച് സംഘടിപ്പിച്ച കുടിയേറ്റ ചരിത്ര സെമിനാറിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം തളിപ്പറമ്പിൽവച്ച് ഹൃദയാരാം കൗൺസിലിംഗ് സെന്ററിന്റെ രജത ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം കരുവഞ്ചാൽ ഇടവകയിൽ നിര്യാതയായ ശ്രീമതി ലീലാമ്മ എടമറ്റത്തിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. രാത്രി 9 മണിയോടെ ഓൺലൈനായി ചേർന്ന ലിറ്റർജി കമ്മീഷന്റെയും ഡോക്ട്രൈനൽ കമ്മീഷന്റെയും മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

03 പെരുമ്പടവ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം ഓൺലൈനായി ചേർന്ന തിയോളജി ഫോറം മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

04 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം ചേർന്ന ഹാപ്പിവില്ലേജ് പ്രൊജക്ട് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

05-09 കെ.സി.ബി.സി മീറ്റിംഗിൽ പങ്കെടുത്തു.

10 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

11 രാവിലെ എണ്ണപ്പാറ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് ഉണ്ണാണ്ടൻപറമ്പിലിന്റെയും മാത്യു പാലനിൽക്കുംതൊട്ടിയിലിന്റെയും പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം ശാലോം ടിവിയുടെ ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

12 കുന്നോത്ത് മേജർ സെമിനാരിയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പണത്തിലും പൊതുസമ്മേളനത്തിലും പങ്കുചേർന്നു. രാത്രി 9 മണിയോടെ ഓൺലൈനായി ചേർന്ന ലിറ്റർജി കമ്മീഷന്റെയും ഡോക്ട്രൈനൽ കമ്മീഷന്റെയും സംയുക്ത മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

13 ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിന്റെ 2025 ലെ ബിരുദദാന ചടങ്ങിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഫിനാൻസ് കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ആനപ്പന്തി ഇടവകയിൽ നിര്യാതയായ ശ്രീമതി സിസിലി വാഴകാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

14 ഫാ. ഷിൻസ് കുടിലിലിന്റെ മരണവാർഷികത്തോടനുബന്ധിച്ച് എടൂർ ഫൊറോനാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം ശാലോം ടിവിയുടെ ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

15 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും മൈനർ സെമിനാരിയങ്കണത്തിൽവച്ച് ദേശീയ പതാക ഉയർത്തുകയും ചെയ്തു. വൈകുന്നേരം ആനമഞ്ഞൾ ദൈവലയത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

16 തളിപ്പറമ്പിൽവച്ച് ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന ഡോക്ട്രൈനൽ കമ്മീഷന്റെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

17 രാവിലെ പൈസക്കരി ഫൊറോനാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് പൈസക്കരിയിൽ നിര്യാതനായ ശ്രീ. ദേവസ്യാ തോണക്കരയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

18–20 സീറോമലബാർ സഭാസിനഡിൽ പങ്കെടുത്തു.

**SEPTEMBER 2025**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 08:30 am | - | GSMS Kunnoth |
| | 02:30 pm | - | Chemperi: TSSS Annual Day |
| 02 | | - | Kunnoth: GSMS Commission |
| 03-04 | | - | Thamarassery: NKCBC |
| 05 | | - | Engaged |
| 06 | 09:00 am | - | Thomapuram |
| | 11-02 pm | - | Padannakkad: Visitors Day |
| 07 | | - | KCYM year inauguration |
| 08 | | - | Ernakulam |
| 09 | 10:00 am | - | Forane Vicars Meeting |
| 10 | 02:00 pm | - | Kallar: MSJ Convent Blessing |
| 11 | 09-12 pm | - | Thalassery: Visitors Day |
| 12 | 08:30 am | - | GSMS Kunnoth |
| 13 | 09:00 am | - | Pariyaram |
| | 04:00 pm | - | Chemperi |
| 14 | | - | Nattackal: Pastoral Visit |
| 14-19 | | - | Annual Retreat – Batch I |
| 20 | 10:30 am | - | Gundelpett: Nursing College Blessing |
| 21-26 | | - | Annual Retreat – Batch II |
| 28 | | - | Mysore |
| 29-30 | | - | Ernakulam |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ആഗസ്റ്റ് 2025**

02 വൈകുന്നേരം വരക്കാട് ഇടവക അടുക്കുഴി റോബിഷ്-റൂബി ദമ്പതികളുടെ മകൻ നിസിൻ റോബീഷിന്റെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

03 വൈകുന്നേരം തലശ്ശേരി മൈനർ സെമിനാരിയിൽ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

04 രാവിലെ തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

05 വൈകുന്നേരം കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ കെസിബിസിയുടെ നേതൃത്വത്തിൽ നടന്ന പിതാക്കന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

09 രാവിലെ ഇരിട്ടി പള്ളിയിൽ വെച്ച് എടക്കാനം ഇടവക കാരക്കാട് ജോർജ് ലീലാമ്മ ദമ്പതികളുടെ സുവർണ്ണ ജൂബിലിക്ക് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

10 വൈകുന്നേരം ചെറുപുഴ ഇടവകയിലെ ബഹു. മാത്യു ആശാരിപ്പറമ്പിൽ അച്ചന്റെ നിര്യാതനായ സഹോദരൻ റെജി ആശാരിപ്പറമ്പിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു.

11 വൈകുന്നേരം ഇരിട്ടി അമല ഹോസ്പിറ്റലിൽ വൈഎംസിഎയുടെ നേതൃത്വത്തിൽ നടന്ന ഡയാലിസിസ് സഹായക പ്രോജക്റ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു.

12 ഉച്ചകഴിഞ്ഞ് കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയുടെ രജത ജൂബിലി സമാപനത്തിന്റെ വി. കുർബാനയിലും മീറ്റിങ്ങിലും പങ്കെടുത്തു.

13 രാവിലെ ആനപ്പന്തി ഇടവകയിലെ ബഹു. ജെയ്സൺ വാഴകാട്ടിൽ അച്ചന്റെ നിര്യാതയായ അമ്മ സിസിലിക്കുവേണ്ടി ഭവനത്തിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
വൈകുന്നേരം ആനപ്പന്തി ഇടവകയിൽ വെച്ച് നടന്ന കുന്നോത്ത് ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

15 രാവിലെ കുന്നോത്ത് നസ്രത്ത് കോൺവെന്റിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടും - ഭാരത സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു വചന സന്ദേശം നൽകി.

17 രാവിലെ ചുള്ളി ഇടവകയുടെ സുവർണ്ണ ജൂബിലിയുടെ ആരംഭമായി കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ജൂബിലി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

18 18 തീയതി മുതൽ 29 തീയതി വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് വച്ച് നടക്കുന്ന സിനഡിൽ പങ്കെടുത്തു.

25 രാവിലെ ചേർപ്പുങ്കൽ ഇടവകയിൽ വച്ച് ചെല്ലംകോട്ട് ആൽബിന്റെയും ഞറളക്കാട്ട് മരിയാ ടോമിന്റെയും വിവാഹം ആശീർവദിച്ചു.

28 ഉച്ചകഴിഞ്ഞ് കലയന്താനി ഇടവകയിൽ വച്ച് കുഴിവേലിൽ ജിജോയുടെയും ഞറളക്കാട്ട് ജോവിതയുടെയും വിവാഹ നിശ്ചയത്തിന് മുഖ്യകാർമികത്വം വഹിച്ചു.

30 വൈകുന്നേരം നടവയൽ ഇടവകയിൽ വച്ച് പുത്തൻപുരയ്ക്കൽ ആഷിക്-എയ്ലിൻ എലിസബത്ത് മാത്യു എന്നിവരുടെ വിവാഹം ആശീർവദിച്ചു.

31 വൈകുന്നേരം അരീക്കമല ഇടവകയിലെ പേഴും കാട്ടിൽ ബിജേഷ് - ബിന്ദു ദമ്പതികളുടെ മകൾ ആനി ബിജേഷിന്റെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് കാർമികത്വം വഹിച്ചു.

---

**SEPTEMBER 2025**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 10:30 am | - | 41st day of demise of Fr. Thomas Mannoor, Vellad |
| 02 | 07:00 am | - | Holy Mass for Jesus Youth, Podikalam CST school |
| 03 | 10:00 am | - | Marriage, Kadumeni |
| | 06:00 pm | - | **03 to 04 August,** Syro Malabar Bishops Conference, Thamarassery |
| 05 | 06:30 pm | - | Holy Mass at Ns, Kunnoth |
| 07 | 08:30 am | - | Festal Mass, Egipura, Banglore |
| 08 | 08:00 am | - | Appointment at St. John's, Banglore |
| 09 | 10:30 am | - | Betrothel, Konnakkad |
| 11 | 09:00 am | - | Silver Jubilee of NS sister's, Kunnoth |
| 13 | 10:30 am | - | Marriage, Alakode |
| 15 | 10:30 am | - | Jubilee, Palaparamba |
| 20 | 11:00 am | - | Festal Mass at Marillac Convent, Madathil |
| 21 | 06:00 pm | - | 21 - 26 August, Annual Retreat, Pariyaram |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**ജൂലൈ 2025**

20 ഉച്ചയ്ക്ക് പരിയാരത്ത് വച്ച് ഫാ. രാജേഷ് മേച്ചിറാകത്തിന്റെ അമ്മ ത്രേസ്യാമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. വൈകിട്ട് പരിയാരം എം.എസ്.എം.ഐ. സാൻജോസ് ഫോർമേഷൻ ഹൗസ് സന്ദർശിച്ചു.

21 ഉച്ചയ്ക്ക് വെള്ളാട് വെച്ച് ഫാ. തോമസ് മണ്ണൂരിന്റെ മൃതസംസസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

22 രാവിലെ കിളിയന്തറയിൽ വച്ച് ഫാ. സ്കറിയ കല്ലൂരിന്റെ പിതാവ് തോമസ് കല്ലൂരിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

27 വൈകിട്ട് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് സെന്റ് അൽഫോൻസാ തിരുനാളിനോട് അനുബന്ധിച്ചുള്ള ആഘോഷകരമായ വി. കുർബാന യിൽ മുഖ്യകാർമികത്വം വഹിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

31 രാവിലെ പാല പള്ളിക്കുന്ന് സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു.

**ആഗസ്റ്റ് 2025**

01 രാവിലെ വടവാതൂർ സെന്റ് അപ്പസ്തോലിക് സെമിനാരിയിൽ ആഘോ ഷകരമായ വിശുദ്ധ കുർബാനയിൽ മുഖ്യകാർമികത്വം വഹിച്ചു.

02 രാവിലെ പാലാ ബിഷപ്പ് ഹൗസിൽ വച്ച് മാർ സ്രാമ്പിക്കൽ പിതാവിനോ ടൊപ്പം വി. കുർബാന അർപ്പിച്ചു.

03 എറണാകുളം സെന്റ് തോമസ് മൗണ്ടിൽ വച്ച് വി. കുർബാന അർപ്പിച്ചു.

12 ഉച്ചയ്ക്ക് കുന്നോത്ത് മേജർ സെമിനാരിയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

18 സീറോ മലബാർസിനഡിൽ സംബന്ധിക്കാൻ പോയി.

---

**SEPTEMBER 2025**

## ENGAGEMENTS

ARCHBISHOP EMERITUS GEORGE VALIAMATTAM

**August 31** - St. Augustine Feast at Nellikutty

**Sept. 03** - NKCBC at Thamarassery

**Secretary to the Archbishop Emeritus**



തലശ്ശേരി അതിരൂപത 19 മത് പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാമത് യോഗം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നു.
2025 ആഗസ്റ്റ് 16 : തളിപ്പറമ്പ്




RNI Reg. No. 5910 Date of Publication: 28/08/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 08 ലക്കം : 09 വില : ₹10

സെപ്റ്റംബർ 05 വി. മദർ തെരേസ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.